Uncorrected/Not for publication
29-09-2025

**നിയമനിർമ്മാണകാര്യം (ശ്രീ. ഡി. കെ. മുരളി തുടർച്ച)**

ശ്രീ. ഡി. കെ. മുരളി: സർ, ഇവിടെ അവതരിപ്പിച്ച പഞ്ചായത്ത് രാജ് മുൻസിപ്പാലിറ്റി ആക്റ്റിന്റെ ഭേദഗതിയെ സംബന്ധിച്ച് സംസാരിച്ച കൂട്ടത്തിൽ കേരളത്തിന്റെ തദ്ദേശസ്വയംഭരണ രംഗത്തിന്റെ മാറ്റങ്ങളെ സംബന്ധിച്ചാണ് സൂചിപ്പിച്ചത്. കേരളത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ അതെല്ലാം നമുക്ക് കാണാനാകുന്നതാണ്. കേരളം ഒരു പുരോഗമന സമൂഹമായി വളർന്നതിനും ഇന്ത്യയിൽ മാതൃകാ സംസ്ഥാനമായി ഉയർന്നതിനും അടിത്തറ പാകിയത് കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങളും നവോത്ഥാന പ്രവർത്തനങ്ങളുമാണ്. അത് തുടർന്നുകൊണ്ടുപോകാൻ കഴിഞ്ഞത് കേരളത്തിൽ ആദ്യമായി നിലവിൽ വന്ന ഇ.എം.എസ്. ഗവൺമെന്റിനും തുടർന്നുവന്ന എൽ.ഡി.എഫ്. ഗവൺമെന്റുകൾക്കുമാണെന്ന് അഭിമാനത്തോടുകൂടി ഞങ്ങൾക്ക് പറയാനാകും. ഇന്നിപ്പോൾ കേരളത്തിൽ തദ്ദേശസ്വയംഭരണ രംഗത്ത് നമുക്ക് കാണാവുന്ന നേട്ടങ്ങൾ അത്ഭുതപൂർവമാണെന്ന് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. യഥാർത്ഥത്തിൽ ത്രിതല പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പ്രവർത്തന ഫലമായിട്ടാണ് സ്ത്രീ ശക്തീകരണത്തിൽ നമുക്ക് മുന്നേറാനായിട്ടുള്ളത്. ജനസംഖ്യയിൽ ഏകദേശം അൻപത്തിരണ്ട് ശതമാനവും സ്ത്രീകളാണ്. 2010-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അൻപത് ശതമാനം വനിതാ സംവരണം നടപ്പാക്കിയ ഇന്ത്യയിലെതന്നെ ചുരുക്കം ചില സംസ്ഥാനങ്ങളിലൊന്നാണ് കേരളം. അതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷസ്ഥാനത്തേക്ക് അൻപത് ശതമാനം വനിതാ സംവരണം ഏർപ്പെടുത്തിയ ഏകസംസ്ഥാനവും കേരളമാണ്. ഇതെല്ലാം ഇടതുപക്ഷ

ജനാധിപത്യമുന്നണിയുടെ കാഴ്ചപ്പാടും നിശ്ചയദാർഢ്യവുംകൊണ്ട് സംഭവിച്ചതാണെന്ന് കാണാനാകണം. 1998-ൽ ഇ. കെ. നായനാർ സർക്കാരിന്റെ ഭരണകാലത്താണ് കുടുംബശ്രീ പ്രസ്ഥാനം ആരംഭിച്ചത്. സ്ത്രീ ശക്തീകരണ രംഗത്ത് ലോക മാതൃകയായി മാറിയ കുടുംബശ്രീയുടെ സംഭാവനകൾ വളരെ വലുതാണ്. മൂന്ന് ലക്ഷത്തോളം അയൽക്കൂട്ടങ്ങളും നാൽപത്തിയെട്ട് ലക്ഷം അംഗങ്ങളുമായി ലോകത്തെ ഏറ്റവും വലിയ സ്ത്രീ ശക്തീകരണ പ്രസ്ഥാനമായി കുടുംബശ്രീ വളർന്ന് പന്തലിച്ചുനിൽക്കുകയാണ്. ഇത്തരത്തിലൊരു പ്രസ്ഥാനം മറ്റെങ്ങുമില്ല. കുടുംബശ്രീയെ തകർക്കാനുള്ള പരിശ്രമങ്ങൾ കേരളത്തിൽ നടന്നിട്ടുണ്ടെന്നുള്ളത് നമുക്ക് മറക്കാൻ സാധിക്കുമോ? ജനശ്രീ എന്ന ഒരു ബദൽ സംവിധാനം കൊണ്ടുവന്ന് കുടുംബശ്രീയെ തകർക്കാൻ നോക്കിയെങ്കിലും കേരളീയ സമൂഹം പ്രത്യേകിച്ച് സ്ത്രീ സമൂഹം അതിനെ തള്ളിക്കളഞ്ഞു. അവരിൽ ബഹുഭൂരിപക്ഷവും കുടുംബശ്രീയുടെ പിന്നിൽ അണിനിരക്കാൻ തയ്യാറായതുകൊണ്ടാണ് ഇന്ന് ഇത്രയധികം വളർച്ചയുണ്ടായതെന്ന് നമുക്ക് കാണാനാകും.

ഗവൺമെന്റിന്റെ നേതൃത്വത്തിൽ ഓരോ ഗ്രാമപഞ്ചായത്തടിസ്ഥാനത്തിലും വനിതാ ജങ്ഷനുകൾ സംഘടിപ്പിച്ചപ്പോഴുണ്ടായ ആൾക്കൂട്ടം നമ്മൾ കണ്ടതല്ലേ? വീട്ടമ്മമാർ, ഉദ്യോഗസ്ഥർ, വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ, അവരുടെയെല്ലാം പ്രതിഭകളെ മാറ്റുരയ്ക്കാനുള്ള വേദിയായി രാപ്പകൽ കൂടിയിരുന്ന് ആഘോഷമാക്കി മാറ്റിയ വനിതാ ജങ്ഷൻ എന്നൊരു കൂട്ടായ്മ കേരളത്തിൽ നടക്കുകയാണ്. ഒരുപക്ഷേ ഇത്തരത്തിലൊരു കൂട്ടായ്മ മറ്റൊരു സംസ്ഥാനത്തും കാണാൻ കഴിയാത്തതുകൊണ്ടാണ് ഈ രംഗത്തും കേരളം മാതൃകയാകുന്നത്. ഇത്തരത്തിൽ സംഭവിക്കുന്നത് ഈ ഗവൺമെന്റിന്റെ വ്യക്തമായ കാഴ്ചപ്പാടുകൊണ്ടാണെന്ന്

Uncorrected/Not for publication
29-09-2025

ആരും സമ്മതിക്കുന്ന കാര്യമാണ്. രാജ്യത്ത് ആദ്യമായി സ്ത്രീകൾക്ക് ജെൻഡർ ബജറ്റിങിന് തുടക്കംകുറിച്ചത് 1997-ൽ കേരളത്തിന്റെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തെ പഞ്ചായത്തിലും സ്ത്രീകൾക്കായി പ്രത്യേക വനിതാ ഘടക പദ്ധതി നടപ്പാക്കുന്നില്ല, അത് കേരളത്തിൽ മാത്രമേയുള്ളൂ. കേരളത്തിൽ 2017-18 മുതൽ എല്ലാ വർഷവും സംസ്ഥാന ബജറ്റിനൊപ്പം വാർഷിക ജെൻഡർ ബജറ്റും അവതരിപ്പിച്ചുവരികയാണ്. പ്രാദേശിക ഭരണകൂടങ്ങൾവഴി നടപ്പാക്കുന്ന അതിദാരിദ്ര്യ നിർമ്മാർജനം ഏറ്റവും പ്രധാനപ്പെട്ട ലോകമാതൃകയാണ്. ഇക്കാര്യം വേറെ എവിടെയുണ്ട്? Poverty Index-നെക്കുറിച്ച് പറയുമ്പോൾ, പട്ടിണി സൂചികയിൽ ഇന്ത്യയുടെ സ്ഥാനം എത്രയാണ്? ഇന്ത്യയെ പട്ടിണി രാജ്യമായി ലോകം വിലയിരുത്തുമ്പോഴും കൊച്ചുസംസ്ഥാനമായ കേരളം അതിദാരിദ്ര്യമില്ലാത്ത/ദരിദ്രരില്ലാത്ത സംസ്ഥാനമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. നീതി ആയോഗിന്റെ 2021-ലെ പ്രഥമ ബഹുമുഖ ദാരിദ്ര്യ സൂചികപ്രകാരം ഏറ്റവും കുറവ് ദരിദ്രരുള്ള സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. ഇതൊന്നും വീമ്പിളക്കുന്നതല്ല, ഇവയെല്ലാം ആധികാരികമായ രേഖയാണ്, നമ്മുടെ മുമ്പിലുള്ള അനുഭവങ്ങളാണ്. ഇത്തരത്തിലുള്ള നേട്ടം കൈവരിക്കാൻ കേരളത്തിലെ തദ്ദേശ ഭരണകൂടങ്ങളുടെ നേതൃത്വത്തിനായിട്ടുണ്ട് എന്നത് എല്ലാവർക്കും അഭിമാനം പകരുന്ന വസ്തുതയാണ്. അതിദാരിദ്ര്യ പട്ടികയിൽനിന്നും 64006 കുടുംബങ്ങളെ മോചിപ്പിക്കാനുള്ള പരിശ്രമമാണ് നടത്തിയത്. ഒക്ടോബർ 31 ആകുമ്പോഴേക്കും കേരളത്തെ പൂർണ്ണമായും ദരിദ്രരില്ലാത്ത ഒരു സംസ്ഥാനമായി പ്രഖ്യാപിക്കാൻ കഴിയും. ഇന്ന് ലോകം പരക്കെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് പരിസ്ഥിതി രാഷ്ട്രീയം. കേരളത്തിലാണ് പ്രാദേശിക

ഭരണകൂടങ്ങളായ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ശുചിത്വ കേരളം എന്ന പദ്ധതി വിജയകരമായി നടത്തി മുന്നോട്ടുപോകുന്നത്. കേരളത്തിൽ ഇന്ന് ഹരിതകർമ്മസേന എന്ന ആശയം രൂപപ്പെടുത്തി ഒരു പുതിയ സേനയെ വളർത്തിക്കൊണ്ടുവരികയാണ്. നമ്മുടെ വീടുകളിൽ ഹരിതകർമ്മസേനയുടെ പച്ച ഷർട്ട് ധരിച്ച വോളന്റിയർമാർ വരികയും മാലിന്യങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. മാലിന്യമുക്ത കേരളം സൃഷ്ടിക്കാൻ ഈ ഗവൺമെന്റ് പദ്ധതിയിട്ടപ്പോൾ അതിന് നേതൃത്വം കൊടുക്കാൻ ഗ്രാമപഞ്ചായത്തുകൾ തയ്യാറായതിന്റെ ഫലമായി ഇന്ന് കേരളത്തിന് പുതിയൊരു സന്നദ്ധസേന സ്വന്തമാണ്. ഇത്തരത്തിലാണ് കേരളത്തിൽ പ്രാദേശിക ഭരണത്തെ/അധികാര വികേന്ദ്രീകരണത്തെ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകുന്നതെന്ന് നമുക്ക് കാണാനാകണം. പരിസ്ഥിതി രാഷ്ട്രീയം ഉയർത്തിക്കൊണ്ട് ജലസംരക്ഷണം പോലെയുള്ള ഒട്ടേറെ കാര്യങ്ങൾക്ക് ഇന്ന് പഞ്ചായത്തുകൾ മാതൃകയാകുകയാണ്. ദേശീയ അവാർഡുകൾ പ്രഖ്യാപിക്കുമ്പോൾ ഇന്ന് കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് അവ കൂടുതലും കരസ്ഥമാക്കാൻ സാധിക്കുന്നുണ്ട്. കേരളത്തിലെ പ്രാദേശിക ഭരണകൂട സംവിധാനത്തിന് നിരവധി മേഖലയിൽ അവാർഡുകൾ ലഭിക്കുന്നതിലൂടെ പ്രാദേശിക ഭരണകൂടങ്ങളുടെ മികവ്, ആകർഷകമായ പദ്ധതികൾ നടത്താനുള്ള അവരുടെ ആർജവം/ഭാവന ഇവയൊക്കെ തെളിയിക്കുന്നതാണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ചില ഗ്രാമപഞ്ചായത്തുകൾ സംസ്ഥാനത്തിനും ഇന്ത്യയ്ക്കും മാതൃകയാണ്. ഇപ്പോൾ ഡിജിറ്റൽ യുഗമാണ്, ഡിജിറ്റൽ സാക്ഷരത വർധിച്ചുകൊണ്ടിരിക്കുകയാണ്. പല ആവശ്യങ്ങൾക്കും ഓഫീസുകളിൽപ്പോയി ക്യൂ നിൽക്കാതെ വീട്ടിലിരുന്നുതന്നെ ഈ സേവനങ്ങൾ ലഭ്യമാക്കുന്ന

തരത്തിലേക്ക് ആധുനികശാസ്ത്രം വളർന്നിട്ടുണ്ട്. സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതയിലേക്ക് മാറിയ പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് കേരളത്തിലാണ്. എന്റെ നിയോജക മണ്ഡലത്തിലുള്ള പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ 'ഡിജി പുല്ലമ്പാറ' എന്നൊരു പദ്ധതി ആവിഷ്കരിക്കുകയും ആ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനങ്ങളെയും ഡിജിറ്റൽ സാക്ഷരരാക്കി മാറ്റുകയും ചെയ്തു. ടി പദ്ധതി ഉദ്ഘാടനം ചെയ്തത് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അധ്യക്ഷത വഹിച്ചത് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമാണ്. ഇന്ന് സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമായി കേരളത്തിന് മാറാൻ കഴിഞ്ഞിട്ടുണ്ട്. ഡിജിറ്റൽ സാക്ഷരതയുടെ കാര്യത്തിൽ പുല്ലമ്പാറ പഞ്ചായത്തിനെ കേരളം മാതൃകയാക്കിയതിലൂടെ കേരളം രാജ്യത്തിനുതന്നെ മാതൃകയായിരിക്കുകയാണ്. ഇത്തരത്തിൽ ശക്തി പ്രാപിക്കുന്നതായ വിവിധ പദ്ധതികളുമായി മുന്നോട്ടുപോകുന്ന ഗ്രാമപഞ്ചായത്തുകളെ കൂടുതൽ ശക്തീകരിക്കാനുള്ള അധികാരം കൊടുക്കുന്നതിനുള്ള ചെറിയ ഭേദഗതിയാണ് ഇന്ന് ഇവിടെ അവതരിപ്പിച്ചതെന്നുകൂടി സൂചിപ്പിക്കുന്നു. ധാരാളം കാര്യങ്ങൾ പറയാനുണ്ടെങ്കിലും സമയപരിമിതിമൂലം അതെല്ലാം ഒഴിവാക്കിക്കൊണ്ട് ഇത്തരത്തിൽ മുന്നോട്ടുപോകാൻ/ശക്തിപ്പെടുത്താൻ പരിശ്രമിക്കുന്നതിനെ അഭിനന്ദിച്ചുകൊണ്ട് ഈ ഭേദഗതിയെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

Uncorrected/Not for publication
29-09-2025

ഇന്ന് കേരളത്തിലെ ലോക്കൽ സെൽഫ് ഗവൺമെന്റുകൾ അനുഭവിക്കുന്ന ദുരവസ്ഥയും ദുരിതപൂർണ്ണമായ സ്ഥിതിയും പരിഹരിക്കാനുള്ള യാതൊരുവിധ നിർദേശങ്ങളും ഈ ബില്ലിൽ പരാമർശിക്കുന്നില്ല എന്നതാണ് യാഥാർഥ്യം. മൂന്നരപ്പതിറ്റാണ്ടിലേറെക്കാലം എന്റെ പിതാവ് ഉണ്ടായിരുന്ന ഒരു സഭയാണിത്. ഈ സഭയിലേക്ക് കയറിവരുമ്പോൾതന്നെ വലിയ ആശങ്കയും ഉൾഭയവുമൊക്കെ എനിക്കുണ്ടായിരുന്നു. കാരണം ഞാൻ ഇവിടേയ്ക്ക് വന്നപ്പോൾ ഇവിടെയുള്ള അംഗങ്ങളെല്ലാവരും ഭരണ/പ്രതിപക്ഷ വ്യത്യാസമില്ലാതെ എന്നോട് പറഞ്ഞത്, പിതാവ് മികച്ചരീതിയിൽ നിയമസഭാംഗമായി പ്രവർത്തിച്ച ഒരു വേദിയിലേക്കാണ് താങ്കൾ വരുന്നത് എന്നാണ്. അതുകൊണ്ടുതന്നെ എന്നെ സംബന്ധിച്ചിടത്തോളം വലിയ ആശങ്കയും ഉൾഭയവുമുണ്ട്, കൂടാതെ എന്റെ ആദ്യത്തെ പ്രസംഗം കൂടിയാണിത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അതിന്റെ അധികാര വികേന്ദ്രീകരണത്തെക്കുറിച്ചുള്ള പദ്ധതി കേന്ദ്രത്തിൽ പാസ്സാക്കുകയും അത് അനുവദിക്കുകയും കേരളത്തിൽ നടപ്പാക്കുകയും ചെയ്തപ്പോൾ അന്ന് കേരളത്തിൽ പ്രധാനമായും പറഞ്ഞിരുന്ന ഒരു കാര്യം, സ്റ്റേറ്റ് ബജറ്റ് പ്ലാനിന്റെ മൂന്നിലൊന്ന് നേരിട്ട് ലോക്കൽ സെൽഫ് ഗവൺമെന്റുകൾക്ക് നൽകുമെന്നാണ്. എന്നാൽ, ജനകീയാസൂത്രണ പദ്ധതി നടപ്പാക്കിത്തുടങ്ങി എന്ന് വീണ്ടുംവീണ്ടും ഉദ്ഘോഷിക്കുമ്പോൾ ഇതുവരെ അത് കൊടുക്കാൻ സാധിച്ചിട്ടില്ല എന്നൊരു യാഥാർഥ്യം നാം അറിയേണ്ടിയിരിക്കുന്നു. അതിൽ സ്റ്റേറ്റ് പ്ലാനിന്റെ ശതമാനം പരിശോധിച്ചാൽ ഏറ്റവും കൂടുതൽ നൽകിയത് 2011-12 വർഷത്തിലെ യു.ഡി.എഫ്. സർക്കാരാണ്. ആ കാലഘട്ടത്തിൽ 27.7 ശതമാനം നൽകിയെങ്കിൽ ഇക്കഴിഞ്ഞ 2016-21 കാലത്ത് കേവലം 18.3 ശതമാനം മാത്രമാണ്

ലോക്കൽ സെൽഫ് ഗവൺമെന്റുകൾക്ക് നൽകിയത് എന്നതാണ് ബജറ്റ് ഇൻ ബ്രീഫ് പരിശോധിക്കുമ്പോൾ നമുക്ക് കാണാൻ സാധിക്കുന്നത്. മാത്രമല്ല, അന്ന് യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 2003-04 വർഷത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റവുമധികം തുക നൽകിയത്, അത് 34 ശതമാനമായിരുന്നു.

ഇന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വലിയ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും അനുഭവിക്കുകയാണ്. ഞാനും അഞ്ചുവർഷക്കാലം പഞ്ചായത്ത് പ്രസിഡന്റും അതിനുശേഷം അഞ്ചുവർഷം മുനിസിപ്പൽ ചെയർമാനുമൊക്കെ ആയിരുന്ന വ്യക്തിയായതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ എനിക്ക് വ്യക്തമായി അറിയാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റവും കൂടുതൽ ലഭിക്കുന്ന റവന്യൂ എന്നത് എന്റർടെയിൻമെന്റ് ടാക്സും അഡ്വർടൈസ്മെന്റ് ടാക്സുമായിരുന്നു. എന്നാൽ ജി.എസ്.ടി. നടപ്പാക്കിയതോടുകൂടി ഇത് ടാക്സ് ഇനത്തിൽ മാറിയതിനാൽ ഇതിലൂടെയുള്ള വരുമാനം നേരിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കാത്ത ഒരു അവസ്ഥാവിശേഷമുണ്ടായി. ലോക്കൽ സെൽഫ് ഗവൺമെന്റുകൾക്ക് എന്റർടെയിൻമെന്റ്, അഡ്വർടൈസ്മെന്റ് ടാക്സുകൾ ലഭിക്കാതെ വന്നപ്പോൾ അതിനുപകരം മറ്റൊരു സംവിധാനം ഏർപ്പെടുത്താനുള്ള നടപടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ഈ ബില്ലിലും അത്തരം പരാമർശങ്ങളൊന്നുമില്ല. എന്നാൽ ഇതിന് പരിഹാരമായി പല സംസ്ഥാന സർക്കാരുകളും 'ടാക്സ്' എന്നതിനുപകരം 'ഫീസ്' എന്നാക്കി ഇതിനെ മാറ്റിയിട്ടുണ്ട്. പ്രത്യേകിച്ച് തമിഴ്നാട് സർക്കാർ എന്റർടെയിൻമെന്റ് ടാക്സ് എന്നതിനുപകരം എന്റർടെയിൻമെന്റ് ഫീസ് എന്നാക്കി മാറ്റുകയുണ്ടായി. അത് അവിടെ

ഇപ്പോഴും ചുമത്തിവരുന്നുമുണ്ട്. അതുകൊണ്ടുതന്നെ അവിടെയുള്ള ലോക്കൽ സെൽഫ് ഗവൺമെന്റുകൾക്ക് ഇതിലൂടെയുള്ള വരുമാനം ലഭിക്കുന്നുണ്ടെന്നാണ് അറിയാൻ സാധിച്ചത്. അത്തരം യാതൊരു നിർദേശങ്ങളും ഈ ബില്ലിലില്ല എന്നതാണ് യാഥാർത്ഥ്യം.

മറ്റൊന്ന്, ലൈഫ് പദ്ധതിയെ സംബന്ധിച്ചാണ് സൂചിപ്പിക്കാനുള്ളത്. ഞാൻ അഞ്ചുവർഷം പഞ്ചായത്ത് പ്രസിഡന്റായിരുന്നപ്പോൾ ഓരോ വർഷവും നൂറ്റൻപതും ഇരുന്നൂറും പേർക്ക് ലൈഫ് പദ്ധതിയിലൂടെ വീട് കൊടുക്കാൻ കഴിഞ്ഞിരുന്നു. പ്ലാൻ ഫണ്ടിൽനിന്ന് അത്രമാത്രം തുക ഈ പദ്ധതിക്കായി ലഭിക്കുമായിരുന്നു. പക്ഷേ ഇന്ന് ബാങ്കിൽനിന്ന് കടമെടുത്തുകൊണ്ടാണ് ലൈഫ് പദ്ധതി നടപ്പാക്കുന്നത്. കാരണം വീട് നിർമ്മാണത്തിനായി ആകെ കൊടുക്കുന്ന നാല് ലക്ഷം രൂപയിൽ രണ്ടുലക്ഷം രൂപയോളം ലോൺ ആണ്. ടി തുക ലോണായിട്ട് പഞ്ചായത്തുകൾ എടുക്കുകയാണ്. ആ കടമെടുത്ത തുക പിടിച്ചിട്ടാണ് പദ്ധതി വിഹിതം കൊടുക്കുന്നത്. സ്വാഭാവികമായും ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ലഭിക്കേണ്ട തുകയിൽനിന്ന് വലിയൊരു സംഖ്യ മാറ്റിയിട്ടാണ് പദ്ധതിവിഹിതമായി അവർക്ക് ലഭിക്കുന്നത്. മറ്റൊന്ന്, ഒരു പദ്ധതി രൂപീകരിച്ച് അത് ഡി.പി.സി. അംഗീകരിച്ച് ടെൻഡർ ചെയ്ത് പ്രവർത്തനമാരംഭിച്ചാൽ പറഞ്ഞ തുക, വിഹിതമായി പലപ്പോഴും സർക്കാരിൽനിന്ന് ലഭിക്കാറില്ല. അതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വലിയ ബുദ്ധിമുട്ടാണ് അനുഭവിക്കുന്നത്. പലപ്പോഴും ആ ഫണ്ട് കൊടുക്കാൻ കഴിയാതെയും വരുന്നു. മാത്രമല്ല അത് സ്പിൽ ഓവറാക്കുമെന്ന് പറയുന്നു, ഇവിടെ 110 ശതമാനത്തിന്റെ കണക്ക് പറഞ്ഞു. 20 ശതമാനത്തിൽ കൂടുതൽ സ്പിൽ ഓവറാക്കാൻ കഴിയില്ല. അഥവാ സ്പിൽ ഓവർ

ആക്കിയാൽപ്പോലും അത് അടുത്ത വർഷത്തെ പദ്ധതിയിൽനിന്ന് വീണ്ടും പോകുകയാണ്. അഡീഷണലായി ആ തുക നൽകുന്നില്ല. അതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ മറ്റൊന്നാണ്. അത്തരം ബുദ്ധിമുട്ടുകളെക്കുറിച്ചോ അതിനെ അതിജീവിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചോ യാതൊരുവിധ പരാമർശങ്ങളും ഈ ബില്ലിലില്ല.

മറ്റൊന്ന്, ബില്ലിൽ അഞ്ചാമത്തെ ഭേദഗതിയായി പറഞ്ഞിരിക്കുന്നത് പെർഫോമൻസ് ഓഡിറ്റിനുപകരമായി ആഭ്യന്തര വിജിലൻസും മോണിറ്ററിങ് സംവിധാനവും ഏർപ്പെടുത്തും എന്നാണ്. പെർഫോമൻസ് ഓഡിറ്റ് വാസ്തവത്തിൽ ഞങ്ങൾക്ക് ഏറ്റവും ഭയമുള്ള ഒരു കാര്യമായിരുന്നു. അഞ്ചുവർഷത്തെ പെർഫോമൻസ് ഓഡിറ്റ് എങ്ങനെയായിരിക്കും എന്ന ആശങ്കയുള്ളതുകൊണ്ടുതന്നെ വളരെ സൂക്ഷിച്ചായിരുന്നു ഞങ്ങൾ ഓരോ പദ്ധതിച്ചെലവുകളും നടത്തിയിരുന്നത്. പെർഫോമൻസ് ഓഡിറ്റ് കേവലം ഓഡിറ്റ് നടത്തി പോകുക മാത്രമല്ല. അവർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായി മാർഗ്ഗനിർദേശം നൽകിയിരുന്നു. ആ പെർഫോമൻസ് ഓഡിറ്റിനെ പൂർണ്ണമായും ഇല്ലാതാക്കി, മൃതപ്രായമാക്കി ആരാണോ കാശ് തരുന്നത് അവരെത്തന്നെ വിജിലൻസായി, മോണിറ്ററിങ് സംവിധാനമായി ഉപയോഗിക്കുന്നു എന്നാണ് ഇതിൽപ്പറയുന്നത്. ആരാണോ കാശ് തരുന്നത് അവർതന്നെ അന്വേഷിച്ചാൽ മതി എന്ന രൂപത്തിലേക്കാണ് വരുന്നത്. അധികാര വികേന്ദ്രീകരണത്തിലൂടെ ലോക്കൽ സെൽഫ് ഗവൺമെന്റുകൾക്ക് കൊടുക്കുന്ന അധികാരത്തെക്കൂടി തിരിച്ചുപിടിക്കുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്. അധികാരവികേന്ദ്രീകരണമല്ല, യഥാർത്ഥത്തിൽ ഇവിടെ എല്ലാ അധികാരങ്ങളും ഉള്ളംകൈയിലേക്ക് സ്വാംശീകരിക്കുന്ന അധികാര കേന്ദ്രീകരണമാണ് നടക്കുന്നത്. അധികാരം

കവർന്നെടുക്കുന്ന ഒരു അവസ്ഥയാണുണ്ടാകുന്നത്. അതുകൊണ്ടുതന്നെ ആ ഭേദഗതി ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. പഞ്ചായത്തുകളുടെ ധനവിനിയോഗം, പദ്ധതി നടത്തിപ്പ്, നികുതി പിരിവ് എന്നിവയുടെ കൃത്യമായ അവലോകനം പെർഫോമൻസ് ഓഡിറ്റിലൂടെ നടത്തിയിരുന്നു. മാത്രമല്ല പാകപ്പിഴ കണ്ടെത്തിയാൽ അതിന്റെ പരിഹാരനിർദേശങ്ങളും അവർ ഞങ്ങൾക്ക് നൽകുമായിരുന്നു. പണാപഹരണം, പാഴ്ച്ചെലവ്, ധനദുർവിനിയോഗം, അഴിമതി എന്നിവ കണ്ടെത്തിയാൽ അതിനെ തടയാനുള്ള സംവിധാനം പലപ്പോഴും പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായി ഉണ്ടായിരുന്നു. പക്ഷേ അതിനെയൊക്കെ ഇല്ലാതാക്കിക്കൊണ്ട് ആ അധികാരങ്ങൾ മുഴുവൻ സംസ്ഥാന സർക്കാർ തന്നെ ഏറ്റെടുക്കുന്നു.

രാഷ്ട്രീയ ഉദ്ദേശ്യത്തിന്റെ ഭാഗമായി പലപ്പോഴും രാഷ്ട്രീയ വിരോധം നിലനിർത്തിക്കൊണ്ട് പ്രതിപക്ഷ രാഷ്ട്രീയക്കാരെയൊക്കെ വിജിലൻസ് അന്വേഷണത്തിന് വിധേയമാക്കാറുണ്ട്. ഒരു സാമൂഹ്യപ്രവർത്തകന്റെ/ യഥാർഥ രാഷ്ട്രീയപ്രവർത്തകന്റെ അസെറ്റ് എന്നത് അവരുടെ ഇമേജാണ്. പലപ്പോഴും അപ്രസക്തമായ വിഷയങ്ങളായതിനാൽ കോടതിയിൽ പോയാൽ തിരിച്ചുവരുമെന്നത് യാഥാർഥ്യമാണെങ്കിൽക്കൂടി ആ ഇമേജ് നഷ്ടപ്പെടുത്താനും വാർത്താപ്രാധാന്യമുണ്ടാക്കാനും മാത്രം വിജിലൻസ് അന്വേഷണങ്ങൾ നടക്കുന്ന ഈ കാലഘട്ടത്തിൽ വീണ്ടും ഈ പഞ്ചായത്തുകൾക്ക് നൽകിയ അധികാരത്തിൽ കൂടി ഇതിന് സംസ്ഥാന സർക്കാർ ഒരു വിജിലൻസും പ്രത്യേക മോണിറ്ററിങ്ങും ഉണ്ടാക്കുമെന്നാണ് പറയുന്നത്. അതുകൊണ്ട്, ഈ കഴിഞ്ഞ കാലത്ത് നടന്നതിനെക്കാൾ കൂടുതൽ രാഷ്ട്രീയ

പ്രതിയോഗികളെ ഇല്ലാതാക്കാനുള്ള ഒരു നടപടിയായി അത് മാറുമെന്ന കാര്യത്തിൽ സംശയമില്ല.

ഇവിടെ സോഷ്യൽ ഓഡിറ്റിനെക്കുറിച്ച് പറയുന്നു. സോഷ്യൽ ഓഡിറ്റ് സർക്കാരാണോ നടത്തേണ്ടത്; അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി താഴേത്തട്ടിലേക്ക് കൊടുക്കുന്ന അധികാരത്തെ, ആ അധികാരത്തിന്റെ സോഷ്യൽ ഓഡിറ്റ് നടത്തേണ്ടത് ഇതിന്റെ മുകളിലുള്ള സർക്കാരാണ് എന്നുപറയുമ്പോൾ എന്ത് അധികാരവികേന്ദ്രീകരണമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്? മൈക്രോ ലെവൽ പ്ലാനിങ് സിസ്റ്റത്തിൽ ഇടപെടാൻ സർക്കാരിന്റെ ഒരു സ്വാധീനമുണ്ടാക്കുക എന്ന് മാത്രമാണ് ഈ ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. പലപ്പോഴും പഞ്ചായത്തുകളിൽ വളരെ വിശദമായ ചർച്ചകളും വികസന സെമിനാറുകളും നടത്തി പല പദ്ധതികളെക്കുറിച്ചും പല നിർദേശങ്ങളുമുണ്ടാകും. അതിൽ വളരെ കുറച്ചുമാത്രമാണ് പദ്ധതിയായി അംഗീകരിച്ചുകിട്ടുന്നത്. ബാക്കി പത്തോ എഴുപതോ ശതമാനം പലപ്പോഴും നമുക്കൊന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയിലാകാറുണ്ട്. പലപ്പോഴും ഒരു നാടിന്റെയോ ഒരു പ്രാദേശിക സർക്കാരിന്റെയോ ഒരു ഗ്രാമത്തിന്റെയോ ആവശ്യങ്ങളുടെ പത്തോ മുപ്പതോ ശതമാനം മാത്രമാണ് പദ്ധതിയായി ഒരു പഞ്ചായത്തിന് നടപ്പിലാക്കാൻ സാധിക്കുന്നത്. ബാക്കി തുക മുഴുവൻ എവിടെയും പരിഗണിക്കപ്പെടാതെ പോകുകയാണ്. ആ പദ്ധതിയെക്കുറിച്ച് വിശദമായി ചർച്ച നടത്തിയിട്ടും ആ ആവശ്യങ്ങളൊന്നുംതന്നെ പരിഗണിക്കാനോ അതിനുള്ള എന്തെങ്കിലുമൊരു സംവിധാനമൊരുക്കാനോ സാധിക്കുന്നില്ല. ഒരു പാർട്ടിസിപ്പേറ്ററി അപ്രോച്ചോടുകൂടി, സ്റ്റേക്ക്ഹോൾഡേഴ്സ് പറയുന്ന കാര്യങ്ങൾ അവരെ കൂട്ടിയിരുത്തിക്കൊണ്ട്

Uncorrected/Not for publication
29-09-2025

ഇത്തരം വിനിയോഗങ്ങൾ നടത്താനും പദ്ധതികൾ ആവിഷ്ക്കരിക്കാനും അത് നടപ്പിലാക്കാനുംവേണ്ടി താഴേത്തട്ടിലേക്ക് കൂടുതൽ അധികാരങ്ങൾ നൽകുകയാണ് വേണ്ടത്. അതിനുപകരം അവരുടെ അധികാരങ്ങൾ തിരിച്ചെടുക്കുക എന്ന രീതിയാണ് ഈ ഭേദഗതിയിലൂടെ കടന്നുവരാൻ പോകുന്നത്. ജനകീയ ആസൂത്രണത്തെക്കുറിച്ച് പറയുമ്പോൾ തന്നെ അന്ന് യു.ഡി.എഫ്. സർക്കാർ നൽകിയ ഡിപ്പാർട്ടുമെന്റുകൾകൂടി തിരിച്ചുപിടിക്കുന്ന ഒരു സംവിധാനമാണ് പിന്നീട് വന്ന സർക്കാരുകൾ ചെയ്തത്. അന്ന് ജനകീയ ആസൂത്രണ പദ്ധതി പ്രഖ്യാപിച്ചപ്പോൾ, ഇപ്പോൾ ഇത്ര വകുപ്പുകളെ താഴെത്തട്ടിലേക്ക് കൊടുക്കുന്നു, ഇനി കൂടുതൽ കൊടുക്കുമെന്നാണ് പറഞ്ഞത്. എന്നാൽ ഏതെങ്കിലുമൊരു പുതിയ ഡിപ്പാർട്ടുമെന്റ് താഴെത്തട്ടിലേക്ക് നൽകിയിട്ടില്ലെന്ന് മാത്രമല്ല, പലതും തിരിച്ചുപിടിക്കുന്ന യഥാർത്ഥ്യമാണ് ഇവിടെയുണ്ടായിട്ടുള്ളത്. എന്തിനേറെ പറയുന്നു, ഒരു ഗ്രാമത്തിൽ ബാർ ലൈസൻസ് അനുവദിക്കാൻ, ഒരു കള്ള്ഷാപ്പ് വന്നാൽ പ്രാദേശികമായി പഞ്ചായത്തുകളുടെ കൺസെന്റ് വേണമെന്നൊരു നിയമം യു.ഡി.എഫ്.-ന്റെ ഭരണക്കാലത്തുണ്ടായിരുന്നു. അത് എടുത്തുകളഞ്ഞ സ്ഥിതിയാണ് ഇപ്പോഴുള്ളത്. ആർക്കും എവിടെ വേണമെങ്കിലും എന്തും ചെയ്യാവുന്ന അന്തരീക്ഷം ഇന്ന് നിലനിൽക്കുന്നുവെന്നുള്ളതാണ് യഥാർത്ഥ്യം. ഇത്തരം അധികാരങ്ങൾ കവർന്നെടുക്കുന്ന ഒരു ഭേദഗതിയായിട്ടാണ് ഞാൻ ഈ ബില്ലിനെ പരിഗണിക്കുന്നതെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ നിരവധി കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യാനുണ്ട്. പക്ഷേ എന്റെ ആദ്യത്തെ പ്രസംഗം എന്ന നിലയ്ക്ക് ഞാൻ കൂടുതൽ സമയമെടുക്കുന്നില്ല. മാത്രമല്ല, പഞ്ചായത്തുകൾ അനുഭവിക്കുന്ന മറ്റൊരു ബുദ്ധിമുട്ടുകൂടിയുണ്ട്.

മുനിസിപ്പൽ ചെയർമാൻമാർക്ക് മുനിസിപ്പൽ ആക്ടുപ്രകാരം ഏതെങ്കിലും അടിയന്തരഘട്ടങ്ങളിൽ തുക അനുവദിക്കണമെങ്കിൽ മുനിസിപ്പൽ കൗൺസിൽ കൂടാതെ ചെയർമാന് നേരിട്ട് അത് അനുവദിക്കാനും പിന്നീട് ചേരുന്ന ബോർഡ് യോഗത്തിൽ അത് അംഗീകരിപ്പിക്കാനുമുള്ള ഒരവസരമുണ്ടായിരുന്നു. പക്ഷേ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്ക് അങ്ങനെ യാതൊരു അവസരങ്ങളുമില്ല. ഒരു വീടിന്റെ മുകളിലേക്ക് കാറ്റ് അടിച്ച് മരം വീണാൽപ്പോലും അതിന് സ്വന്തമായി തുക ഉപയോഗിക്കാൻ കഴിയാത്ത വല്ലാത്ത അവസ്ഥാവിശേഷം പഞ്ചായത്തുകൾക്കുണ്ട്. അതുകൊണ്ട് ഈ മുനിസിപ്പൽ ആക്ട് പ്രകാരം ചെയർമാന്മാർക്ക് കൊടുത്ത ടി അധികാരം അത്യന്താപേക്ഷിതമായ ഇത്തരം ഘട്ടങ്ങളിൽ പഞ്ചായത്ത് പ്രസിഡന്റിന് നൽകണമെന്ന ഒരു ഭേദഗതികൂടി ബില്ലിൽ ഉൾപ്പെടുത്തണമെന്നാണ് വിനീതമായി അപേക്ഷിക്കാനുള്ളത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2025-വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

അധികാരവികേന്ദ്രീകരണമെന്നത് നമ്മുടെ സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിലെ സുപ്രധാനമായിട്ടുള്ള ഒരു കാൽവയ്പ്പായിരുന്നു. അതിന് നിശ്ചയമായിട്ടും നമ്മൾ കടപ്പെട്ടിരിക്കുന്നത് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളോടും 1957-ലെ സഖാവ് ഇ.എം.എസ്.-ന്റെ ഗവൺമെന്റിനോടും തന്നെയാണ്. അതിന്റെതുടർച്ചയാണ് കാലാകാലങ്ങളിൽ മാറിവന്ന ഗവൺമെന്റുകൾ ഇക്കാര്യത്തെക്കുറിച്ചെല്ലാം ഗൗരവത്തോടുകൂടി

ചർച്ച ചെയ്യുകയും അധികാരവികേന്ദ്രീകരണം യഥാർത്ഥ്യമാക്കുന്നതിനുവേണ്ടി ആത്മാർത്ഥമായിട്ടുള്ള പരിശ്രമം നമ്മുടെ സംസ്ഥാനത്ത് നടത്തുകയും ചെയ്തതെന്നുള്ളത് വസ്തുതാപരമായിട്ടുള്ള കാര്യമാണ്. അതിൽ നമ്മൾ ശ്രദ്ധിക്കേണ്ടത്, അധികാരവികേന്ദ്രീകരണം എന്നത് ഇടതുപക്ഷത്തെ സംബന്ധിച്ചിടത്തോളം ഒരു രാഷ്ട്രീയ മുദ്രാവാക്യമല്ല, ജനങ്ങൾക്ക് അധികാരം കൈമാറുന്നതിനുള്ള ഒരു ദാർശനികമായിട്ടുള്ള പ്രതിബദ്ധതയാണത്. അങ്ങനെയാണ് ഇടതുപക്ഷം അധികാരവികേന്ദ്രീകരണത്തെ കാണാൻ പരിശ്രമിക്കുന്നത്. അധികാരവികേന്ദ്രീകരണത്തിന് അടിസ്ഥാനമായി വർത്തിച്ച സുപ്രധാന ഘടകം ജനകീയാസൂത്രണമായിരുന്നു. അത് വിഭവവിനിയോഗത്തിലുള്ള പ്രാദേശികമായ അധികാരം തന്നെയായിരുന്നു. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 35-40 ശതമാനംവരെ തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറാൻ അക്കാലത്ത് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടായിരുന്നു. ഇത് പ്രാദേശിക വികസന പദ്ധതികൾ ജനകീയമായി അസൂത്രണം ചെയ്യാനുള്ള അധികാരം താഴെത്തട്ടിലേക്ക് എത്തിക്കുകയായിരുന്നു. ബഹുമാനപ്പെട്ട നിലമ്പൂർ അംഗം ഈ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പ്രാദേശികമായി സംസ്ഥാന പദ്ധതി വിഹിതം നൽകിയതിനെ സംബന്ധിച്ച് ഇവിടെ നടത്തിയ പരാമർശം ശരിയായിരുന്നോയെന്ന് അദ്ദേഹം പരിശോധിക്കുന്നത് നന്നായിരിക്കും. 2011 മുതൽ 2015-16 വരെയുള്ള കാലയളവിൽ നമ്മുടെ സംസ്ഥാനത്തിന്റെ ബജറ്റ് വിഹിതത്തിൽ പ്രാദേശിക ഗവൺമെന്റുകൾക്ക് നീക്കിവച്ചത് 18904.75 കോടി രൂപയായിരുന്നുവെങ്കിൽ 2016-ൽ അധികാരത്തിൽവന്ന ഗവൺമെന്റ് 2021 വരെ 33130.50 കോടി രൂപ നീക്കിവയ്ക്കുകയുണ്ടായി. ശരാശരി 24 ശതമാനം 2016-ലെ

Uncorrected/Not for publication
29-09-2025

ഗവൺമെന്റ് പദ്ധതി വിഹിതമായി താഴെത്തട്ടിലേക്ക് കൊടുത്തുവെന്നുള്ളത് കണക്കുകൾ പറയുന്നൊരു വസ്തുതയാണ്. അങ്ങ് അത് പരിശോധിക്കുന്നത് നന്നായിരിക്കുമെന്നാണ് എന്റെ വിനീതമായിട്ടുള്ള അഭിപ്രായം. ലഭ്യമായിട്ടുള്ള കണക്കുകൾ പൊതുവെ പരിശോധിക്കുമ്പോൾ പ്രാദേശിക ഗവൺമെന്റുകൾ ഫലപ്രദമായി പദ്ധതിവിഹിതം വിനിയോഗിക്കുന്നതായി കാണാൻ സാധിക്കും. കേരളത്തിൽ ഏതാണ്ട് 82.78 ശതമാനം പദ്ധതി വിഹിതം നന്നായി വിനിയോഗിക്കാൻ പ്രാദേശിക ഗവൺമെന്റുകൾക്ക് സാധിച്ചിട്ടുണ്ട്. ജനങ്ങൾക്ക് പ്രയോജനകരമാകുന്ന പദ്ധതികൾ പ്രാദേശികമായി രൂപീകരിക്കാനും അവ ഫലപ്രദമായി പ്രാവർത്തികമാക്കാനും നമ്മുടെ ഗ്രാമപഞ്ചായത്തുകൾക്കും മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും സാധിച്ചിട്ടുണ്ടെന്നുള്ളതാണ് നമ്മൾ കാണുന്ന ഒരു പ്രധാനപ്പെട്ട കാര്യം. അധികാരവികേന്ദ്രീകരണം കേരളത്തിൽ വെറും ഭരണപരമായ മാറ്റമായി ഒതുങ്ങിയിരുന്നില്ല. ദാരിദ്ര്യനിർമ്മാർജ്ജനം അധികാരവികേന്ദ്രീകരണത്തിന്റെ ഒരു പ്രധാനപ്പെട്ട ലക്ഷ്യമായിരുന്നു. സ്ത്രീശാക്തീകരണം മറ്റൊരു പ്രധാനപ്പെട്ട ഉത്തരവാദിത്വമായിരുന്നു. അതിന്റെയടിസ്ഥാനത്തിൽ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാൻ നമ്മുടെ നാട്ടിൽ സാധിച്ചുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കുടുംബശ്രീയെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. ഡി. കെ. മുരളി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്ന് ലോകത്തിനുതന്നെ മാതൃകയാകുന്ന വലിയൊരു സ്ത്രീ ശാക്തീകരണ പ്രസ്ഥാനമായി കുടുംബശ്രീ വളർന്നിരിക്കുന്നു. അത് ഇടതുപക്ഷ ഗവൺമെന്റിന്റെ സംഭാവനയാണ്. 1996-ലെ ഗവൺമെന്റ് 1998-ൽ മലപ്പുറത്ത് നടപ്പാക്കിയ ഒരു ചെറിയ പ്രോജക്ട് വളർന്ന് വികസിച്ച് ഇന്ന് ഏതാണ്ട് അരക്കോടിയിലധികം അംഗങ്ങളുള്ള

മഹാപ്രസ്ഥാനമായി വളർന്നുകഴിഞ്ഞിട്ടുണ്ടെന്നുള്ളത് വസ്തുതാപരമായ ഒരു കാര്യമാണ്. ആ പ്രസ്ഥാനത്തിന്റെ വളർച്ച മറ്റ് സംസ്ഥാനങ്ങൾപോലും അനുകരിക്കാൻ ശ്രമിക്കുന്ന സാമൂഹിക-സാമ്പത്തിക ശാക്തീകരണത്തിന്റെ ബദൽ എന്നുള്ള നിലയിൽ ഇന്ന് ലോകം കാണുന്നുണ്ട്. അതിന്റെയെല്ലാം ഭാഗമായി ദാരിദ്ര്യത്തെ ഇല്ലായ്മ ചെയ്യാൻ സാധിച്ചു. ഇവിടെ സൂചിപ്പിച്ചു, നവംബർ 1 കേരളപ്പിറവി ദിനത്തിൽ ദാരിദ്ര്യമില്ലാത്ത സംസ്ഥാനമെന്നുള്ള നിലയിലേക്ക് ഇന്ത്യയിൽ ഒറ്റപ്പെട്ട ഒരു സംസ്ഥാനമായി, ഒരു പ്രത്യേകതയുള്ള സംസ്ഥാനമായി നമ്മുടെ സംസ്ഥാനം മാറാൻ പോകുകയാണ്. കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനാധിപത്യവത്കരണം, അതിന്റെ ജനകീയമായിട്ടുള്ള അടിത്തറയെ വികസിപ്പിക്കൽ, അധികാര വികേന്ദ്രീകരണത്തിന്റെ സദുദ്ദേശ്യപരമായ സജീവമായിട്ടുള്ള ഇടപെടൽ, ഇതിന്റെയെല്ലാം ഭാഗമായി എന്ത് പ്രശ്നങ്ങൾ വന്നാലും ഏതെല്ലാം തരത്തിലുള്ള പ്രതിബന്ധങ്ങളും പ്രതിസന്ധികളും രാജ്യത്തുണ്ടായാലും അതിനെയെല്ലാം നേരിടാൻ കഴിയുന്ന ഒരു ശക്തിയായി നമ്മുടെ ഗ്രാമപഞ്ചായത്തുകളും നഗരസഭയൊക്കെ മാറിയെന്നാണ് പറയാനുള്ളത്. 2018-ലെ മഹാപ്രളയം, 2019-ലെ മഹാമാരി, 2020 മുതൽ നമ്മുടെ രാജ്യം അനുഭവിച്ച, നമ്മുടെ സംസ്ഥാനം നേരിട്ട കോവിഡ്-19 എന്നിവയെല്ലാം നേരിടാൻ യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനത്തെ പ്രാപ്തമാക്കിയ ഏറ്റവും പ്രധാനപ്പെട്ട ഘടകമെന്ന് പറയുന്നത് അധികാര വികേന്ദ്രീകരണത്തിലൂടെ സ്വയം ശക്തിയാർജ്ജിച്ച നമ്മുടെ ഗ്രാമപഞ്ചായത്തുകളും നഗരസഭകളുമാണെന്ന് കാണാൻ സാധിക്കും. കേരളത്തിലെ അധികാരവികേന്ദ്രീകരണത്തെ അട്ടിമറിക്കുന്നതിന് യു.ഡി.എഫ്. നടത്തിയ പരിശ്രമങ്ങളെ നമ്മൾ കാണാതെ പോകാൻ

സാധിക്കില്ല. ഞാൻ സാന്ദർഭികമായി പറഞ്ഞുപോകുകയാണ്. നമ്മൾ ചരിത്രം പരിശോധിക്കുമ്പോൾ യു.ഡി.എഫ്. എല്ലാക്കാലത്തും അധികാരവികേന്ദ്രീകരണത്തെ അട്ടിമറിക്കാൻ ശ്രമിച്ചിട്ടുള്ള ചരിത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്. 1991-ൽ ജില്ലാ കൗൺസിലുകളുടെ പിരിച്ചുവിടൽ നമുക്ക് ഓർമ്മയുണ്ട്. അന്ന് കെ. കരുണാകരന്റെ നേതൃത്വത്തിൽ അധികാരത്തിൽവന്ന യു.ഡി.എഫ്. ഗവൺമെന്റ് ആദ്യം ചെയ്ത നല്ല പണിയെന്നുപറയുന്നത് വളരെ വലിയ ജനപിന്തുണയോടുകൂടി ജനങ്ങൾക്കിടയിൽ തിരഞ്ഞെടുക്കപ്പെട്ട ജില്ലാ കൗൺസിലുകൾ പിരിച്ചുവിടുക എന്നുള്ളതായിരുന്നു. അധികാരം ജനങ്ങളിലേക്ക് എത്തുന്നതിന് എല്ലാക്കാലത്തും യു.ഡി.എഫ്.-ഉം കോൺഗ്രസും ഭയപ്പെട്ടിരുന്നു എന്നുള്ളത് വാസ്തവമാണ്. ജനകീയവിധിക്ക് വില കൽപ്പിക്കാതിരിക്കുന്ന സമീപനം തന്നെയായിരുന്നു അവർ സ്വീകരിച്ചിരുന്നത്. അത്തരമൊരു രാഷ്ട്രീയ മുന്നണിയാണ് ദൗർഭാഗ്യവശാൽ യു.ഡി.എഫ്. എന്ന് പറയേണ്ടിവരുന്നതിൽ യഥാർഥത്തിൽ ഖേദമുണ്ട്. കുടുംബശ്രീയെ തകർക്കാനായി അവർ നടത്തിയ പരിശ്രമം നമുക്കറിയാം. 2011-ൽ കോൺഗ്രസ്സ് നേതാവായിട്ടുള്ള ശ്രീ. എം. എം. ഹസ്സന്റെ നേതൃത്വത്തിൽ ജനശ്രീ എന്ന സമാന്തര സംവിധാനം രൂപീകരിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും നബാർഡിന്റെയും, അന്ന് കേന്ദ്രത്തിൽ കോൺഗ്രസ്സായിരുന്നു അധികാരത്തിലുണ്ടായിരുന്നത്. അതിലൂടെ പണം ജനശ്രീയിലേക്ക് ഡൈവർട്ട് ചെയ്യാൻ അവർ നടത്തിയ ശ്രമം നമ്മുടെ നാട്ടിലെ ഒരു കറുത്ത അധ്യായമാണ്. അതിനെതിരെ പത്ത് ദിവസക്കാലം ഈ തലസ്ഥാന നഗരിയിൽ, രാപ്പകൽ സമരത്തിന് രൂപം കൊടുത്തത് ഈ കുടുംബശ്രീ പ്രവർത്തകരാണ്. രാവും

പകലും പതിനായിരക്കണക്കിന് കുടുംബശ്രീ പ്രവർത്തകർ അന്നത്തെ മന്ത്രിമാർക്കും മറ്റും പുറത്തിറങ്ങാൻ കഴിയാത്ത തരത്തിൽ സെക്രട്ടേറിയറ്റ് വളഞ്ഞ് നടത്തിയ സമരം യു.ഡി.എഫ്.-നെ ഇരുത്തി ചിന്തിപ്പിച്ചതിന്റെ ഫലമാണ് പിന്നീട് കുടുംബശ്രീയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികളിലേക്ക് കടക്കാനായി ഗവൺമെന്റ് തയ്യാറായത്. തദ്ദേശസ്വയംഭരണ വകുപ്പിൽ ഇവർ ചെയ്ത കാര്യങ്ങൾ ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല. ശ്രീ. കെ. സി. ജോസഫ്, ശ്രീ. മഞ്ഞളാംകുഴി അലി, ഡോ. എം. കെ. മുനീർ എന്നീ മൂന്ന് ആളുകളെ തൃപ്തിപ്പെടുത്താൻ വേണ്ടി ഒരു വലിയ വകുപ്പിനെ, വലിയ പ്രസ്ഥാനത്തെ, ഒരു വലിയ രാഷ്ട്രീയ ചിന്തയെ വെട്ടിമുറിച്ച ഒരു വിഭാഗമാണ് യു.ഡി.എഫ്. എന്നുള്ള കാര്യം നമുക്ക് വിസ്മരിക്കാൻ സാധ്യമല്ലാത്തതാണ്. തിരുവനന്തപുരം നഗരസഭയെപോലും വെട്ടിമുറിക്കാൻവേണ്ടി തയ്യാറായതാണ്. തിരുവനന്തപുരം നഗരസഭയെ വെട്ടിമുറിക്കാനുള്ള തീരുമാനത്തിൽനിന്നും അന്നത്തെ ഗവൺമെന്റ് പിന്തിരിഞ്ഞത് ഇക്കാര്യം കോടതിയിലെത്തിയതുകൊണ്ടാണ്. തിരുവനന്തപുരം നഗരസഭ നടത്തുന്ന മഹത്തായ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. തിരുവനന്തപുരം നഗരസഭയിൽ കഴിഞ്ഞ തിരഞ്ഞെടുപ്പിനുശേഷം നമ്മുടെ രാജ്യത്തിനും ലോകത്തിനുംതന്നെ മാതൃകയാകുന്ന തരത്തിൽ ബി.എ. രണ്ടാം വർഷ വിദ്യാർഥിനിയും 21 വയസ്സുമുള്ള കുമാരി ആര്യ എന്ന പെൺകുട്ടിയെ തിരുവനന്തപുരം നഗരസഭയുടെ മേയറായി തിരഞ്ഞെടുക്കാൻ ഇടതുപക്ഷത്തിന് സാധിച്ചു. അക്കാലത്ത് ബാലസംഘത്തിന്റെ സംസ്ഥാന പ്രസിഡന്റായിരുന്ന കുമാരി ആര്യ. 21 വയസ്സുകാരിയായിട്ടുള്ള ഒരു പെൺകുട്ടിയാണെന്നുള്ള ഒരു മിനിമം പരിഗണനപോലും

കൊടുക്കാതെയാണ് കഴിഞ്ഞ നാലഞ്ച് വർഷക്കാലമായി അവരെ വ്യക്തിപരമായിതന്നെ, ഇവിടെ ഗവൺമെന്റിനെ ആക്രമിക്കാൻ, മുഖ്യമന്ത്രിയെ തേജോവധം ചെയ്യാൻവേണ്ടി പരിശ്രമിക്കുന്ന പോലെയാണ് തിരുവനന്തപുരം നഗരസഭയുടെ ഏറ്റവും നല്ല പ്രവർത്തനങ്ങളെ ഇകഴ്ത്തി കാണിക്കാനും ആ പ്രവർത്തനങ്ങളെ ജനങ്ങൾക്ക് ഇടയിൽ എത്തിക്കാതിരിക്കാനും വേണ്ടിയിട്ടുള്ള വളരെ ക്രൂരമായിട്ടുള്ള ആക്രമണങ്ങൾക്ക് കോൺഗ്രസ്സ് മാത്രമല്ല, ബി.ജെ.പി.-യും കോൺഗ്രസ്സും സയാമീസ് ഇരട്ടകളെപോലെ ഒരുമിച്ച് ചേർന്നാണ് അവിടെ സമര പ്രഹസനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. തിരുവനന്തപുരം നഗരസഭ 5 വർഷം തികയ്ക്കാൻ പോകുമ്പോൾ 5000 കോടിയിൽപ്പരം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിയെന്നുള്ളതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. എല്ലാ വീടുകളിലും പൈപ്പ് കണക്ഷൻ എത്തിക്കാൻ സാധിച്ചു. 250 കോടി രൂപ ചെലവിൽ തൈക്കാട് - വെള്ളയമ്പലം റോഡ് ഉൾപ്പെടെ നഗരത്തിലെ 75 റോഡുകളെ സ്മാർട്ട് റോഡുകളായി ഉയർത്തി. ആ റോഡുകളുടെ നിർമ്മാണ പ്രവർത്തനം നടക്കുമ്പോഴായിരുന്നു ചില മാധ്യമങ്ങളെയെല്ലാം കൊണ്ടുവന്ന് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ ആളുകൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചത്. ഇപ്പോൾ ആളുകൾ ഒന്നും പറയുന്നില്ല. രാജകീയമായ വീഥിയായി അത് മാറികഴിഞ്ഞപ്പോൾ ആർക്കും കുറ്റപ്പെടുത്താനൊന്നും സാധിക്കുന്നില്ല. പ്രധാനപ്പെട്ട 100 നഗരസഭാ റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി 100 കോടി രൂപയുടെ പദ്ധതി നടന്നുവരികയാണ്. അത് പൂർത്തീകരണത്തിന്റെ ഘട്ടത്തിലാണ്. അതുപോലെതന്നെ മെയിൻ ഓഫീസ്, തമ്പാനൂർ, പാളയം എന്നിവിടങ്ങളിൽ എം.എൽ.സി.പി. (മൾട്ടി ലെവൽ കാർ

പാർക്കിങ്) സംവിധാനം പൂർത്തിയായി. തലസ്ഥാന നഗരിയിലെ ഈ പ്രധാനപ്പെട്ട നഗരസഭ നടത്തിയ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് ഈ സഭ അറിഞ്ഞിരിക്കേണ്ടതാണ്. മറ്റുള്ളവർക്ക് മാതൃകയാക്കാൻ കഴിയുന്ന ഒട്ടനവധി വികസന പ്രവർത്തനങ്ങൾ ഈ നഗരസഭ നടത്തിയിട്ടുണ്ട്. മെഡിക്കൽ കോളേജ്, പുത്തരിക്കണ്ടം, വാണിയംകുളം എന്നിവിടങ്ങളിൽ എം.എൽ.സി.പി.-യുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. അതുപോലെ പൊന്നറ ശ്രീധർ പാർക്ക്, പുത്തരിക്കണ്ടം പാർക്ക്, ശ്രീ ചിത്തിര തിരുനാൾ പാർക്ക്, ക്യാപ്റ്റൻ ലക്ഷ്മി പാർക്ക് എന്നിങ്ങനെ 25 പാർക്കുകളെ പുനരുജ്ജീവിപ്പിച്ച് മികച്ച നിലവാരമുള്ള പാർക്കുകളാക്കി രൂപാന്തരപ്പെടുത്തി. ഇവ അന്താരാഷ്ട്ര നിലവാരമുള്ള പാർക്കുകളായി മാറിയെന്ന് പറയാം. ഒരു കാലത്ത് ഈ പാർക്കുകൾ സാമൂഹ്യവിരുദ്ധരുടെ താവളമായിരുന്നു. ഇന്ന്, വൈകുന്നേരമാകുമ്പോൾ കുടുംബസമേതം കുട്ടികളും അമ്മമാരും എല്ലാംതന്നെ പാർക്കിൽപോയി ഇരിക്കുന്നതായിട്ടുള്ള അവസ്ഥയാണ്. 100 കോടി രൂപ ചെലവിൽ സീറോ കാർബൺ എമിഷന്റെ ഭാഗമായി 115 വൈദ്യുതി ബസ്സുകൾ ഇന്ന് നഗരത്തിൽ സർവീസ് നടത്തുകയാണ്. ഇത് ഇന്ത്യയ്ക്ക് തന്നെ മാതൃകയാണ്. 125 കോടി രൂപ ചെലവിൽ 17000 കിലോ വാട്ട് സോളാർ പ്ലാന്റ് സ്ഥാപിക്കുകയും ചെയ്തു. ഒരു പെൺകുട്ടി നേതൃത്വം കൊടുക്കുന്ന നഗരസഭയുടെ ഏറ്റവും മനോഹരമായ പ്രവർത്തനങ്ങളാണ് അങ്ങയുടെ മുമ്പിലും ഈ സഭയുടെ മുമ്പിലും ഞാൻ അവതരിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ സമയത്തിന്റെ കാര്യത്തിൽ അങ്ങ് അൽപ്പം ദയ കാണിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. ബില്ലിന്റെ കാര്യംകൂടി ആയതിനാൽ അങ്ങേയ്ക്ക് അത് കാണിക്കാവുന്നതാണ്. അത്രയേറെ വലിയ വികസന പ്രവർത്തനം നടത്തുകയും കഴിഞ്ഞ

5 വർഷത്തിനിടയിൽ സാർവദേശീയമായിട്ടും ദേശീയമായിട്ടും 25-ഓളം വരുന്ന പ്രധാനപ്പെട്ട അവാർഡുകൾ...

ചെയർപേഴ്സൺ: യെസ്... പ്ലീസ്.....കൺക്ലൂഡ് ചെയ്യൂ.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മികവാർന്ന പ്രവർത്തനത്തിൽ 25-ഓളം വരുന്ന അവാർഡുകൾ കരസ്ഥമാക്കിയ ഒരു തദ്ദേശഭരണ സ്ഥാപനം..., ഈ തലസ്ഥാന നഗരയിൽ ഈ നിയമസഭാ മന്ദിരവും സെക്രട്ടേറിയറ്റുമൊക്കെ നിൽക്കുന്നതായിട്ടുള്ള, ഏതാണ്ട് പത്ത് ലക്ഷം ജനങ്ങൾ അധിവസിക്കുന്ന, ഒരു ലക്ഷത്തോളം ആളുകൾ ഒരു ദിവസം വന്നുപോയി വരുന്ന, ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുന്ന..., ആറ്റുകാൽ പൊങ്കാലപോലെ അതുപോലുള്ള സംഗതികൾ നടക്കുന്ന അവിടെയെല്ലാം ശുചീകരണം അടക്കമുള്ള കാര്യങ്ങൾ എപ്പോഴും നടക്കുന്നതായിട്ടുള്ള ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ അങ്ങയുടെ ശ്രദ്ധയിൽവരേണ്ടതും സഭയുടെ ശ്രദ്ധയിൽ വരേണ്ടതും അത്യന്താപേക്ഷിതമായ..... (മൈക്ക് ഓഫ്)

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പഞ്ചായത്തിന്റെ പ്രവൃത്തികൾ വിലയിരുത്തുന്നതിനും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനും സർക്കാരിന് അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്ന 188-ാം വകുപ്പിലെ ഭേദഗതിയും

Uncorrected/Not for publication
29-09-2025

220(എ) വകുപ്പ് പ്രകാരം പൊതുതെരുവിൽ തടസ്സമുണ്ടാക്കുന്ന രീതിയിൽ നിർമ്മാണങ്ങൾ തടയുന്നതിനും ഫീസിന്റെ രീതി നിർണ്ണയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നു എന്നുമാണ് ബില്ലിൽ പ്രതിപാദിക്കുന്നത്. ഞാൻ ഇതുമായി ബന്ധപ്പെട്ട് കുറച്ച് കാര്യങ്ങൾ ബഹുമാന്യനായ തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഭരണഘടനയുടെ 73, 74 എന്നീ ഭേദഗതികളുടെ തുടർച്ചയെന്നോണം 1994-ലാണ് കാസർഗോഡുകാരനായ അന്നത്തെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. സി. ടി. അഹമ്മദലി ഈ സഭയിൽ ഇതുമായി ബന്ധപ്പെട്ട ഒരു ബിൽ അവതരിപ്പിച്ചത്. 1995-ൽ ശ്രീ. പി. കെ. കെ. ബാവ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പുതിയ അധികാരങ്ങൾ ഏറ്റെടുത്തുകൊണ്ട് ലോക്കൽ ബോഡീസ് ഗാന്ധി ജയന്തി ദിനമായ 02-10-1995-ലാണ് കേരളത്തിൽ അധികാരം ഏറ്റെടുക്കുന്നത്. രണ്ട് ദിവസം പിന്നിട്ടാൽ കേരളത്തിന്റെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മൂന്ന് പതിറ്റാണ്ട് പൂർത്തിയാകുകയാണ്. ഈ മൂന്ന് പതിറ്റാണ്ട് പൂർത്തിയാകുന്ന സമയത്ത് നമ്മുടെ സഭയിൽ ഇത് ചർച്ച ചെയ്യുന്നത് ഭേദഗതികളുടെ ചർച്ച എന്നുമാത്രമല്ല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇന്ത്യയ്ക്ക് എക്കാലവും മാതൃകയായ അടയാളപ്പെടുത്തൽ നടത്തിയ സംസ്ഥാനമാണ് കേരളം. പുതിയൊരു ഇലക്ഷനുവേണ്ടി നമ്മൾ കാത്തുനിൽക്കുകയാണ്. വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കുന്നു, അടുത്ത മാസം സംവരണ വാർഡുകളുടെ കാര്യംകൂടി അറിയുന്നതോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പിലേക്ക് പോകുകയാണ്. ലോക്സഭാ ഇലക്ഷനിൽ ഐക്യജനാധിപത്യ മുന്നണി

അത്യുജ്ജ്വല വിജയം നേടിയതുപോലെ, 2026-ൽ ഞങ്ങളുടെ പ്രതിപക്ഷ നേതാവ് പറയുന്നതുപോലെ, യു.ഡി.എഫ്.-ന്റെ 100 സീറ്റിലേയ്ക്കുള്ള യാത്രയിലെ അത്യുജ്ജ്വല റിസൾട്ട് അടുത്ത പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്. നേടാൻ പോകുന്നതിന്റെ ഒരു സൂചനകൂടി നിങ്ങൾക്ക് കാണാൻ കഴിയും. ഇവിടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യം പറയുമ്പോൾ പത്തുപതിനഞ്ച് വർഷക്കാലം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാരഥ്യം വഹിച്ചതിനുശേഷമാണ് ഞാൻ സഭയിൽ എത്തുന്നത്. ഇപ്പോൾ നാം മണ്ഡലത്തിലെ ഗ്രാമസഭയ്ക്ക് പോകുമ്പോൾ ഗ്രാമസഭയുടെ അവസ്ഥ അതിദയനീയമാണ്. ഡോ. എം. കെ. മുനീർ സാഹിബ് തദ്ദേശസ്വയംഭരണ മന്ത്രിയായിരുന്ന കാലഘട്ടം കേരളീയർ എന്നും ഓർക്കുന്നൊരു യാത്രയുണ്ട്. അത് എനിക്ക് നല്ല ഓർമ്മയുണ്ട്. ഗ്രാമസഭകളെ ശാക്തീകരിക്കാൻ ഡോ. എം. കെ. മുനീർ സാഹിബ് കേരളത്തിൽ നടത്തിയ യാത്രകളൊക്കെ നമ്മുടെ മുമ്പിലുണ്ട്. ഇടതുപക്ഷ ഗവൺമെന്റ് ഭരിക്കുന്ന ഈ കാലയളവിൽ ബജറ്റിൽ പ്രഖ്യാപിച്ച ഫണ്ട് വെട്ടിക്കുറച്ച്, അധികാരങ്ങൾ കവർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റവും കൂടുതൽ താളംതെറ്റി സഞ്ചരിച്ച ഒരു കാലയളവിനുശേഷമാണ് ഈ 5 വർഷം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കാലാവധി പൂർത്തീകരിക്കുന്നത്. യു.ഡി.എഫ്.-ന്റെ കാലയളവിലൊക്കെ 25 ശതമാനം ബജറ്റിൽ പ്രഖ്യാപിച്ചതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൊടുത്തതും രേഖയിൽ കാണാൻ കഴിയും. എന്നാൽ ഇപ്പോൾ 18 ശതമാനത്തിന് താഴെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ടുപോലും ലഭിക്കുന്നത്. ക്ഷേമ പദ്ധതികൾ അട്ടിമറിച്ച്, അധികാരങ്ങൾ കവർന്ന്....., നമ്മൾ എല്ലാവരും എം.എൽ.എ.-മാർ ആണ്. നമ്മുടെ ഓഫീസിലോ വീട്ടിലോ

ആയിരിക്കും ഏറ്റവും കൂടുതൽ ആളുകൾ ഭവനവുമായി ബന്ധപ്പെട്ടുകൊണ്ട് സങ്കടം പറയാൻ വരാറുള്ളത്. അവരുടെ ഈ സങ്കടങ്ങളിൽ നമ്മൾ നിസ്സഹായരായി നിൽക്കാറുമുണ്ട്. 2020-ലാണ് ലൈഫ് പദ്ധതിയിലേക്ക് സർവെ നടന്നത്. അന്ന് അതിൽ അപേക്ഷിക്കുന്നതിന് റേഷൻ കാർഡ് നിർബന്ധമാക്കിയിരുന്നു. വീടില്ലാത്തവർ എങ്ങനെ റേഷൻ കാർഡ് സംഘടിപ്പിക്കുമെന്നത് മറ്റൊരു ചോദ്യമാണ്. 2025-ൽ അഞ്ച് വർഷം പൂർത്തിയാകുന്ന സമയത്തും ഇപ്പോഴും, അന്ന് അതിനുശേഷം റേഷൻ കാർഡ് നേടിയ ആളുകൾക്ക് ലൈഫിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാൻ കഴിയാത്ത ദയനീയമായ ഒരു അവസ്ഥയുണ്ട്. പി.എം.എ.വൈ.-യുടെ കാര്യത്തിൽ കേന്ദ്ര സർക്കാർ നിർദേശിച്ചത് സമ്പൂർണ്ണമായി അട്ടിമറിച്ചു. ലൈഫിൽനിന്നുള്ള ലിസ്റ്റ് മാത്രം പി.എ.-മാരെ കൊണ്ട് ഡാറ്റാ എൻട്രി നടത്തി പൂർത്തീകരിച്ച ഒരു അവസ്ഥ. ആ കാരണംകൊണ്ട് വലിയ രീതിയിൽ അർഹരായ പലരും ആ ലിസ്റ്റിൽനിന്ന് പുറത്തുപോയ അവസ്ഥ കാണുന്നുണ്ട്. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് അവരുടെ ഡിപ്പാർട്ടുമെന്റ് ഫണ്ടിന്റെ ഭാഗമായി നറുക്കെടുപ്പ് നടത്തി വീട് നൽകുന്ന ഒരു സമ്പ്രദായം ഞാൻ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായിരുന്ന സമയത്തുണ്ടായിരുന്നു. നറുക്കെടുപ്പിലൂടെ വീട് ലഭിക്കുന്ന ആ ദിവസം അവർക്കുണ്ടാകുന്ന സന്തോഷം നേരിൽ കണ്ട ഓർമ്മകൾ ഇപ്പോഴും എന്റെ മനസ്സിലുണ്ട്. എന്നാൽ ഇന്ന് അതൊക്കെ ഓർമ്മകളായി മാറിയിരിക്കുകയാണ്. ലൈഫ് മിഷൻ പദ്ധതിയുടെ വരവോടുകൂടി എസ്.സി./എസ്.ടി. വിഭാഗങ്ങൾ കൂടുതൽ കഷ്ടതയിലേക്കും പ്രയാസത്തിലേക്കും പോകുന്ന അവസ്ഥ നമുക്ക് കാണാൻ കഴിയും. ഞാൻ കഴിഞ്ഞ ആഴ്ച എന്റെ മണ്ഡലത്തിൽനിന്നും തിരികെ വരുമ്പോൾ നായയുടെ കടിയേറ്റ് പരിക്കേറ്റ പുരുഷൻകൊടിയിലെ

അഞ്ച് വയസ്സുള്ള മുഹമ്മദ് അഫ്രാസ് എന്ന കുട്ടിയെ കാണാൻ പോയിരുന്നു. നായ ആ കുട്ടിയുടെ ശരീരം കടിച്ചെടുത്തതിന്റെ ഫലമായി ഓപ്പറേഷൻ വേണ്ടിവന്ന കുട്ടിയായിരുന്നു അത്. സമാന അവസ്ഥയിലുള്ള ഹൊസബെട്ടുവിലെ അബൂബക്കർ അഫാൻ എന്ന പത്ത് വയസ്സുള്ള കുട്ടിയെയും മച്ചംപടി കോടിയിലെ ഹൈൻ എന്ന ഒമ്പത് വയസ്സുകാരനെയും ഗേറുക്കട്ടയിലെ മുഹമ്മദ് ജസീൽ എന്ന നാല് വയസ്സുകാരനെയും ഞാൻ നേരിട്ട് കണ്ടിരുന്നു. എം.എൽ.എ. എന്ന നിലയ്ക്ക് കോടതി വിധികളും കേന്ദ്ര ഗവൺമെന്റ് നിയമങ്ങളും സംബന്ധിച്ച് നമ്മൾ വിശദീകരിക്കുമ്പോൾ 'നിങ്ങൾ എം.എൽ.എ. അല്ലേ' എന്ന് ആക്രോശത്തോടുകൂടി ജനങ്ങൾ ചോദിക്കുന്നതും സമരങ്ങളും തുടർന്നുള്ള വാർത്തകളുമൊക്കെ നാം നേരിട്ട് കാണുകയാണ്. കേരളത്തിന്റെ നിയമനിർമ്മാണ സഭയിലാണ് ഈ ഭേദഗതി നടക്കുന്നത്. തീർച്ചയായും ഇതൊരു ദുരന്തമായി പ്രഖ്യാപിച്ച് പട്ടിശല്യത്തിന്റെ കാര്യത്തിൽ അടിയന്തരമായി ഇടപെടാൻ ബഹുമാന്യനായ മന്ത്രി തയ്യാറാകണമെന്ന് അഭ്യർഥിക്കുകയാണ്. അദ്ദേഹം ഈ വിഷയത്തിൽ ഇടപെടുന്നില്ലെന്ന് ഞാൻ പറയുന്നില്ല. ഇക്കാര്യത്തിൽ കൂടുതൽ ഇടപെടൽ അടിയന്തരമായി നടത്തിയില്ലെങ്കിൽ ഈ വിഷയം രൂക്ഷമാകും. പട്ടിശല്യംമൂലം ധാരാളം ആളുകൾ പ്രയാസപ്പെടുന്ന അവസ്ഥ നാം ഇപ്പോൾ നേരിട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ഈ രണ്ട് ഭേദഗതികളിലും പ്രധാനമായും പറയുന്നത് ഗവൺമെന്റിന് അധികാരങ്ങൾ നൽകുന്നത് സംബന്ധിച്ചാണ്. ഇതിലൂടെ അധികാര കേന്ദ്രീകരണമാണ് നടക്കുന്നത്. സെക്രട്ടറി എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഒരു

എക്സിക്യൂട്ടീവ് ഓഫീസറാണ്. ഭരിക്കുന്ന ഗവൺമെന്റ് അവരുടെ ഇഷ്ടത്തിനനുസരിച്ച് പ്രതിപക്ഷം ഭരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെ ഒരു തത്വദീക്ഷയുമില്ലാതെ മാറ്റുകയും അവർക്കിഷ്ടമുള്ള ആളുകളെ നിയമിക്കുകയും ചെയ്യുന്ന ഒരു രീതിയാണ് കണ്ടുവരുന്നത്. മഞ്ചേരി നഗരസഭയിൽ കഴിഞ്ഞ നാലുവർഷമായി സെക്രട്ടറി ഇൻ-ചാർജ്ജാണുണ്ടായിരുന്നത്. പുതിയ സെക്രട്ടറിയെ നിയമിച്ചിട്ടില്ലായിരുന്നു. എന്നാൽ ഈയടുത്തിടെ ഒരു സെക്രട്ടറിയെ നിയമിച്ചെങ്കിലും അദ്ദേഹം ചാർജ്ജെടുക്കാൻ വന്ന സമയത്തുതന്നെ അദ്ദേഹത്തെ മാറ്റിയിരുന്നു. ഇപ്പോൾ പുതിയ സെക്രട്ടറി വന്നെങ്കിലും ഒരു മാസമാകുന്നതിനുമുമ്പ് അദ്ദേഹത്തെയും മാറ്റുകയാണ് ചെയ്തത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ അധികാരം ഗവൺമെന്റിൽ കേന്ദ്രീകരിക്കുമ്പോൾ അവരുടെ ഇഷ്ടത്തിനനുസരിച്ച് രാഷ്ട്രീയ ദൃഷ്ടലാക്കോടുകൂടി പ്രതിപക്ഷം ഭരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഇതുപോലെ ദ്രോഹിക്കുന്ന നടപടി സ്വീകരിക്കുമെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, തീർച്ചയായും. അതുമാത്രമല്ല, കാസർഗോഡ് ജില്ലയിൽ നിരവധി തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. സംസ്ഥാനത്ത് ശിക്ഷിക്കപ്പെട്ടതും അഴിമതി നടത്തിയതുമായ ഉദ്യോഗസ്ഥരെയൊക്കെ തട്ടാനുള്ള കുപ്പത്തൊട്ടിയായി കാസർഗോഡ് ജില്ല പലപ്പോഴും മാറുന്നുണ്ട്. കഴിഞ്ഞ ഒമ്പത് വർഷമായി തദ്ദേശസ്വയംഭരണ വകുപ്പിൽ ഇടതുപക്ഷ സർക്കാരിന് ഒരു പുതിയ തസ്തിക പോലും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ യു.ഡി.എഫ്.-ന്റെ കാലയളവിൽ ആയിരം ക്ലറിക്കൽ തസ്തികകളാണ് സൃഷ്ടിച്ചത്. അസിസ്റ്റന്റ് സെക്രട്ടറിമാരെ സൃഷ്ടിക്കുകയും കരാർ അടിസ്ഥാനത്തിൽ നിയമിക്കാനുള്ള സൗകര്യങ്ങൾ

അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ നിലവിൽ എം.എൽ.എ. ഫണ്ടുപോലും യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്ത ഒരു അവസ്ഥയാണുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ തുടങ്ങിയ ഉദ്യോഗസ്ഥരുടെ ഒഴിവുകൾ നികത്തിയിട്ടില്ല. വളരെ ദയനീയമായ അവസ്ഥയാണ് ഈ മേഖലയിൽ നാം അനുഭവിക്കുന്നത്. അതുമാത്രമല്ല, ഇടതുപക്ഷ സർക്കാരിന്റെ ഈ അഞ്ചുവർഷക്കാലയളവിൽ കെട്ടിട നികുതിയിൽ ഇത്രയും ഉയർന്ന വർധന വരുത്തിയ മറ്റൊരു കാലയളവുണ്ടായിട്ടില്ല. പെർമിറ്റ് ഫീസ്, ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ വർധിപ്പിച്ചു. കൂടാതെ സാധാരണയായി വീട് നിർമ്മിച്ച് അഞ്ചുവർഷത്തിനുശേഷമാണ് ലേബർ ടാക്സ് ഈടാക്കുന്നത്. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം വീടിന്റെ ആവശ്യത്തിനുവേണ്ടി പഞ്ചായത്തിനെ സമീപിക്കുമ്പോൾ അതുകൂടി മുൻകൂട്ടി വാങ്ങുന്ന ഒരവസ്ഥയിലേയ്ക്കെത്തിയ ഭീകരമായ സ്ഥിതിയാണ് നിലവിലുള്ളത്. സാധാരണക്കാരൻ വീട് നിർമ്മിക്കാനാണ് പലപ്പോഴും ബാങ്ക് വായ്പയെടുക്കുന്നതെങ്കിൽ, ഈ ഗവൺമെന്റിന്റെ കാലത്ത് വീടിന്റെ പെർമിഷൻ നേടാൻപോലും വായ്പ എടുക്കേണ്ടിവരുന്ന അവസ്ഥയിലേക്കാണ് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. അതോടൊപ്പം...........

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, സാധാരണക്കാർ വീട് നിർമ്മാണത്തിനായി വായ്പയെടുക്കുന്ന കാര്യമാണ് ഇവിടെ പറയുന്നത്. ഇവിടെ കൊട്ടിഘോഷിക്കുന്ന ലൈഫ് ഭവന പദ്ധതിക്ക് സർക്കാർ നേരിട്ട് അനുവദിക്കുന്നത് ആകെ ഒരുലക്ഷം രൂപ മാത്രമാണ്. ഗ്രാമപഞ്ചായത്ത് നാൽപ്പതിനായിരം രൂപയും ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും ഇരുപതിനായിരം രൂപയും നൽകുന്നു. അതായത് ബാക്കിയുള്ള രണ്ട് ലക്ഷത്തി ഇരുപതിനായിരം രൂപ

Uncorrected/Not for publication
29-09-2025

ഹഡ്കോയിൽനിന്ന് പഞ്ചായത്തുകൾ വായ്പയായി എടുക്കേണ്ടതായിട്ടുണ്ട്. ആ വായ്പയുടെ പലിശമാത്രമാണ് ഗവൺമെന്റ് നൽകുന്നത്. തുക തിരിച്ചടയ്ക്കേണ്ടത് ഗ്രാമപഞ്ചായത്തുകളാണ്. എന്നാൽ ലൈഫ് ഭവന പദ്ധതിയിലെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരംപോലും ഗ്രാമസഭകൾക്കില്ല. ഇവിടെ അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ചാണ് സംസാരിക്കുന്നത്. ഈ ചർച്ചയ്ക്ക് തുടക്കം കുറിച്ചുകൊണ്ട് ബഹുമാന്യനായ ഡി. കെ. മുരളി രാഷ്ട്രപിതാവിന്റെ സ്വപ്നമായ 'ഗ്രാമസ്വരാജ്' നടപ്പാക്കിയത് എൽ.ഡി.എഫ്. ഗവൺമെന്റാണെന്ന് പറഞ്ഞത് വസ്തുതകൾക്ക് നിരക്കാത്തതാണ്. രാജീവ് ഗാന്ധിയാണ് അധികാര വികേന്ദ്രീകരണ പ്രക്രിയയ്ക്ക് തുടക്കംക്കുറിച്ചത്. കെ. കരുണാകരൻ മുഖ്യമന്ത്രിയും ശ്രീ. എ. കെ. എം. അഷ്റഫിന്റെ നാട്ടുകാരൻ സി. ടി. അഹമ്മദാലി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് 'പഞ്ചായത്തീരാജ്-നഗരപാലിക ബിൽ' ഈ സഭയിൽ അവതരിപ്പിച്ചത്. യഥാർഥത്തിൽ അധികാര വികേന്ദ്രീകരണം നടപ്പാക്കിയത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും കേരളത്തിൽ യു.ഡി.എഫ്.-ഉം ആണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അധികാര വികേന്ദ്രീകരണം എന്ന തത്വത്തെ അട്ടിമറിച്ച് എല്ലാം കേന്ദ്രീകൃത സ്വഭാവത്തിലേക്ക് പോകുകയാണ്. ഈ ഭേദഗതിയിലുൾപ്പെടെ നമുക്ക് അത് കാണാൻ സാധിക്കും. മദ്യനിരോധന അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉമ്മൻ ചാണ്ടി ഗവൺമെന്റ് കൈമാറിയിരുന്നതാണ്. അങ്ങനെ കൈമാറിയിരുന്ന മദ്യനിരോധന അധികാരമുൾപ്പെടെ തിരിച്ചുപിടിച്ച് പഞ്ചായത്തുകളുടെ അധികാരം കവർന്നെടുക്കുന്ന

സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, തീർച്ചയായും. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഒന്നുരണ്ട് കാര്യങ്ങൾകൂടി ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുതിയ ഭരണസംവിധാനത്തിലേക്ക് കടക്കാനൊരുങ്ങുകയാണ്. അവരുടെ ഓണറേറിയത്തിന്റെ കാര്യത്തിൽ പ്രയാസം നേരിടുന്നതായി നമുക്കറിയാം. പുതിയ പഞ്ചായത്തംഗങ്ങൾക്ക് നല്ല രീതിയിൽ ഓണറേറിയം നൽകുന്നതിനുള്ള ഒരു ഇടപെടൽ നടത്തണമെന്ന അഭ്യർത്ഥനകൂടി അങ്ങയുടെ മുന്നിൽവയ്ക്കുകയാണ്. അതോടൊപ്പം മുൻ പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷൻ നൽകുന്ന കാര്യവും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. താഴെത്തട്ടിലേയ്ക്ക് അധികാരം കൈമാറുന്നവരാണ് എൽ.ഡി.എഫ്. എന്നാണ് പ്രസംഗങ്ങളിൽ ഏറ്റവും കൂടുതൽ പറയുന്ന കാര്യം. എന്തുപറഞ്ഞാലും കേന്ദ്രത്തെ കുറ്റപ്പെടുത്തും. ഇപ്പോൾ 'വികസന സദസ്സ്' നടത്താൻ നിർദേശിച്ചിട്ടുണ്ട്. ഐക്യജനാധിപത്യമുന്നണിക്ക് ഭൂരിപക്ഷമുള്ള പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വികസന സദസ്സ് നടത്തണമോ വേണ്ടയോയെന്ന് തീരുമാനിക്കാനുള്ള അധികാരം അവർക്കുതന്നെയാണുള്ളത്. എൽ.ഡി.എഫ്.-ന് ഒരു സീറ്റുപോലുമില്ലാത്ത അല്ലെങ്കിൽ ഒറ്റ സീറ്റ് മാത്രമുള്ള പഞ്ചായത്തുകളിൽപോലും നിർബന്ധമായും വികസന സദസ്സ് നടത്തണമെന്ന് നിങ്ങൾ നിർദേശിക്കുമ്പോൾ അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം കവർന്നെടുക്കലല്ലേയെന്ന് ഈ അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട്

ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഭേദഗതികൾ അവതരിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ചെയർപേഴ്സൺ: വളരെ നന്ദി ശ്രീ. എ. കെ. എം. അഷ്റഫ്, താങ്കൾ സമയകൃത്യത പാലിച്ചു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവ ഇവിടെ അവതരിപ്പിച്ചത് രണ്ട് നിയമത്തിലും കാലാനുസൃതമായ ചില മാറ്റങ്ങൾ കൊണ്ടുവരുന്നതിനുവേണ്ടിയാണ്. ഞാൻ അതിന്റെ മുഴുവൻ വിശദാംശങ്ങളിലേക്ക് ഇപ്പോൾ കടക്കുന്നില്ല. ഈ ബില്ലുകൾ സബ്ജക്ട് കമ്മിറ്റി പരിശോധിച്ചശേഷം വീണ്ടും സഭയിൽ ചർച്ച ചെയ്യുന്നതാണ്. എന്നാൽ ഇന്നത്തെ ചർച്ചയിൽ ഉയർന്നുവന്ന ചില കാര്യങ്ങൾക്ക് മറുപടി പറയാതിരിക്കാനാകില്ല. അധികാര വികേന്ദ്രീകരണത്തിലൂടെയും ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണ പ്രക്രിയയിലൂടെയും കേരളം എങ്ങനെയാണ് ഇന്ത്യയ്ക്ക് മാതൃകയാകുന്നതെന്നും ലോകംതന്നെ കേരളത്തിന്റെ മാതൃകയെ പഠന വിഷയവും ഗവേഷണ വിഷയവുമൊക്കെ ആക്കിയതെന്നും ബഹുമാന്യരായ ഡി. കെ. മുരളിയും കടകംപള്ളി സുരേന്ദ്രനും ഉൾപ്പെടെയുള്ള അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് ആർക്കും നിഷേധിക്കാൻ കഴിയുന്ന വസ്തുതയല്ല. അധികാര വികേന്ദ്രീകരണത്തിൽ എപ്പോഴും മാതൃകയായി ഇന്ത്യയ്ക്ക് വഴി കാണിക്കുന്നത് കേരളമാണെന്നത്

ആർക്കും നിഷേധിക്കാൻ കഴിയുന്ന കാര്യമല്ല. 73, 74 ഭരണഘടനാ ഭേദഗതികൾ കൊണ്ടുവന്ന സമയത്തെ പഞ്ചായത്ത് രാജ് മന്ത്രിയായിരുന്ന ശ്രീ. മണിശങ്കർ അയ്യരെ കേരളത്തിൽ ഒരു സെമിനാർ സംഘടിപ്പിച്ചപ്പോൾ ഞങ്ങൾ ക്ഷണിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പാർട്ടിയുടെ വിലക്ക് മറികടന്നുകൊണ്ടാണ് ആ സെമിനാറിൽ പങ്കെടുക്കാനെത്തിയതെന്ന് അദ്ദേഹംതന്നെ വെളിപ്പെടുത്തിയിരുന്നു. പാർട്ടി അദ്ദേഹത്തോട് പാതിവഴിക്ക് തിരിച്ചുപോകണമെന്നാവശ്യപ്പെട്ടിട്ടും സെമിനാറിൽ പങ്കെടുക്കാൻ അദ്ദേഹം എത്തുകയായിരുന്നു. കേരളം എങ്ങനെയാണ് അധികാര വികേന്ദ്രീകരണത്തിൽ ഇന്ത്യയ്ക്ക് വഴികാണിക്കുന്നതെന്ന കാര്യമാണ് അദ്ദേഹം അന്ന് ചൂണ്ടിക്കാണിച്ചത്. അധികാര വികേന്ദ്രീകരണത്തിൽ ഇന്ത്യയ്ക്ക് മാതൃകയാണ് കേരളം എന്നത് കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാവരും അംഗീകരിക്കുന്ന ഒരു വസ്തുതയാണ്. ഞാൻ അതിന്റെ ചരിത്രത്തിലേയ്ക്കും എന്തുകൊണ്ട് ഒരു വികേന്ദ്രീകൃതമായിട്ടുള്ള സംവിധാനം കേരളത്തിൽ രൂപപ്പെട്ടുവെന്നും അതിന്റെ രാഷ്ട്രീയവും സാമൂഹ്യവുമായ പശ്ചാത്തലം തുടങ്ങിയ വിഷയങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. മറ്റൊരവസരത്തിൽ അത് വിശദീകരിക്കാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന് ഒന്നോ രണ്ടോ മാസവും നിയമസഭാ തിരഞ്ഞെടുപ്പിന് അഞ്ചോ ആറോ മാസവും മാത്രമുള്ളപ്പോഴാണ് ഈ സഭാ സമ്മേളനം നടക്കുന്നത്. ഞാൻ ഇതിനേക്കാൾ കുറച്ചുകൂടി വെടിമരുന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും അതൊന്നുമുണ്ടായില്ല. അതിന് കാരണം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും പ്രവർത്തനത്തെക്കുറിച്ച് നിങ്ങൾ ഏറെ ഗവേഷണം നടത്തിയിട്ടും ഈ പറഞ്ഞതല്ലാതെ കൂടുതലായ പ്രശ്നങ്ങളോ ആക്ഷേപങ്ങളോ ഒന്നും

കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നതാണ് അതിന് കാരണം. പ്രതിപക്ഷത്തുനിന്നും സംസാരിക്കുമ്പോൾ ചില വിമർശനങ്ങൾ ഉന്നയിക്കേണ്ടതുണ്ട്. അല്ലെങ്കിൽ അത് പ്രതിപക്ഷ സ്വരമാണെന്ന് തോന്നില്ല.

ഇവിടെ ഉന്നയിച്ച ചില കാര്യങ്ങൾക്ക് വ്യക്തത വരുത്താനാണ് ആഗ്രഹിക്കുന്നത്. അതിലൊന്ന് ബഹുമാന്യനായ നിലമ്പൂർ അംഗം ആര്യാടൻ ഷൗക്കത്ത് പറഞ്ഞ കാര്യത്തിലാണ്. അദ്ദേഹം ഇപ്പോൾ ഇവിടെയില്ല, പോയെന്ന് തോന്നുന്നു. സഭയിലെ അദ്ദേഹത്തിന്റെ കന്നിപ്രസംഗമായിരുന്നു. സഭയിൽ ഒരു പ്രസംഗം നടത്തിയാൽ മറുപടി കേൾക്കാൻ ആ അംഗം ഉണ്ടാകുക എന്നത് സാധാരണഗതിയിൽ പാലിക്കേണ്ട ഒരു ഔചിത്യമാണ്. അദ്ദേഹത്തെക്കുറിച്ച് വ്യക്തിപരമായി പറയുന്നതല്ല, അദ്ദേഹം പുതിയ അംഗമായതുകൊണ്ട് ഞാൻ അതിൽ വലിയ ആക്ഷേപവും പരാതിയും പറയുന്നില്ല. അദ്ദേഹം ഉന്നയിച്ച കാര്യങ്ങൾക്കുള്ള മറുപടി അദ്ദേഹംകൂടി കേൾക്കേണ്ടതല്ലേ? അദ്ദേഹം അത് കേൾക്കണമെന്ന അതിയായ ആഗ്രഹമുള്ളതുകൊണ്ട് പറഞ്ഞതാണ് അല്ലാതെ കുറ്റപ്പെടുത്താൻ വേണ്ടിയല്ല. പ്രതിപക്ഷം എല്ലാം തെറ്റായി ധരിക്കുന്നതിന്റെ പ്രശ്നമാണ്. സഹോദരനിർവിശേഷമായ സ്നേഹം കൊണ്ടുപറഞ്ഞതാണ്.

എൽ.ഡി.എഫ്.-ന്റെ കാലത്ത് അധികാരം കവർന്നെടുത്തുവെന്നും ഫണ്ടുകൾ വെട്ടിച്ചുരുക്കിയെന്നുമുള്ള ആക്ഷേപം ഒരു പൊതുപ്രസ്താവനയായി ശ്രീ. എ. കെ. എം. അഷ്റഫും പറയുകയുണ്ടായി. നമ്മുടെ മുമ്പിൽ കണക്കുകളുണ്ടല്ലോ? 2011-2012-ൽ യു.ഡി.എഫ്.

ഗവൺമെന്റിന്റെ ഭരണകാലത്ത്, പദ്ധതി അടങ്കലിന് എത്രശതമാനമാണ് കൊടുത്തത്? 24.90 ശതമാനമാണ്. 2012-2013-ൽ 23.04 ശതമാനം, 2013-2014-ൽ 23.53 ശതമാനം, 2014-2015-ൽ 23.50 ശതമാനം, 2015-2016-ൽ (തിരഞ്ഞെടുപ്പ് വർഷം) 24 ശതമാനവുമാണ്. അഞ്ച് വർഷത്തെ ആവറേജ് 24.11 ശതമാനമാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2021-2022-ൽ 26 ശതമാനം, 2022-2023-ൽ 26.50 ശതമാനം, 2023-2024-ൽ 27.19 ശതമാനം, 2024-2025-ൽ 28.09 ശതമാനം, 2025-2026-ൽ 28.35 ശതമാനവുമാണ്. അഞ്ച് വർഷത്തെ ശരാശരി 27.26 ശതമാനമാണ്. നേരത്തെ ശരാശരി 24.11 ശതമാനമായിരുന്നു. ഓരോ വർഷത്തെ കണക്കെടുത്താലും അഞ്ചുവർഷത്തെ ശരാശരിയെടുത്താലും ബഹുമാന്യരായ രണ്ട് അംഗങ്ങളും പറഞ്ഞത് വസ്തുതാവിരുദ്ധമാണ്. നേരത്തെ നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ചയിലും ഇതുസംബന്ധിച്ച് നിങ്ങൾ പറഞ്ഞത് വസ്തുതാവിരുദ്ധമായ കാര്യമാണ്. എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ക്രമാനുഗതമായ വർധനവുണ്ടായത് എന്തുകൊണ്ടാണ്? ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശ ഗവൺമെന്റ് അംഗീകരിച്ചതാണ്. ആ ശിപാർശ അനുസരിച്ചുകൊണ്ടാണ് പദ്ധതി അടങ്കലിന്റെ 0.5 ശതമാനം വീതം എല്ലാ വർഷവും വർധിപ്പിച്ചുകൊടുക്കണമെന്ന ശിപാർശ നടപ്പാക്കുന്നത്. വലിയ സാമ്പത്തിക ഞെരുക്കവും പ്രതിസന്ധിയുമെല്ലാം ഉണ്ടായിട്ടും വെട്ടിച്ചുരുക്കിയില്ലെന്നു മാത്രമല്ല, ക്രമാനുഗതമായ വർധനവ് പദ്ധതി വിഹിതത്തിന്റെ കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു എന്നത്

ഈ സർക്കാരിന്റെ അധികാര വികേന്ദ്രീകരണത്തോടുള്ള ഏറ്റവും വലിയ പ്രതിബദ്ധതയുടെ ഉദാഹരണമാണ്.

പെർഫോർമൻസ് ഓഡിറ്റ് പൂർണ്ണമായും വന്ധ്യംകരിച്ചുവെന്ന പ്രയോഗം ശ്രീ. ആര്യാടൻ ഷൗക്കത്ത് നടത്തുകയുണ്ടായി. ക്രമപ്രശ്നം ഉന്നയിച്ചവേളയിൽ അതിനുള്ള മറുപടി ഞാൻ പറഞ്ഞതാണ്. പെർഫോർമൻസ് ഓഡിറ്റ് നിർത്തലാക്കുക എന്നത് 2020-2021-ലെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 208-ലെ നിർദേശമാണ്. ആ ബജറ്റ് നിയമസഭ അംഗീകരിച്ചിട്ടുള്ളതാണ്. അതിനെത്തുടർന്ന് 25.05.2022-ന് പൊതുഭരണവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ഇത് നേരത്തെതന്നെ എടുത്തിട്ടുള്ള നയപരമായ തീരുമാനമാണ്. അത് എന്തിനുവേണ്ടിയാണ്? ആഡിറ്റിനെ ദുർബലപ്പെടുത്തുന്നതിനുവേണ്ടിയല്ല, ആഡിറ്റിന് ഇപ്പോൾതന്നെ സംവിധാനമുണ്ട്. ലോക്കൽ ഫണ്ട് ആഡിറ്റ് ആക്റ്റ് പ്രകാരമുള്ള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ടുമെന്റിന്റെ ആഡിറ്റ് കൃത്യമായി നടക്കുന്നുണ്ട്. മാത്രമല്ല, 'ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി' എന്ന പ്രധാനപ്പെട്ട നിയമസഭാ കമ്മിറ്റിയുമുണ്ട്. പ്രസ്തുത കമ്മിറ്റി ഇക്കാര്യങ്ങളെല്ലാം പരിശോധിക്കുന്നുമുണ്ട്. അതിനുപുറമെ ഇന്റേണൽ വിജിലൻസ് സംവിധാനമുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന് പോലീസ് വിജിലൻസും ഇന്റേണൽ വിജിലൻസും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് തെറ്റിദ്ധാരണയുണ്ടായി എന്നുതോന്നുന്നു. വകുപ്പിന്റെ ആഭ്യന്തര വിജിലൻസ് സംവിധാനം പ്രവർത്തിക്കുന്നത് അന്യായമായി കേസിൽ കുടുക്കാനാണെന്നും എതിരാളികളെ ഇല്ലാതാക്കാനാണെന്നുമൊക്കെയുള്ള അകാരണഭീതി അദ്ദേഹത്തിന്

എന്തുകൊണ്ടാണ് ഉണ്ടായതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇത് ഇന്റേണൽ വിജിലൻസ് സംവിധാനമാണ്. അതിനുപുറമെ ഹൈക്കോടതി ജഡ്ജി അധ്യക്ഷനായിട്ടുള്ള ഓംബുഡ്സ്മാനും ജില്ലാ ജഡ്ജി അധ്യക്ഷനായിട്ടുള്ള ട്രൈബ്യൂണലുമുണ്ട്. ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമുള്ള ജൂഡീഷ്യൽ സംവിധാനവും ഭരണപരമായ സംവിധാനങ്ങളുമെല്ലാം കൃത്യമായുണ്ട്. മാത്രമല്ല, പെർഫോമൻസ് ആഡിറ്റ് ഇല്ലാതാകുന്ന സമയത്ത് സോഷ്യൽ ആഡിറ്റ് കൊണ്ടുവരികയാണ്. നേരത്തെ പറഞ്ഞതുപോലെ ഒരിക്കൽക്കൂടി കേരളം രാജ്യത്തിന് മാതൃകയാവുകയാണ്. ഈ ഭേദഗതി പാസാവുന്നതോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും സോഷ്യൽ ആഡിറ്റിന് വിധേയമാക്കാൻ തീരുമാനിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറുകയാണ്. സോഷ്യൽ ആഡിറ്റിനെക്കുറിച്ചും ശ്രീ. ആര്യാടൻ ഷൗക്കത്ത് ഇവിടെ ചില ആക്ഷേപങ്ങൾ ഉന്നയിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിലിരുന്നപ്പോൾ കൊണ്ടുവന്ന തൊഴിലുറപ്പ് പദ്ധതിയിൽ സോഷ്യൽ ആഡിറ്റിന്റെ ഒരു വ്യവസ്ഥയുണ്ടെന്ന് അദ്ദേഹത്തെ വിനയാന്വിതനായി ഓർമ്മിപ്പിക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിയുടെ മാത്രം സോഷ്യൽ ആഡിറ്റാണ്. സോഷ്യൽ ആഡിറ്റ് ഒരു കുറ്റമായി അദ്ദേഹം കാണുന്നുണ്ടോ? അത് അദ്ദേഹത്തിന്റെ പാർട്ടി ഭരിക്കുമ്പോൾ കൊണ്ടുവന്നതാണല്ലോ; സോഷ്യൽ ഓഡിറ്റിനെ ഒരു കുറ്റമായും പാടില്ലാത്ത കാര്യവുമായാണോ അദ്ദേഹം കാണുന്നത്.

സോഷ്യൽ ആഡിറ്റ് കേന്ദ്രീകൃതമാണെന്ന വിചിത്രമായ ഒരു കാര്യം കൂടി അദ്ദേഹം ഇവിടെ പറഞ്ഞു. സർക്കാർ സോഷ്യൽ ആഡിറ്റ് നടത്തുന്നത് ശരിയാണോ എന്നും ചോദിച്ചു. സോഷ്യൽ ആഡിറ്റ് എന്നുപറഞ്ഞാൽ സർക്കാർ നടത്തുന്നതല്ല; മറിച്ച് സാമൂഹികമായ പരിശോധന/ആഡിറ്റാണത്. ഗ്രാമസഭ, വാർഡ് സഭ എന്നീ ജനാധിപത്യ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് സോഷ്യൽ ആഡിറ്റ് നടത്തുന്നത്. ആ വാക്കിൽതന്നെ കാര്യങ്ങൾ വ്യക്തമാണല്ലോ? അതെങ്ങനെയാണ് കേന്ദ്രീകരണമാകുന്നത്? അത് അധികാരം തിരിച്ചെടുക്കലാണെന്ന് പറഞ്ഞു. യഥാർഥത്തിൽ, അധികാരം തിരിച്ചെടുക്കലല്ല, അധികാരം ജനങ്ങൾക്ക് കൈമാറുകയാണ്. അത് ഏതുപൗരനും വികസനപ്രവർത്തനങ്ങൾ, ക്ഷേമപ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമുള്ള അധികാരവും അവകാശവും നൽകുകയാണ്. അങ്ങനെ ജനാധിപത്യത്തിന്റെ ഏറ്റവും ഫലപ്രദമായിട്ടുള്ള ഒരു പ്രയോഗമായി സോഷ്യൽ ആഡിറ്റ് മാറുകയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ താളംതെറ്റി സഞ്ചരിച്ച ഒരു കാലമാണിതെന്നാണ് ബഹുമാന്യനായ എ. കെ. എം. അഷ്റഫ് ഇവിടെ പറഞ്ഞത്. പ്രതിപക്ഷത്തുനിന്ന് സംസാരിക്കുമ്പോൾ അദ്ദേഹത്തിന് സർക്കാരിനെ വിമർശിക്കുകയെന്ന മര്യാദ പാലിക്കേണ്ടതുണ്ടല്ലോ; ആ മര്യാദ അദ്ദേഹം പാലിച്ചു എന്നുമാത്രമേ ഞാൻ അതിൽ കാണുന്നുള്ളൂ. ആ പൊതുപ്രസ്താവനയ്ക്കപ്പുറം താളം തെറ്റിയതിന്റെ ഒരു ഉദാഹരണവും അദ്ദേഹത്തിന് ഇവിടെ ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞില്ല.

ക്ഷേമപദ്ധതികൾ അട്ടിമറിച്ചുവെന്ന മറ്റൊരു പൊതുപ്രസ്താവനയും അദ്ദേഹം നടത്തുകയുണ്ടായി. സമയക്കുറവുകാരണം ഞാൻ എല്ലാം വിശദീകരിക്കുന്നില്ല. ക്ഷേമപദ്ധതി അട്ടിമറിച്ചുവെന്ന് പറയുമ്പോൾ അങ്ങ് മനസ്സിലാക്കണം, ലോകത്തിന് മാതൃകയായ ഏറ്റവും വലിയ ഒരു ക്ഷേമപദ്ധതി കേരളത്തിൽ വിജയത്തിലെത്താൻ പോവുകയാണ്. അത് അതിദാരിദ്ര്യ നിർമാർജ്ജനമാണ്. 64006 അതിദരിദ്ര കുടുംബങ്ങളെ സർവെയിലൂടെ കണ്ടെത്തി അവരെ അതിദരിദ്രരാക്കാൻ ഇടയാക്കിയ ഘടകങ്ങൾ നിർണയിച്ച്, ആ ഘടകങ്ങൾ ഓരോന്നും പരിഹരിക്കുന്നതിനുവേണ്ടി പ്രത്യേകം പ്രത്യേകം മൈക്രോ പ്ലാൻ ഓരോ കുടുംബത്തിനും തയ്യാറാക്കി. ആ മൈക്രോ പ്ലാനിന്റെ നിർവഹണം ഇപ്പോൾ അന്തിമഘട്ടത്തിലെത്തി നിൽക്കുകയാണ്. ഇന്നുവരെയുള്ള കണക്കെടുത്താൽ 96 ശതമാനം ആളുകളെ അതിദാരിദ്ര്യത്തിൽനിന്ന് കേരളം മോചിപ്പിച്ചു കഴിഞ്ഞു. ഈ വർഷം നവംബർ 1-ന് കേരളത്തിന്റെ 70-ാം പിറന്നാൾ ആഘോഷിക്കുമ്പോൾ ആ പിറന്നാൾ ആഘോഷങ്ങൾ അർഥവത്തായി തീരുന്നത് 64006 അതിദരിദ്ര കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്ന് മോചിപ്പിച്ചുകൊണ്ടാണ്. ഇന്ത്യയിൽ ആദ്യമായി എന്നുമാത്രം പറഞ്ഞാൽ അത് പൂർണമാവുകയില്ല. ഇന്ത്യയിൽ ആദ്യമായി മാത്രമല്ല, ചൈനയ്ക്കുശേഷം ലോകത്ത് രണ്ടാമത് അതിദാരിദ്ര്യ നിർമ്മാർജ്ജനം യാഥാർത്ഥ്യമാക്കുന്ന പ്രദേശമായി കേരളം മാറുകയാണ്. അപ്പോഴാണ് ക്ഷേമപദ്ധതികളെല്ലാം അട്ടിമറിച്ചുവെന്ന് അങ്ങ് പറയുന്നത്. ലൈഫ് പദ്ധതിയുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. അതുസംബന്ധിച്ച് അദ്ദേഹം പറഞ്ഞത് കേട്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി. ശ്രീ. എ. കെ. എം. അഷ്റഫിൽനിന്നും ഞാനിത് പ്രതീക്ഷിച്ചില്ല. സർക്കാർ

പി.എം.എ.വൈ.-യുടെ കേന്ദ്ര ലിസ്റ്റ് അട്ടിമറിച്ചു എന്നാണ് ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രീ. എ. കെ. എം. അഷ്റഫ് ഇവിടെ സൂചിപ്പിച്ചത്. കേന്ദ്രത്തിനുവേണ്ടി അദ്ദേഹം വാദിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല. മഞ്ചേശ്വരത്തിന്റെ ഒരു സ്വാധീനം ശ്രീ. എ. കെ. എം. അഷ്റഫിലും കുറേശ്ശേ വന്നുതുടങ്ങിയിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ആദ്യം അദ്ദേഹം അങ്ങനെ പറഞ്ഞപ്പോൾ നാക്ക് പിഴയാണെന്ന് ഞാൻ വിചാരിച്ചു. എന്നാൽ എന്തിനും കേന്ദ്രത്തെ കുറ്റപ്പെടുത്തുന്ന സംസ്ഥാന സർക്കാർ എന്നതായിരുന്നു പിന്നീട് നടത്തിയ പരാമർശം. കേന്ദ്രത്തെ ന്യായീകരിക്കാൻ ആളില്ലാത്തതിന്റെ കുറവ് അങ്ങ് ഏറ്റെടുക്കരുത് എന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ സെക്രട്ടറിമാരുടെയും എ.ഇ.-മാരുടെയും ഒഴിവുകളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതെല്ലാം എല്ലാ കാലത്തുമുണ്ടാകുന്ന ഒഴിവുകളാണ്. 145 സെക്രട്ടറിമാരുടെ പി.എസ്.സി. നിയമനം ഇപ്പോൾ പൂർത്തിയായിട്ടുണ്ട്. അവർ ഉടൻതന്നെ ചുമതല ഏറ്റെടുക്കും. പി.എസ്.സി. വഴി മാത്രമേ നിയമനം നടത്താൻ സാധിക്കുകയുള്ളൂ. കരാർ അടിസ്ഥാനത്തിൽ എ.ഇ.-മാരെ നിയമിക്കണമെന്ന് അങ്ങ് ഇവിടെ പറയുകയുണ്ടായി. ഇപ്പോൾ കരാർ നിയമനം നടത്താനുള്ള ഉത്തരവുണ്ട്. ജില്ലാ അടിസ്ഥാനത്തിൽ എഞ്ചിനീയർമാരുടെ പാനൽ ഉണ്ടാക്കിയിട്ടുണ്ട്. അതിൽനിന്നും നിയമനം നടത്താം അതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായി ഇന്റർവ്യൂ നടത്തി നിയമനം നടത്താം. അത്തരത്തിൽ എ.ഇ.-മാരുടെ മാത്രമല്ല, ഓവർസിയർമാരുടെയും നിയമനം എഞ്ചിനീയറിങ് വിഭാഗത്തിലേക്ക് നടത്താനുള്ള ഉത്തരവ് മൂന്ന് വർഷമായി നിലവിലുണ്ട്. വസ്തുതകൾ പൂർണ്ണമായും മനസ്സിലാക്കാത്തതുകൊണ്ടാണ് അങ്ങ്

അങ്ങനെ പറഞ്ഞതെന്ന് തോന്നുന്നു.........സമയക്കുറവ് കാരണം ഞാൻ ആർക്കും വഴങ്ങുന്നില്ല. അതിൽ ആരും പരിഭവപ്പെടരുത്. പാർലമെന്ററികാര്യ വകുപ്പുമന്ത്രിക്ക് സമയത്തിന്റെ കടുത്ത പരിമിതി വന്നിരിക്കുന്നു അതല്ലാതെ ഒരു ജനാധിപത്യവിരുദ്ധ മനോഭാവവുംകൊണ്ടല്ല, സമയമില്ലാത്തതുകൊണ്ടാണ്.

തെരുവ് നായ ആക്രമണത്തെക്കുറിച്ച് ശ്രീ. എ. കെ. എം. അഷ്റഫ് ഇവിടെ സംസാരിക്കുകയുണ്ടായി. അതിന്റെ യാഥാർഥ്യം അദ്ദേഹത്തിന് അറിയാവുന്നതുകൊണ്ട് വലിയ ആക്രമണമൊന്നും അദ്ദേഹം എനിക്കെതിരെ അല്ലെങ്കിൽ ഗവൺമെന്റിനുനേരെ നടത്തിയില്ല. കേന്ദ്ര നിയമമാണ് എ.ബി.സി. റൂൾ. ആ കേന്ദ്ര നിയമത്തിനകത്തുനിന്നുകൊണ്ടുമാത്രമേ ഏത് സംസ്ഥാന സർക്കാരിനും പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. എ.ബി.സി. റൂൾ വരുന്നതിനുമുമ്പും അതിനുശേഷവുമുള്ള തെരുവുനായ ആക്രമണങ്ങളുടെ കണക്ക് പരിശോധിച്ചാൽ കാര്യങ്ങൾ വ്യക്തമാകും. എ.ബി.സി. ചട്ടങ്ങളിൽ ഇളവ് വരുത്തണമെന്നാണ് കേരളം ആവശ്യപ്പെട്ടത്. എന്നാൽ അത് കൂടുതൽ കർക്കശമാക്കുകയാണ് കേന്ദ്രം ചെയ്തിട്ടുള്ളത്. നിലവിൽ ഇതുസംബന്ധിച്ച കേസ് ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലാണ്. മാത്രമല്ല, ഈ വിഷയവുമായി ബന്ധപ്പെട്ട് മറ്റ് ഹൈക്കോടതികളിലുള്ള മുഴുവൻ കേസുകളും ഇപ്പോൾ ബഹു. സുപ്രീംകോടതി പരിഗണനയ്ക്കെടുത്തിരിക്കുകയാണ്. അങ്ങനെയൊക്കെയാണെങ്കിലും സർക്കാർ കൈയുംകെട്ടി ഇരിക്കാനല്ല ഉദ്ദേശിക്കുന്നത്. നിലവിൽ ഈ പ്രശ്നത്തിൽ നിയമപരമായി സർക്കാരിന് എന്തുചെയ്യാൻ സാധിക്കുമെന്ന് ഗൗരവമായ ആലോചന നടത്തി,

നിയമോദേശം തേടിയിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമപരമായി സ്വീകരിക്കാവുന്ന എല്ലാ നടപടികളും സ്വീകരിക്കുമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പ് നൽകുകയാണ്.

എ.ബി.സി. കേന്ദ്രങ്ങളുടെ കാര്യം സഭയിൽ ധാരാളം തവണ പറഞ്ഞിട്ടുള്ളതാണ്. എ.ബി.സി. കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പണമല്ല തടസ്സം. അതിനായി 98 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതമായി വകയിരുത്തിയിട്ടും 13 കോടി രൂപയേ ചെലവഴിക്കാൻ സാധിച്ചുള്ളൂ. ഭരണപക്ഷം/പ്രതിപക്ഷം ഭരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായാലും എ.ബി.സി. കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ നാട്ടുകാർ എതിർക്കുകയും തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നേതൃത്വം കൊടുക്കുന്നവർ അതിൽനിന്നും പിന്മാറുകയും ചെയ്യുന്നു എന്നതാണ് വസ്തുത. നമുക്കെല്ലാം അറിയാവുന്ന ഇക്കാര്യത്തിൽ കണ്ണടച്ച് ഇരുട്ടാക്കേണ്ട കാര്യമില്ലല്ലോ? പ്രവർത്തനമാരംഭിച്ച എ.ബി.സി. കേന്ദ്രങ്ങൾവരെ നാട്ടുകാർ എതിപ്പുപ്രകടിപ്പിച്ച് പൂട്ടിച്ച സംഭവവുമുണ്ടായിട്ടില്ലേ? ഇക്കാര്യങ്ങളെല്ലാം ഞാൻ പലതവണ പറഞ്ഞിട്ടുള്ളതാണ്. ശ്രീ. എ. കെ. എം. അഷ്റഫിന് അതെല്ലാം ബോധ്യമുള്ളതുമാണ്.

കെട്ടിടനിർമ്മാണത്തിന്റെ പെർമിറ്റ് ഫീസ് വർധിപ്പിച്ചുവെന്ന് അദ്ദേഹം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കെട്ടിടനിർമ്മാണത്തിന്റെ പെർമിറ്റ് ഫീസ് കൂട്ടിയകാര്യം മാത്രമേ അദ്ദേഹത്തിന് ഓർമ്മയുള്ളൂ, തൊട്ടടുത്തുതന്നെ അത് മൂന്നിലൊന്നായി കുറച്ച സംഭവമൊന്നും അദ്ദേഹത്തിന് ഓർമ്മയില്ലെന്നാണ് തോന്നുന്നത്. കാലാനുസൃതമായ

വർധനവ് മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. ലൈസൻസ് ഫീസ് കൂട്ടി എന്നതാണ് അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം. കുറച്ചതൊന്നും പ്രതിപക്ഷം കാണുകയില്ല എന്നൊരു പ്രത്യേകതയുണ്ട്. യഥാർഥത്തിൽ ലൈസൻസ് ഫീസിന്റെ പിഴ ഗണ്യമായി കുറയ്ക്കുകയാണ് സംസ്ഥാന സർക്കാർ ചെയ്തത്. അത് വ്യാപാരി സമൂഹം ഇരുകൈയും നീട്ടി സ്വാഗതം ചെയ്തിട്ടുള്ളതാണ്. അതുപോലെ കെട്ടിട നിർമ്മാണ സെസ്സ് പിരിവിനെതിരെയും അങ്ങിവിടെ പറയുകയുണ്ടായി. കെട്ടിട നിർമ്മാണത്തൊഴിലാളികൾക്ക് ക്ഷേമനിധി നൽകുന്ന വിഷയം പ്രതിപക്ഷം മുമ്പ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിൽ ഉന്നയിച്ചിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്. കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയുടെ വരുമാനം ഈ സെസ്സ് ആണ്. മുമ്പ് ഏതെങ്കിലും കാലത്ത് സെസ്സ് കൊടുത്താൽ മതിയായിരുന്നുവെന്നും ഇപ്പോൾ കൃത്യമായി സെസ്സ് പിരിക്കുന്നുവെന്നും ബഹുമാനപ്പെട്ട അംഗം ഇവിടെ പറയുകയുണ്ടായി. അതാണ് ഈ സർക്കാരിന്റെ പ്രതിബദ്ധത. സെസ്സ് കൃത്യമായി പിരിച്ചാൽ മാത്രമേ കെട്ടിടനിർമ്മാണത്തൊഴിലാളികളുടെ ക്ഷേമനിധി കൊടുക്കാൻ സാധിക്കുകയുള്ളൂ. അതിൽ മൂവായിരത്തോളം കോടി രൂപയുടെ കുടിശ്ശികയുണ്ട്. അതുകൊണ്ട് കൃത്യമായിത്തന്നെ പിരിക്കുന്നുണ്ട്. സെസ്സ് പിരിക്കുന്നതിനുള്ള ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിലേക്ക് സെസ്സ് പിരിക്കുന്നതുമായി ബന്ധപ്പെട്ട കേന്ദ്രനിയമം പി. വി. നരസിംഹറാവു പ്രധാനമന്ത്രിയായിരുന്നപ്പോൾ നിലവിൽ വന്നതാണ്. ചില പരിമിതികളുള്ളതുകൊണ്ട് തൊഴിൽ വകുപ്പിന് സെസ്സ് പിരിവ് കാര്യക്ഷമമായി നടത്താൻ സാധിക്കുന്നില്ല. അതിനാൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആ സെസ്സ് പിരിവ് നടത്തുന്നു എന്നതാണ്. കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിലേക്ക് തുക കൃത്യമായി വരുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സെസ്സ് പിരിവ് നടത്തുന്നത്. അതുമാത്രമേ ചെയ്യുന്നുള്ളൂ. അത് വേണ്ട എന്നതാണ് യു.ഡി.എഫ്.-ന്റെ അഭിപ്രായമെങ്കിൽ അക്കാര്യം പറയണം. അതിവിടെ രേഖപ്പെടുത്തണം. ഈ സെസ്സ് പിരിക്കാൻ പാടില്ലായെന്നത് ശ്രീ. എ. കെ. എം. അഷ്റഫിന്റെ ആഭിപ്രായമാണോ അതോ യു.ഡി.എഫ്.-ന്റെ അഭിപ്രായമാണോ? നിങ്ങൾ കൂടിയാലോചിച്ച് പറഞ്ഞാൽ മതി. എന്തായാലും ശ്രീ. എ. കെ. എം. അഷ്റഫിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നില്ല, കൂടിയാലോചിച്ചശേഷം പറയാമെന്നാണ് ശ്രീ. പി. ഉബൈദുള്ള പറയുന്നത്.

വികസന സദസ്സുമായി ബന്ധപ്പെട്ട കാര്യം പറയുകയുണ്ടായി. അതിൽ മുസ്ലീം ലീഗിന്റെ വിഷമം ഞങ്ങൾക്ക് മനസിലാകും. മുസ്ലീം ലീഗിന് വികസന സദസ്സിൽ പങ്കെടുക്കണമെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നു. ശ്രീ. പി. അബ്ദുൽ ഹമീദ് മാഷ് ഇപ്പോൾ സഭയിലുണ്ട്. വികസന സദസ്സ് എല്ലാവരും ഗംഭീരമായി സംഘടിപ്പിക്കണമെന്ന് പറഞ്ഞുകൊണ്ട് സർക്കുലർ ഇറക്കിയ ശ്രീ. പി. അബ്ദുൽ ഹമീദ് മാഷിനെ ഞാൻ അഭിനന്ദിക്കുകയാണ്. എന്നാൽ പിന്നീട് ആ സർക്കുലർ പിൻവലിച്ച ശ്രീ. പി. അബ്ദുൽ ഹമീദ് മാഷിനോട് സഹതാപമേയുള്ളൂ. വേറെ നിർവാഹമില്ലാത്തതുകൊണ്ട് അദ്ദേഹത്തിന് അങ്ങനെ ചെയ്യേണ്ടിവന്നതാണ്. കോൺഗ്രസിന്റെ സമ്മർദ്ദം സഹിക്കാൻ കഴിയാതെവന്നപ്പോഴാണ് അദ്ദേഹത്തിന് ആ സർക്കുലർ പിൻവലിക്കേണ്ടി വന്നത്. അദ്ദേഹത്തിന് എന്നല്ല, ഏതൊരാൾക്കും അതുമാത്രമേ ചെയ്യാൻ

സാധിക്കുകയുള്ളൂ. അദ്ദേഹം അവിടെയിരുന്ന് ചിരിക്കുന്നുണ്ട്, എല്ലാം ആ ചിരിയിൽ അടങ്ങിയിട്ടുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നത്. ശ്രീ. എ. കെ. എം. അഷ്റഫ്, നിങ്ങൾ മനസ്സുകൊണ്ട് വികസന സദസ്സിന്റെ കൂടെയാണെന്ന് ഞങ്ങൾക്കറിയാം. അതുകൊണ്ട് അതിൽ പരാതിയൊന്നുമില്ല. വികസന സദസ്സ് എന്നത് എല്ലാവർക്കുമുള്ള ഒരവസരമായിരുന്നു. അഞ്ചുകൊല്ലം പ്രവർത്തിച്ച ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭരണ സമിതിക്ക്, ജനങ്ങളുടെ മുമ്പിൽ അവർ നൽകിയ വാഗ്ദാനങ്ങളിൽ ഇന്നയിന്ന കാര്യങ്ങൾ നടപ്പാക്കിയിരിക്കുന്നു എന്ന് അഭിമാനത്തോടെ, ആത്മവിശ്വാസത്തോടെ അവതരിപ്പിച്ചുകൊണ്ട് ന്യായമായ ഒരു വിടവാങ്ങൽ നടത്താനുള്ള അവസരമാണ്, യഥാർത്ഥത്തിൽ യു.ഡി.എഫ്. വികസന സദസ്സ് ബഹിഷ്കരിച്ചതിലൂടെ ഇല്ലാതായത്. ന്യായമായും ജനങ്ങളുടെ മുമ്പിൽ ഇക്കാര്യങ്ങളെല്ലാം അവതരിപ്പിക്കാനുള്ള അവസരം നിങ്ങൾ നിഷേധിക്കുകയും നഷ്ടപ്പെടുത്തുകയുമാണ് ചെയ്തത്. നഷ്ടപ്പെടുത്തിയ അവസരത്തെക്കുറിച്ചോർത്ത് തിരഞ്ഞെടുപ്പ് കഴിയുമ്പോൾ നിങ്ങൾ ഖേദിക്കും എന്നാണ് ഞാൻ വിചാരിക്കുന്നത്. ഈ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കയച്ച് സമിതി പരിശോധിച്ച് തിരിച്ചുവരുന്ന സമയത്ത് ബാക്കി കാര്യങ്ങൾ സംബന്ധിച്ച് പറയാം. ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ചെയർപേഴ്സൺ: ശ്രീ. ഡി. കെ. മുരളി, 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

Uncorrected/Not for publication
29-09-2025

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഞാൻ  പ്രസ് ചെയ്യുന്നില്ല.

<u>ചെയർപേഴ്സൺ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആര്യാടൻ ഷൗക്കത്ത്, 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ആര്യാടൻ ഷൗക്കത്ത്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നു.

<u>ചെയർപേഴ്സൺ</u>: ശ്രീ.  ആര്യാടൻ ഷൗക്കത്ത് അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന് അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>ചെയർപേഴ്സൺ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്, 2025-ലെ പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ  2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

Uncorrected/Not for publication
29-09-2025

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

ചെയർപേഴ്സൺ: ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2) സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള പൊതുരേഖ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തര ഘട്ടങ്ങളും

ചെയർപേഴ്സൺ: രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിക്ക് സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പൊതുരേഖ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കാവുന്നതാണ്.

Uncorrected/Not for publication
29-09-2025

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പൊതുരേഖ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ആർക്കൈവ്സ് അതിന്റെ വൈവിധ്യംകൊണ്ടും ഉള്ളടക്കം കൊണ്ടും അത്യപൂർവമായ സമ്പത്താണ്. താളിയോലകൾ, ചെപ്പേടുകൾ, മുളക്കരണങ്ങൾ, പേപ്പർ രേഖകൾ, ഡിജിറ്റൽ രേഖകൾ എന്നിങ്ങനെ വ്യത്യസ്തങ്ങളായ മാധ്യമങ്ങളിൽ മഹത്തായ ചരിത്രത്തിന്റെയും പൈതൃകത്തിന്റെയും ശേഷിപ്പുകളാണ് പുരാരേഖകൾ. ഇത് ചരിത്ര യാഥാർഥ്യങ്ങളുടെ പ്രകാശഗോപുരങ്ങളും കാവൽപുരകളുമാണ്. ചരിത്രപ്രാധാന്യമുള്ള പൊതുരേഖ സന്ദർശിക്കപ്പെടുകയെന്നത് ചരിത്ര സത്യങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് അത്യന്താപേക്ഷിതമാണെന്ന് വർത്തമാനകാല യാഥാർഥ്യങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. ദേശീയ സാഹചര്യം പരിചിന്തനം ചെയ്താൽ ഇത് എത്രയേറെ ഗുരുതരമാണെന്ന് നമുക്ക് ബോധ്യമാകും. സത്യസന്ധമായ ചരിത്ര നിർമ്മിതിക്കും ഗവേഷണത്തിനും ഇത് അത്യാവശ്യമാണ്. ചരിത്രത്തെയും ചരിത്രം സൃഷ്ടിച്ച വിധാതാക്കളെയും തിരോഭവിപ്പിക്കാനുള്ള രൗദ്രഭാവങ്ങൾ ദേശീയതലത്തിൽ നമ്മൾ കാണുകയാണ്. അതിനെതിരായിട്ടുള്ള ജനവികാരം അല്ലെങ്കിൽ ആ നിലയ്ക്കുള്ള സാംസ്കാരികബോധം രാജ്യത്തുണ്ടായില്ലെങ്കിൽ ചരിത്രവും ചരിത്രം

Uncorrected/Not for publication
29-09-2025

സൃഷ്ടിച്ച മഹാരഥന്മാരുമൊക്കെത്തന്നെ ഈ മഹാരാജ്യത്തിന്റെ ചരിത്രത്തിൽ അവഗണിക്കപ്പെടുമെന്നത് ഭയാശങ്കകൾ വളർത്തുന്ന സാഹചര്യമാണ്. ഈ ബില്ലിന്റെ അവതരണ വേളയിൽ സൂചിപ്പിച്ചതുപോലെ ചരിത്രപരമായോ ഭരണപരമായോ പ്രാധാന്യമുള്ള രേഖകൾ സംരക്ഷിക്കപ്പെടുന്നത് സംബന്ധിച്ച് ഒരു പൊതുവായ നിയമം സംസ്ഥാനത്ത് ഇതുവരെ രൂപപ്പെട്ടിട്ടില്ല. ഈ ന്യൂനതയ്ക്ക് പരിഹാരം കാണുകയെന്നതാണ് 2023-ലെ കേരള പൊതുരേഖാബില്ലിന്റെ മുഖ്യ ലക്ഷ്യം. നിലവിൽ 1976-ലെ സർക്കാർ ഉത്തരവിലൂടെ മാത്രമാണ് സംസ്ഥാനത്ത് ഇത്തരം പൊതുരേഖകളുടെ ശേഖരണവും സംരക്ഷണവും നടന്നുവന്നത്. അത് വേണ്ടത്ര ഫലപ്രദമല്ലെന്ന് കണ്ടാണ് പൊതുരേഖകളുടെ സംരക്ഷണം നിയമംമൂലം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ കേരള പൊതുരേഖാ ബില്ലിന് രൂപം നൽകിയത്. 1962-ലാണ് സംസ്ഥാനത്ത് പുരാരേഖാ വകുപ്പ് ഒരു സ്വതന്ത്ര വകുപ്പായി നിലവിൽ വന്നത്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ തീർപ്പാക്കപ്പെട്ട ശാശ്വതമൂല്യമുള്ള രേഖകളുടെ സംരക്ഷണവും ഭരണനിർവഹണവുമാണ് ഈ വകുപ്പിന്റെ പ്രധാന ദൗത്യമായി നിർവഹിച്ചുവരുന്നത്. ഇതോടൊപ്പം ചരിത്രമൂല്യമുള്ള രേഖകൾ സ്വായത്തമാക്കുക, അവരുടെ സംരക്ഷണം, ഭരണ നിർവഹണം മുതലായ കാര്യങ്ങൾക്ക് സാങ്കേതിക ഉപദേശം നൽകുക, രേഖകളുടെ പ്രസിദ്ധീകരണം, പ്രാധാന്യം സംബന്ധിച്ച ബോധവൽക്കരണം, ചരിത്ര ഗവേഷണത്തിനും സർക്കാരിന്റെ ഭരണ നിർവഹണത്തിനും ആവശ്യമായ രേഖകൾ ലഭ്യമാക്കുക തുടങ്ങിയവയും സംസ്ഥാന പുരാരേഖാ വകുപ്പിന്റെ പ്രവർത്തനമേഖലകളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നതാണ്. ആധുനിക സാങ്കേതികവിദ്യകളുടെ സാധ്യതകൾ

പ്രയോജനപ്പെടുത്തി പുരാരേഖാ വകുപ്പിൽ ഒട്ടേറെ പരിഷ്കാരങ്ങൾ കഴിഞ്ഞ 9 വർഷങ്ങളായി നടപ്പാക്കി വരികയാണ്. അമൂല്യമായ രേഖകളുടെ ഡിജിറ്റൈസേഷൻ, രേഖ സംരക്ഷണത്തിന് കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതി, പുരാരേഖാ മ്യൂസിയങ്ങൾ സ്ഥാപിക്കൽ, പുരാരേഖകളെ ചരിത്ര ഗവേഷണ പഠനങ്ങൾക്ക് ഉപയുക്തമാക്കൽ, ജില്ലകളിൽ ഹെറിറ്റേജ് സെന്ററുകൾ, കാര്യവട്ടത്ത് സ്ഥാപിക്കുന്ന അന്താരാഷ്ട്ര ആർക്കൈവ്സ് ആൻഡ് ഹെറിറ്റേജ് സെന്റർ, ആർക്കൈവ്സിന്റെ കൂട്ടുകാർ എന്ന ചരിത്ര ക്വിസ് പ്രദർശനങ്ങൾ, പൈതൃകോത്സവങ്ങൾ തുടങ്ങിയ അവബോധന പരിപാടികൾ എന്നിവ വകുപ്പിന്റെ എടുത്തുപറയേണ്ട നേട്ടങ്ങളും ശ്രദ്ധിക്കപ്പെട്ട സംഭാവനകളുമാണ്. ഇത്തരത്തിൽ അമൂല്യമായ ചരിത്ര സത്യങ്ങളുടെ സംരക്ഷണത്തിന് സുപ്രധാനമായ ഇടപെടലുകളാണ് സംസ്ഥാന പുരാരേഖാ വകുപ്പ് നടത്തി വരുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ ചരിത്ര സത്യങ്ങളെയും ചരിത്രനായകന്മാരെയും മറ്റും വികലമാക്കാനും തമസ്കരിക്കാനും അസത്യങ്ങൾകൊണ്ട് സത്യത്തെ മറക്കാനുമുള്ള ഗൂഢശ്രമങ്ങളാണ് ഇന്ന് ദേശീയ തലത്തിൽ കാണാൻ കഴിയുന്നത്. അപ്പോഴാണ് ചരിത്രസത്യങ്ങളുടെ നേർസാക്ഷ്യങ്ങളുടെ സൂക്ഷിപ്പും പരിപാലനവും എത്രയേറെ ദേശീയ പ്രാധാന്യമുള്ളതാണെന്ന് നമുക്ക് ബോധ്യമാകുന്നത്. എന്നാൽ ഇത്തരത്തിൽ ഏറെ പ്രാധാന്യമുള്ളതും അമൂല്യമായതുമായ രേഖകളുടെ ശാസ്ത്രീയ സംരക്ഷണത്തിന് സർക്കാർ സർക്കുലറിലെ മാർഗനിർദേശങ്ങൾ മാത്രം ഫലപ്രദമാകില്ല എന്നതുകൊണ്ടാണ് സമഗ്രമായൊരു നിയമനിർമ്മാണത്തിന് സർക്കാർ തീരുമാനമെടുത്തത്. അനുദിനം പുതിയ രേഖകൾ ഈ ശേഖരത്തിലേയ്ക്ക് ഉൾച്ചേർക്കപ്പെടുകയാണ്. താളിയോലകൾ, ചെപ്പേടുകൾ തുടങ്ങിയ പ്രാചീന

രേഖകൾ ശേഖരിച്ച് ഡിജിറ്റൽ രൂപത്തിലാക്കിയാണ് സംരക്ഷിക്കപ്പെടുന്നത്. ഇവയെല്ലാം ഉൾച്ചേർത്തുകൊണ്ടാണ് 2023-ലെ കേരള പൊതുരേഖാ ബില്ലിന് രൂപം കൊടുത്തിട്ടുള്ളത്. 1993-ൽ കേന്ദ്ര സർക്കാർ പബ്ലിക് റിക്കാർഡ്സ് ആക്റ്റ് അംഗീകരിച്ചതിനെ തുടർന്നാണ് സംസ്ഥാനങ്ങളും അതനുസരിച്ചുള്ള നിയമനിർമ്മാണത്തിലേയ്ക്ക് കടന്നത്. കേന്ദ്ര നിയമത്തിൽ സംസ്ഥാന സർക്കാരിന്റെയും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെയും പൊതുരേഖയുടെ പരിപാലനവും നടത്തിപ്പും സംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല എന്നതുകൊണ്ടും കൂടിയാണ് സംസ്ഥാനത്ത് നിയമനിർമ്മാണം അത്യാവശ്യമായി വന്നത്. മഹാരാഷ്ട്ര, കർണ്ണാടക, ബീഹാർ, ഗോവ എന്നീ സംസ്ഥാനങ്ങളിൽ ഇതിനകംതന്നെ ഇത്തരം നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. കേന്ദ്രനിയമവും അതോടൊപ്പം മറ്റ് സംസ്ഥാനങ്ങൾ പാസ്സാക്കിയ നിയമങ്ങളും സമഗ്രമായി പരിശോധിച്ചാണ് പൊതുരേഖാ സംരക്ഷണവുമായി ബന്ധപ്പെട്ട ബില്ലിന് രൂപം നൽകിയിട്ടുള്ളത്.

ഡിജിറ്റൽ സാങ്കേതിക വിദ്യയിലേയ്ക്ക് ലോകം മാറിക്കഴിഞ്ഞ വർത്തമാനകാലത്തെ രേഖകളുടെ പ്രത്യേകത കൂടി ഈ നിയമം പരിഗണിച്ചിട്ടുണ്ടെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഇത്തരമൊരു നിയമം നടപ്പാക്കുമ്പോൾ അത് സൂക്ഷ്മവും സമഗ്രവുമാകണമെന്ന കാഴ്ചപ്പാടിലാണ് ബിൽ സെലക്ട് കമ്മിറ്റി പരിഗണിക്കണമെന്ന നിലപാട് സ്വീകരിച്ചത്. ഗവൺമെന്റ് ചീഫ് വിപ്പ്, മുൻമന്ത്രിമാർ എന്നിവർ ഉൾപ്പെടുന്ന സെലക്ട് കമ്മിറ്റി വളരെ വിശദമായിത്തന്നെ ഈ ബിൽ പരിശോധിക്കുകയുണ്ടായി. നേരത്തെതന്നെ ഈ നിയമം പാസ്സാക്കിയിട്ടുള്ള സംസ്ഥാനങ്ങളിൽ സമിതി പഠനപരമായി സന്ദർശനം നടത്തുകയും ചെയ്തു. മാത്രമല്ല,

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സിറ്റിങ് നടത്തി പൊതുജനങ്ങളിൽനിന്നും അഭിപ്രായങ്ങൾ സ്വരൂപിക്കുകയുമുണ്ടായി. പിന്നീട് നിരവധി തവണ സിറ്റിങ് നടത്തി സമഗ്ര പരിശോധന നടത്തിയശേഷമാണ് സെലക്ട് കമ്മിറ്റി റിപ്പോർട്ട് സഹിതം വീണ്ടും സഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചത്. കേരള സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങൾ, കമ്മീഷനുകൾ, കേരള സർക്കാർ നിയമിച്ച വിവിധ കമ്മിറ്റികൾ എന്നീ സ്ഥാപനങ്ങളിലെ പ്രാധാന്യമുള്ള പൊതുരേഖകളുടെ സംഭരണം, വർഗ്ഗീകരണം, സംരക്ഷണം, ഭരണനിർവഹണം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ളതാണ് 2023-ലെ കേരള പൊതുരേഖാ ബിൽ. പൊതുരേഖയുടെ സൂക്ഷിപ്പുമായി ബന്ധപ്പെട്ട ഭരണ നിർവഹണം, നടത്തിപ്പ് തുടങ്ങിയ പ്രവർത്തനങ്ങളുടെ മേൽനോട്ടം, നിയന്ത്രണം, ഏകോപനം എന്നീ കാര്യങ്ങളിൽ സംസ്ഥാന സർക്കാരിനുള്ള അധികാരം, പൊതുരേഖ സംസ്ഥാനത്തിന് പുറത്തേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള നിർദേശങ്ങൾ, റിക്കാർഡ് ഓഫീസർമാരുടെ ഉത്തരവാദിത്വങ്ങൾ; പൊതുരേഖകൾ നിയമാനുസൃതമല്ലാതെ നീക്കം ചെയ്യൽ, നശിപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾ സംഭവിക്കുമ്പോൾ റിക്കാർഡ് ഓഫീസർ കൈക്കൊള്ളേണ്ട ഉചിതമായ നടപടികൾ; പൊതുരേഖകൾ നശിപ്പിക്കലും തീർപ്പാക്കലും സംബന്ധിച്ച നിർദേശങ്ങൾ, സ്വകാര്യസ്രോതസ്സുകളിൽനിന്നും രേഖകൾ സ്വീകരിക്കുമ്പോൾ ആവശ്യമായ മാർഗനിർദേശങ്ങൾ, പൊതുരേഖകളായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ, ഇത്തരം കാര്യങ്ങളുടെ നടത്തിപ്പിനായുള്ള ഭരണ സംവിധാനങ്ങൾ, ഇതിനായുള്ള അഡ്വൈസറി ബോർഡിന്റെ ഘടനയും പ്രവർത്തനവുമൊക്കെ സംബന്ധിച്ച നിർദേശങ്ങൾ,

പുരാരേഖാ ശാസ്ത്രവുമായി ബന്ധപ്പെട്ട വിവിധ കോഴ്സുകളുടെ നിലവാരവും മാനദണ്ഡവും സംബന്ധിച്ച നിർദേശങ്ങൾ എന്നിവയാണ് ഈ ബില്ലിലെ പ്രസക്ത ഭാഗങ്ങൾ. ഈ ബില്ലിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമെന്നത് നിയമലംഘനവുമായി ബന്ധപ്പെട്ട് ശിക്ഷ വ്യവസ്ഥ ചെയ്തിരിക്കുന്നതാണ്. ഈ ബിൽ പ്രാബല്യത്തിൽ വരുന്നതോടെ അതിൽ നിഷ്കർഷിച്ചിരിക്കുന്ന നിർദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള സാഹചര്യം സംസ്ഥാനത്താകമാനം സംജാതമാകും. നിലവിലുള്ള ചരിത്രരേഖാ നയ തീരുമാനം പ്രകാരം 25 വർഷം കഴിഞ്ഞ രേഖകൾ വകുപ്പിന് കൈമാറണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും അത് ശരിയായ വിധത്തിൽ പ്രാവർത്തികമാക്കിയിട്ടില്ല. എന്നാൽ ഈ ബിൽ നിയമമാകുന്നതോടുകൂടി സർക്കാരിന്റെ ഫണ്ടുപയോഗിച്ച് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും അവരുടെ കൈവശമുള്ള ശാശ്വതമൂല്യമുള്ള രേഖകൾ 25 വർഷം കഴിയുമ്പോൾ സംസ്ഥാന പുരാരേഖാ വകുപ്പിന് കൈമാറേണ്ടതാണെന്ന് നിയമംമൂലം നിഷ്കർഷിക്കുകയാണ്. അതിന്റെ ഭാഗമായി സർക്കാർ സംവിധാനത്തിന് കീഴിൽ വരുന്ന സ്ഥാപനങ്ങൾ സൃഷ്ടിക്കുന്ന കോടിക്കണക്കിന് രേഖകൾ വകുപ്പിലേയ്ക്ക് കൈമാറുകയും അവയുടെ സംരക്ഷണവും ഭരണനിർവഹണവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് സംസ്ഥാന പുരാരേഖാ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനും സാധ്യമാകും. അതോടൊപ്പം അവബോധ പ്രവർത്തനങ്ങളിലൂടെ പ്രാധാന്യമുള്ള പൊതുരേഖകൾ വെളിച്ചത്തുകൊണ്ടുവരാനും സംരക്ഷിക്കാനും സാധ്യതയൊരുക്കും. ഇത്തരത്തിൽ അനുപേക്ഷണീയമായ ഒരു നിയമനിർമ്മാണമാണ് 2023-ലെ കേരള പൊതുരേഖാ ബിൽ എന്ന പേരിൽ ബഹുമാനപ്പെട്ട സഭയുടെ മുമ്പാകെ

സമർപ്പിക്കുന്നത്. അതുകൊണ്ട് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ചരിത്രവും ചരിത്രരേഖകളും ചരിത്രം സൃഷ്ടിച്ചിട്ടുള്ള മഹാരഥന്മാരുമൊക്കെ തിരോഭവിക്കപ്പെടുമോയെന്ന ആശങ്ക അനുദിനം വളർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ രാജ്യത്തിന്റെ ചരിത്രം, ചരിത്രരേഖകൾ, ചരിത്രരേഖകളുടെ ഭൂതകാല ചരിത്രം, പാരമ്പര്യം ഇതെല്ലാം പരിരക്ഷിക്കാൻ കഴിയുന്ന ഒരു നിയമത്തിന്റെ ആവശ്യകതയാണ് വെളിപ്പെടുത്തുന്നത്. സമഗ്രവും ഫലപ്രദവുമായ പരിശോധനയും പരിഗണനയുമെല്ലാം സെലക്ട് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിക്കഴിഞ്ഞിട്ടുണ്ട്. ആയതിനാൽ 2023-ലെ കേരള പൊതുരേഖാ ബിൽ പാസാക്കുന്നതിന് സഭയുടെ എല്ലാവിധ പിന്തുണയും സഹകരണവും അഭ്യർത്ഥിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, 2023-ലെ കേരള പൊതുരേഖ ബിൽ സംബന്ധിച്ച എന്റെ വിയോജനക്കുറിപ്പ് ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രവും പൈതൃകവും സംരക്ഷിക്കുന്നതിനും പൊതുരേഖകളുടെ കൃത്യമായ പരിപാലനവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനുമായാണ് പ്രസ്തുത ബിൽ കൊണ്ടുവരുന്നതെന്ന് ബഹുമാനപ്പെട്ട രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി ഇവിടെ പ്രതിപാദിക്കുകയുണ്ടായി. ഈ ബില്ലിന്റെ സ്പിരിറ്റിനെ പൂർണ്ണമായ അർത്ഥത്തിൽ ഉൾക്കൊള്ളുകയും ബില്ലിനെ പൂർണ്ണമായും സ്വാഗതം ചെയ്യുകയും ചെയ്യുന്നു. എന്നാൽ അനിവാര്യമായ ചില വിഷയങ്ങൾ ഗവൺമെന്റിന്റെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുണ്ട്. പൊതുരേഖകൾ, അവ സർക്കാർ വകുപ്പുകളുടേതോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേതോ പൊതുമേഖലാ സ്ഥാപനങ്ങളുടേതോ ആകട്ടെ, നമ്മുടെ സമൂഹത്തിന്റെ കാലാതീതമായ ഓർമ്മകളാണ്. ഇവയുടെ സംരക്ഷണവും

സ്വകാര്യ സ്രോതസ്സുകളിൽനിന്ന് പുരാരേഖകളുടെ ഏറ്റെടുക്കലും റിക്കാർഡ്സ് മാനേജ്മെന്റിന്റെ ഫലപ്രദമായ സംവിധാനം രൂപീകരിക്കലും നമ്മുടെ ചരിത്രത്തിന്റെ തുടർച്ച ഉറപ്പാക്കുന്നതിന് അനിവാര്യവുമാണ്. ബില്ലിലെ ചില വ്യവസ്ഥകളിലുള്ള അവ്യക്തതകളും അപാകതകളും നിയമനിർമ്മാണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ ദുർവ്യാഖ്യാനത്തിന് വിധേയമാക്കാനും അതുവഴി ജനാധിപത്യ മൂല്യങ്ങളെ ദുർബലപ്പെടുത്താനും സാധ്യതയുണ്ടെന്നുള്ളതാണ് ഈ വിയോജനക്കുറിപ്പിലൂടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. സംസ്ഥാനത്തിന്റെ ഭരണഘടനാപരമായ സംവിധാനത്തെയും ജനാധിപത്യത്തെയും ബാധിക്കുന്ന അതീവ ഗൗരവമേറിയ വിഷയവുമായി ബന്ധപ്പെട്ട 2023-ലെ കേരള പൊതുരേഖ ബിൽ എന്ന പേരിലുള്ള ഈ നിയമം സാധാരണ ജനങ്ങളുടെ ജീവിതത്തെയും അവരുടെ അടിസ്ഥാന അവകാശങ്ങളെയും നമ്മുടെ ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും വിശ്വാസ്യതയെയും നേരിട്ട് ബാധിക്കുന്നതാണ്. സർക്കാരുകളുടെ ഓരോ നടപടിയും ജനങ്ങളുടെ പരിശോധനയ്ക്ക് വിധേയമാകണം. അങ്ങുതന്നെ ഇവിടെ സംസാരിച്ച കൂട്ടത്തിൽ, ചരിത്രത്തെ വളച്ചൊടിക്കാനുള്ള ശ്രമങ്ങൾ ഇന്ന് നമ്മുടെ രാജ്യത്തുണ്ടാകുന്നുവെന്ന് പറയുകയുണ്ടായി. ഇത് വളരെ വാസ്തവമാണ്. പല ചരിത്ര സത്യങ്ങളെയും വളച്ചൊടിച്ച്, ഗവൺമെന്റിന് താൽപര്യമുള്ള പുതിയ ചരിത്രം രേഖപ്പെടുത്താനുള്ള ശ്രമമാണ് ഇന്ന് രാജ്യത്ത് കാണാൻ കഴിയുന്നത്. അതുകൊണ്ടുതന്നെ ഇത്തരത്തിലുള്ള നിയമങ്ങൾക്ക് വലിയ പ്രസക്തിയുണ്ട്. ഗവൺമെന്റുകൾ മാറിവരും. സ്വാഭാവികമായും ഒരു നിയമം കൊണ്ടുവരുമ്പോൾ, അത് പൂർണ്ണതയിലെത്തിക്കാനും ഗുണകരമാകുന്ന നിലയിൽ കൈമാറാനും കഴിയുകയെന്നത് പ്രധാനമാണ്. സുതാര്യ ഭരണസംവിധാനമുള്ള സംസ്ഥാനമാണ്

കേരളം. കാലാകാലങ്ങളായി നമുക്ക് ഒരുക്കിയെടുക്കാൻ കഴിഞ്ഞിട്ടുള്ള ഒന്നാണിത്. ഈ ബിൽ ഭരണഘടനയുടെ അടിസ്ഥാന അവകാശങ്ങളെ ലംഘിക്കുന്ന നിലയിലേയ്ക്ക് വരുന്നുവെന്നുള്ളതാണ് ഗവൺമെന്റ് ശ്രദ്ധിക്കേണ്ട ഒരു കാര്യം. 2005-ലെ വിവരാവകാശ നിയമം സംബന്ധിച്ചാണ് ഞാനിവിടെ സൂചിപ്പിച്ചത്. 2005-ലെ വിവരാവകാശ നിയമം പൊതുരേഖകളിന്മേൽ എല്ലാവർക്കും അവകാശം ഉറപ്പുവരുത്തുന്നു. എന്നാൽ 2023-ലെ കേരള പൊതുരേഖ ബില്ലിൽ, പൊതുസമൂഹം അറിയേണ്ട പല രേഖകളും നിഷേധിക്കപ്പെടുന്നു. സർക്കാരിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ജനങ്ങളുടെ അറിയാനുള്ള അവകാശം ഭരണഘടനയുടെ ഭാഗമാണെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിതന്നെ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത  ബിൽ ആ അവകാശം ഇല്ലാതാക്കുമോയെന്നുള്ള വിഷയം ചൂണ്ടിക്കാണിക്കാനാണ് ഞാനുദ്ദേശിക്കുന്നത്. 2023-ലെ കേരള പൊതുരേഖ ബില്ലിലെ ഖണ്ഡം-12 പ്രകാരം, ബന്ധപ്പെട്ട നിയന്ത്രണ അധികാരികളുടെ അനുമതി ലഭിച്ചാൽ മാത്രമെ പൊതുരേഖകൾ വ്യക്തികൾക്ക് ലഭ്യമാകുകയുള്ളൂവെന്നത് 2005-ലെ വിവരാവകാശ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യത്തിലേയ്ക്കുള്ള കടന്നുകയറ്റമായി വ്യാഖ്യാനിക്കപ്പെടും. അങ്ങുതന്നെ ഇവിടെ പ്രതിപാദിച്ചതുപോലെ, ചരിത്രപരമായി നോക്കിയാൽ, ഇന്ത്യയിലെ പൊതുരേഖകൾ സംരക്ഷിക്കുന്നതിനുള്ള നിയമം 1993-ലെ പബ്ലിക് റെക്കോർഡ്സ് ആക്റ്റ് ആണ്. അതിൽ സുതാര്യതയും അവകാശവും ഉറപ്പാക്കുകയും ഓരോ സംസ്ഥാനങ്ങളും നിയമം പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്യുന്നു. ഇന്ന് ഇവിടെ അവതരിപ്പിച്ച ബിൽ കൂടുതൽ നിയന്ത്രണങ്ങൾ കൊണ്ടുവരികയാണ് ചെയ്യുന്നത്. കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്നതാണ് റിക്കാർഡ്സ് മാനേജ്മെന്റ് ആൻഡ് ആർക്കൈവ്സ്.

ഇവിടെ കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും നിയമങ്ങൾ ഒരുപോലെ ബാധകമാകുന്നു. കേരളം കൊണ്ടുവന്നിരിക്കുന്ന ഈ നിയമം കേന്ദ്രത്തിന്റെ പബ്ലിക് റിക്കോർഡ്സ് ആക്റ്റ്, 1993-നെ മറികടക്കാൻ ശ്രമിക്കുന്നു. കേന്ദ്ര സർക്കാർ പാസാക്കിയ പബ്ലിക് റിക്കോർഡ്സ് ആക്റ്റ്, 1993-ഉം 2023-ലെ കേരള പൊതുരേഖ ബില്ലും തമ്മിൽ നിയമ സംഘർഷമുണ്ടാകാനുള്ള സാഹചര്യങ്ങളുണ്ട് എന്നതാണ് അതിൽ പ്രധാനം. അതിലൊന്ന്, ഈ ബില്ലിൽ ഖണ്ഡം-9(2) പ്രകാരം, 2023-ലെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയിൽ (2023-ലെ 46-ാം കേന്ദ്ര ആക്റ്റ്) എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിന്റെ 4-ാം വകുപ്പിലെയോ 8-ാം വകുപ്പിലെയോ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാൾക്കും, അഞ്ച് വർഷം വരെയാകുന്ന തടവ് ശിക്ഷയോ അല്ലെങ്കിൽ അൻപതിനായിരം രൂപവരെയാകാവുന്ന പിഴയോ രണ്ടുംകൂടിയോ ശിക്ഷ ലഭിക്കുന്നതാണ് എന്ന നിലയിൽ വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ശിക്ഷാ നടപടികൾ കൊണ്ടുവരുന്നുവെന്ന് അങ്ങിവിടെ സൂചിപ്പിച്ചതുസംബന്ധിച്ചാണ് ഞാൻ പറയുന്നത്. ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയിലെ വ്യവസ്ഥകൾക്ക് മുകളിലുള്ള ശിക്ഷാ നടപടികൾ ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുകയാണ്. സ്വാഭാവികമായും ഇത് വൈരുധ്യമായ നിലയിലേയ്ക്ക് കടന്നുവരുന്നു. ഇവിടെ നേരത്തെ സൂചിപ്പിച്ച, 2005-ലെ കേന്ദ്ര വിവരാവകാശ നിയമം, 1993-ലെ പബ്ലിക് റിക്കോർഡ്സ് ആക്റ്റ്, 2023-ലെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിത എന്നീ കേന്ദ്ര നിയമങ്ങളിലെയും 2023-ലെ കേരള പൊതുരേഖ ബില്ലിലെയും പല വ്യവസ്ഥകളും പരസ്പരവിരുദ്ധമാകുന്നുവെന്നത് ഒരു വസ്തുതയാണ്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. സംസ്ഥാന നിയമവും കേന്ദ്ര നിയമവും

തമ്മിൽ വൈരുധ്യമുണ്ടെങ്കിൽ കേന്ദ്ര നിയമമാണ് നിലനിൽക്കുന്നത് എന്ന കാര്യം ഭരണഘടനതന്നെ ഉറപ്പ് നൽകിയിട്ടുള്ള വിഷയമാണ്. ഇക്കാര്യം അങ്ങേയ്ക്കറിയാവുന്നതാണ്. അതുമായി ബന്ധപ്പെട്ട പ്രൊവിഷനിൽ അക്കാര്യം വളരെ വ്യക്തമായിത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ ബിൽ ഭരണഘടനാപരമായി ദുർബലമാകുന്ന സ്ഥിതിയുണ്ടാകരുത് എന്ന കാര്യമാണ് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. ഞാൻ ആദ്യമേ പറഞ്ഞതുപോലെ, ഇവിടെ ബില്ലിന്റെ ലക്ഷ്യം പൊതുവെ സ്വീകാര്യമായ ഒന്നുതന്നെയാണ്. എന്നാൽ ബില്ലിന്റെ നടപ്പാക്കൽ സാധ്യതകൾ ആശങ്കയുളവാക്കുന്ന നിലയിലേയ്ക്ക് വരുന്നു. ഖണ്ഡം-3-ൽ, സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ ഡയറക്ടർക്ക് രേഖകളുടെ സംരക്ഷണവും നിയന്ത്രണവും നിർവഹിക്കുന്നതിനുള്ള അധികാരം നൽകിയിരിക്കുന്നുവെന്ന് പറയുന്നു. ഖണ്ഡം-20 പ്രകാരം, സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം നൽകിയിരിക്കുന്നു. ഇതുവഴി രേഖകൾ നശിപ്പിക്കൽ, സ്വീകരിക്കൽ, ക്ലാസിഫൈഡ് രേഖകളുടെ ഡൗൺഗ്രേഡിങ് തുടങ്ങിയവയെല്ലാം സർക്കാരിന്റെ ഇച്ഛാനുസരണം നടപ്പാക്കുന്ന നിലയിലേയ്ക്ക് മാറുന്നു. ഇത് ഏതെങ്കിലും പ്രധാനപ്പെട്ട രേഖകൾ മൂടിവയ്ക്കാനും ഏതെങ്കിലും തരത്തിലുള്ള അന്വേഷണങ്ങൾ നടക്കുന്ന സാഹചര്യത്തിൽ അത് തടസപ്പെടുത്താനും സഹായകമാകുന്നുവെന്നുള്ള ആശങ്ക ഇവിടെ ഉയർന്നുവരുന്നു. അതായത്, പലതരത്തിലുള്ള കേസുകൾ വരുമ്പോൾ, അത് ഡിഫേസ്ഡ് ആണെന്ന് പറഞ്ഞ്, നശിപ്പിക്കാനുള്ള സാധ്യതകളാണുണ്ടാകുന്നത്.

Uncorrected/Not for publication
29-09-2025

ഖണ്ഡം-4 പ്രകാരം, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ പൊതുരേഖകൾ സംസ്ഥാനത്തിന് പുറത്ത് കൊണ്ടുപോകുന്നത് നിരോധിച്ചിരിക്കുന്നു. ഔദ്യോഗിക ആവശ്യത്തിനാണെങ്കിൽപ്പോലും സർക്കാർ അനുമതി വേണം. ഈ വ്യവസ്ഥ ഗവേഷകർ, ചരിത്രകാരന്മാർ തുടങ്ങിയവർക്ക് തടസമാകുന്ന നിലയിലേയ്ക്ക് മാറരുത്. കേരളത്തിന്റെ ചരിത്രം, സാമൂഹ്യ-സാംസ്കാരിക പൈതൃകം, ദേശീയ/അന്താരാഷ്ട്ര ഗവേഷണങ്ങൾ എന്നിവയ്ക്കെല്ലാം തടയിടുന്ന നിലയിലേയ്ക്ക് ഈ വ്യവസ്ഥകൾ മാറാൻ പാടില്ല. ഞാൻ പറയുന്ന വിഷയങ്ങളെ ഗവൺമെന്റ് പോസിറ്റീവ് ആങ്കിളിൽ കാണണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ആർക്കൈവൽ അഡ്വൈസറി ബോർഡിന്റെ രൂപീകരണം പൂർണ്ണമായും സർക്കാരിന്റെ നിയന്ത്രണത്തിലാണ്. ചെയർപേഴ്സൺ, സംസ്ഥാന പുരാരേഖ വകുപ്പ് സെക്രട്ടറി, മറ്റ് അംഗങ്ങൾ, സർക്കാർ നാമനിർദേശം ചെയ്യുന്ന അംഗങ്ങൾ തുടങ്ങിയവരാണ് ബോർഡിലെ അംഗങ്ങൾ. സ്വാഭാവികമായും ഇവിടെ സ്വതന്ത്രമായ ധാരണകൾക്ക് സ്ഥാനമില്ല. പ്രതിപക്ഷത്തിനോ സിവിൽ സൊസൈറ്റിക്കോ ഗവേഷക സമൂഹത്തിനോ പ്രാതിനിധ്യം നിഷേധിക്കുന്നത് ജനാധിപത്യ വിരുദ്ധമാണ്. സർക്കാർ നിയന്ത്രിതമായ ബോർഡ് നിഷ്പക്ഷമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. സ്വാഭാവികമായും അതിനുള്ള സാഹചര്യങ്ങൾ കുറവായിരിക്കും. നമ്മുടെ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും സാമൂഹ്യ, രാഷ്ട്രീയ ജീവിതത്തിന്റെയും രേഖകൾ സംരക്ഷിക്കുന്നതിനുള്ള മഹത്തായ സ്ഥാപനമെന്ന നിലയിൽ, കേരളത്തിലെ പുരാരേഖ വകുപ്പിന്റെ പൂർണ്ണത ഉറപ്പുവരുത്താൻ ഈ നിയമത്തിലൂടെ സാധ്യമാകണം. അങ്ങ് പറഞ്ഞ പ്രധാനപ്പെട്ട ഒരു ഭാഗത്തേയ്ക്ക് വരികയാണ്. ചരിത്രത്തെ

രാഷ്ട്രീയ ആവശ്യങ്ങൾക്ക് അനുസൃതമായി പുനർലേഖനം ചെയ്യാനുള്ള സാധ്യതകൾ ഇന്ന് വർധിച്ചുകൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ പേരിൽ നടത്തുന്ന വിവിധ ഭരണനടപടികളുടെ രേഖകൾ ഭാവി തലമുറകൾക്ക് തെളിവായി നിലനിൽക്കണം. എന്നാൽ ഭരണകൂടത്തിന് അനുകൂലമല്ലാത്ത രേഖകൾ നശിപ്പിക്കപ്പെടാനും മറച്ചുവയ്ക്കാനുമുള്ള സാധ്യതകളുണ്ടാകുന്നതിലൂടെ, അവയുടെ അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തുന്ന സംവിധാനങ്ങൾ തകരുകയും സർക്കാരിന്റെ തെറ്റുകൾ മറച്ചുവയ്ക്കാനുള്ള സാഹചര്യങ്ങളുണ്ടാകുകയും ചെയ്യും. പൊതുരേഖകളുടെ കാര്യത്തിൽ രാഷ്ട്രീയ നിർദേശപ്രകാരമുള്ള സെലക്ടീവ് ഡിസ്ക്ലോഷർ സാധ്യമാണ്. അതല്ല ഇവിടെ ആവശ്യം. എല്ലാത്തരത്തിലുമുള്ള കാര്യങ്ങളും അറിയാൻ കഴിയുകയെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് വിവരാവകാശ നിയമം നടപ്പാക്കിയിരിക്കുന്നത്. ഈ നിയമത്തിലെ പല ക്ലോസുകളും സെലക്ടീവ് ഡിസ്ക്ലോഷറിലേയ്ക്ക് എത്തിച്ചേരുന്നുണ്ട്. ചരിത്ര ഗവേഷകരും പണ്ഡിതരും അക്കാദമിക് രംഗത്തുള്ളവരുമെല്ലാം പുരാരേഖ വകുപ്പിലെ രേഖകളെ ആശ്രയിച്ചാണ് പഠനങ്ങളും ഗവേഷണങ്ങളും നടത്തുന്നത്. ഈ ബിൽ പ്രകാരം അവരുടെ സ്വാതന്ത്ര്യത്തിനും സാധ്യതകൾക്കും നിയന്ത്രണം വരുന്നുണ്ട്. അതിലൂടെ ഗവേഷണത്തിന് ആവശ്യമായ രേഖകൾ ഗവേഷകരിൽനിന്ന് മറച്ചുവയ്ക്കപ്പെടുകയും സർക്കാരിന് അനുകൂലമായ ക്യൂറേറ്റഡ് ഹിസ്റ്ററിയിലേയ്ക്ക് മാറിപ്പോകുന്നുവെന്നുമുള്ള വിഷയം ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. സ്വാഭാവികമായും പൊതുരേഖകൾ ഒരു സമൂഹത്തിന്റെ ചരിത്രത്തെളിവുകളാണ്. നമ്മുടെ സാമൂഹ്യ പോരാട്ടങ്ങൾ, സ്വാതന്ത്ര്യ സമര ചരിത്രം, തൊഴിലാളി സമരങ്ങൾ, വിവിധ തൊഴിലാളി പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട ചരിത്രങ്ങൾ, ഭരണകൂടത്തിന്റെ നേട്ടങ്ങൾ,

Uncorrected/Not for publication
29-09-2025

പരാജയങ്ങൾ എന്നിവയെല്ലാം രേഖകളിൽനിന്നാണ് അറിയാൻ കഴിയുന്നത്. അതിന്റെ ഭാഗമായാണ് ഈ ബിൽ കൊണ്ടുവരുന്നത്. ബില്ലിലെ നിലവിലെ വ്യവസ്ഥകൾ പ്രകാരം സ്വാഭാവികമായും സർക്കാരിന്റെ നിയന്ത്രിത ചരിത്ര വിവരണം മാത്രമെ ഭാവിയിൽ നിലനിൽക്കുകയുള്ളൂവെന്ന സാഹചര്യമാണുണ്ടാകുന്നത്. രേഖകളില്ലാതാക്കുന്നവർ ചരിത്രത്തെയും ചരിത്രത്തെ ഇല്ലാതാക്കുന്നവർ ജനാധിപത്യത്തെയും ഇല്ലാതാക്കുന്നുവെന്ന നിലയിലേയ്ക്കാണ് കാര്യങ്ങൾ മാറുന്നത്. ബില്ലിന്റെ ഖണ്ഡം 4-ൽ പൊതുരേഖകൾ സംസ്ഥാനത്തിന്റെ പുറത്തേക്ക് കൊണ്ടുപോകുന്നതിന് വിലക്ക് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് ഡിജിറ്റൽ കാലഘട്ടമാണ്. ഡിജിറ്റൽ യുഗത്തിൽ രേഖകളുടെ കൈമാറ്റം ഭൗതികമായി മാത്രമല്ല ഡിജിറ്റൽ രൂപത്തിലും വരുന്നുണ്ട്. ആ ഭാഗത്തെ പൂർണ്ണമായും അഡ്രസ് ചെയ്യാൻ ഈ ബില്ലിന് കഴിഞ്ഞിട്ടില്ല. ഡിജിറ്റൽ ഡോക്യുമെന്റുകളുടെ കൈമാറ്റം സംബന്ധിച്ച് ഒരു വ്യക്തത നിർബന്ധമായും ബില്ലിൽ വരേണ്ടതായിട്ടുണ്ട്. റിക്കാർഡ്സ് ഓഫീസർമാർക്ക് റിക്കാർഡ്സ് മാനേജ്മെന്റിന്റെ ട്രെയിനിങ് നൽകേണ്ടത് സംബന്ധിച്ച് ഇതിൽ പ്രതിപാദിക്കേണ്ടത് ആവശ്യമാണ്. അതുപോലെ റിക്കാർഡ്സ് ഓഫീസർമാരുടെ ക്വാളിഫിക്കേഷൻ, അവരുടെ പരിശീലനം, പുരാരേഖകളുടെ പരിപാലനം ഏത് നിലയിലേക്ക് എത്തിക്കാൻ കഴിയും തുടങ്ങിയവ ബില്ലിൽ ഉണ്ടാകാതിരിക്കുന്നത് ആശാസ്യകരമല്ല. ഈ ബില്ലിലെ ഖണ്ഡം 7(3) പ്രകാരം റിക്കാർഡ്സ് ഓഫീസർക്ക് പൊതുരേഖകൾ വീണ്ടെടുക്കുന്നതിനും പൂർവസ്ഥിതിയിലാക്കുന്നതിനുമുള്ള ആവശ്യത്തിനായി ഏതൊരു സർക്കാർ ഉദ്യോഗസ്ഥന്റെയും സേവനം ആവശ്യപ്പെടാവുന്നതും അങ്ങനെയുള്ള ഉദ്യോഗസ്ഥൻ അത്തരത്തിലുള്ള എല്ലാ

സേവനങ്ങളും നൽകേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് സ്വാഭാവികമായും വിവിധ വകുപ്പുകൾ തമ്മിലും ഉദ്യോഗസ്ഥർ തമ്മിലുമുള്ള തർക്കത്തിന് ഇടവരും. കാരണം ഈ നിയമപ്രകാരം റെക്കോർഡ് ഓഫീസർ summon ചെയ്താൽ ഉയർന്ന പദവിയിലുള്ള ഉദ്യോഗസ്ഥർക്കും ഹാജരാകേണ്ടിവരും. സ്വാഭാവികമായും അത് ഉദ്യോഗസ്ഥർ തമ്മിലുള്ള ക്ലാഷിന് കാരണമാകുമെന്ന് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഒപ്പംതന്നെ സുരക്ഷാ വിഭാഗത്തിൽപ്പെടുന്ന പൊതുരേഖകൾ സംസ്ഥാന പുരാരേഖാ വകുപ്പിന് കൈമാറേണ്ടതില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഏതൊക്കെ രേഖകളാണ് ഇപ്രകാരം സുരക്ഷാ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതെന്ന് ബില്ലിൽ വ്യക്തമായി നിർവചിച്ചിട്ടില്ല. സുരക്ഷാ പ്രശ്നങ്ങൾ കാലക്രമേണ ഇല്ലാതാകുന്ന രേഖകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥയുണ്ടാകണം. ഇന്ന് നിലനിൽക്കുന്ന സുരക്ഷാ പ്രശ്നം അമ്പതോ നൂറോ വർഷം കഴിയുമ്പോൾ ഉണ്ടായിരിക്കില്ല. സ്വാഭാവികമായും അതിവിടെ പ്രതിപാദിക്കേണ്ടത് തന്നെയാണ്. അത്തരത്തിൽ സുരക്ഷാ പ്രശ്നം എന്നതിന്റെ വ്യക്തത ഇതിലുണ്ടാകണം. സ്വകാര്യ സ്രോതസ്സുകളിൽനിന്ന് രേഖകൾ ഏറ്റെടുക്കുന്നതിന് വ്യക്തമായ മാനദണ്ഡമുണ്ടാകണം. വിലനിർണ്ണയം നടത്തുന്നതിനുള്ള മാർഗനിർദേശം ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഖണ്ഡം 17 (1) പ്രകാരം സ്വകാര്യ സ്രോതസ്സുകളിൽനിന്ന് പുരാരേഖകൾ പർച്ചേസ് കമ്മിറ്റി മുഖേന വിലയ്ക്ക് വാങ്ങുമ്പോൾ അവയുടെ വില നിർണ്ണയിക്കുന്നതിനായി ബോർഡിന് ആവശ്യമെന്ന് കരുതുന്നപക്ഷം, രണ്ടു വ്യക്തികളെ നാമനിർദേശം ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അവരുടെ യോഗ്യത സംബന്ധിച്ച വിവരം ഒന്നുംതന്നെ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമൂലം

സർക്കാരിന്റെ താൽപര്യമനുസരിച്ച് ഒരാളെ മാറ്റാനും ഇഷ്ടമുള്ളവരെ തിരുകി കയറ്റാനും സാധിക്കുന്ന സാഹചര്യം ഉണ്ടാകും. അത് ഒരിക്കലും അനുകരണീയമായ ഒന്നല്ല എന്നുള്ളതാണ് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. ഈ ബില്ലിന്റെ പൊതുവായ രൂപത്തെ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു. പക്ഷെ ഇത്തരത്തിലുള്ള ന്യൂനതകൾ നിർബന്ധമായും പരിഹരിച്ചുകൊണ്ടുതന്നെ മുന്നോട്ടുപോകണം.

അതുപോലെ ആർക്കിയോളജി ഡിപ്പാർട്ടുമെന്റിന് ഏറ്റവും കൂടുതൽ വരുമാനം കിട്ടുന്ന ഒന്നാണ് ഹിൽ പാലസ് മ്യൂസിയം. തിരുവനന്തപുരത്ത് പുതുതായി ആരംഭിച്ച ഡിജിറ്റൽ മ്യൂസിയത്തെക്കുറിച്ചൊക്കെ സംസാരിക്കുമ്പോൾ ഹിൽ പാലസ് മ്യൂസിയത്തിന് വേണ്ടത്ര പരിഗണന ഗവൺമെന്റ് കൊടുക്കുന്നുണ്ടോ എന്നുള്ള ആത്മപരിശോധന നടത്തേണ്ടതായിട്ടുണ്ട്. കാലാനുസൃതമായുള്ള മാറ്റങ്ങൾ അനിവാര്യമാണ്. അവിടെ ഡിജിറ്റൈസേഷനും മറ്റും നടക്കുന്നുണ്ട്. പക്ഷെ അതിന്റെ സാധ്യതകൾ പൂർണ്ണ തോതിൽ ഉപയോഗിക്കുന്ന നിലയിലുള്ള ഒരു പ്രോജക്ടും ഹിൽ പാലസ് മ്യൂസിയത്തിലേക്ക് കൊണ്ടുവരാൻ സാധിച്ചിട്ടില്ല. ഈ ഡിപ്പാർട്ടുമെന്റിന് ഏറ്റവും കൂടുതൽ വരുമാനം നൽകുന്ന ഒന്നാണ് ഹിൽ പാലസ് മ്യൂസിയം. അവിടെ ലൈറ്റ് ആൻഡ് സൗണ്ട് ഷോ പോലുള്ള വളരെ നൂതനമായ ആശയങ്ങൾ കൊണ്ടുവരണമെന്ന നിർദേശം മുന്നോട്ടുവച്ചെങ്കിലും ഈ ഗവൺമെന്റ് അതൊന്നും പരിഗണിച്ചിട്ടില്ല എന്നുള്ളത് വളരെ പ്രതിഷേധാർഹമായ കാര്യമാണ്. ഹിൽ പാലസ് മ്യൂസിയം പോലുള്ള ഒട്ടനവധി സംരക്ഷിത സ്മാരകങ്ങൾ ഡിപ്പാർട്ടുമെന്റിന്റെ അധീനതയിലുണ്ട്. കാലാനുസൃതമായ ക്രമീകരണങ്ങളും

മുന്നേറ്റങ്ങളും കൊണ്ടുവരാൻ സാധ്യമാകണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിച്ചുകൊണ്ട് വിയോജന കുറിപ്പ് മുന്നോട്ടു വയ്ക്കുകയാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലിലെ വ്യവസ്ഥകളോട് ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഒരു രാജ്യത്തിന്റെ അല്ലെങ്കിൽ ഒരു പ്രദേശത്തിന്റെ സംസ്കാരവും ചരിത്രവും വിളിച്ചോതുന്നത് അവിടത്തെ പുരാരേഖകളാണ്. അവയെ കണ്ടെത്തുന്നതിനും ഉള്ളവയെ സംരക്ഷിക്കുന്നതിനും നമുക്ക് കഴിയുന്നുണ്ടോയെന്ന് ആത്മപരിശോധന നടത്താനുള്ള ഒരു അവസരമാണിത്. കാസർഗോഡിന്റെ ചരിത്രത്തെക്കുറിച്ച് നമുക്ക് എല്ലാവർക്കുമറിയാം. കാസർഗോഡിൽ ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന ഒരാളാണ് ഞാൻ. എന്നെക്കാൾ കൂടുതലായി ബഹുമാനപ്പെട്ട മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിക്ക് കാസർഗോഡിനെക്കുറിച്ചറിയാം. 25-ാം വയസ്സിൽ അദ്ദേഹത്തിന് ലോക്സഭയിലേക്ക് പോകാനുള്ള ഭാഗ്യം നൽകിയത് കാസർഗോഡിന്റെ മണ്ണാണ് എന്നുള്ളത് ഞാൻ അഭിമാനത്തോടുകൂടി പറയാനാഗ്രഹിക്കുകയാണ്. അതുകൊണ്ട് കാസർഗോഡിന്റെ ചരിത്രം എല്ലാവരെക്കാളും കൂടുതൽ അറിയുന്ന ആളാണ് ബഹുമാനപ്പെട്ട മന്ത്രി. ലോക രാജ്യങ്ങളുടെ ഇടയിൽ ഇന്ത്യയ്ക്കുള്ള പ്രത്യേകത നമുക്കെല്ലാവർക്കുമറിയാം. ലോകത്ത് ഇത്രയധികം വൈവിധ്യമുള്ള ഭാഷകൾ, ജാതികൾ, സംസ്കാരങ്ങൾ എന്നിവയുള്ള രാജ്യം ഇന്ത്യയല്ലാതെ വേറെയൊന്നില്ല. ആ ഇന്ത്യയുടെ ഒരു പ്രതിരൂപമാണ് കാസർഗോഡ് ജില്ല. സപ്തഭാഷാ സംഗമ ഭൂമി എന്നാണ് കാസർഗോഡ് അറിയപ്പെടുന്നത്. പക്ഷെ കാസർഗോഡ് ജില്ലയിൽ ഏഴ് ഭാഷകളിൽ കൂടുതൽ

സംസാരിക്കുന്നുണ്ട് എന്നാണ് ഇപ്പോൾ പലരും പറയുന്നത്. കാസർഗോഡുള്ള മതങ്ങൾ, ജാതികൾ, സംസ്കാരം എന്നിവ ബഹുമാനപ്പെട്ട മന്ത്രിക്ക് നല്ലതുപോലെ അറിയാം. കാസർഗോഡിന്റെ ഈ സവിശേഷതയും പാരമ്പര്യവും സാംസ്കാരിക പൈതൃകവും സംബന്ധിക്കുന്ന എന്തെങ്കിലും രേഖകൾ ഗവൺമെന്റിന്റെ കൈവശമുണ്ടോ? ഈ ജില്ലയുടെ പഴയകാലം അന്വേഷിച്ചുപോകുന്നവർക്ക് ഇപ്പോൾ നിരാശയാണ് ഫലം. സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പ് കാസർഗോഡ് മദ്രാസ് പ്രസിഡൻസിയിലെ ദക്ഷിണ കാനറ ജില്ലയുടെ ഭാഗമായിരുന്നു. മദ്രാസ് ആർക്കൈവ്സിൽ കുറേ രേഖകളുണ്ടെന്ന് പറയുന്നുണ്ടെങ്കിലും കാസർഗോഡ് ഉൾപ്പെടുന്ന മലബാറിനെ സംബന്ധിക്കുന്ന രേഖകൾ നമുക്ക് കൈമാറിയിട്ടുണ്ടോ എന്നുള്ളത് പരിശോധിക്കേണ്ട കാര്യമാണ്. അത് കൈമാറിയിട്ടുണ്ടെങ്കിൽ അവ കൃത്യമായി രേഖപ്പെടുത്താനോ പൂർണ്ണമായ ലിസ്റ്റ് ഉണ്ടാക്കാനോ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടുണ്ടോ എന്നും പരിശോധിക്കണം. കേരളത്തിന് ഒരു നല്ല പത്രപ്രവർത്തന ചരിത്രമുണ്ട്. പക്ഷെ ഒരു ന്യൂസ്പേപ്പർ ആർക്കൈവ്സ് ഇവിടെയില്ല. പുരാരേഖാ വകുപ്പിന്റെ ജോലി എന്നുള്ളത് കേരളത്തിലെ സമ്പന്നമായ പുരാരേഖകളുടെ സംരക്ഷണവും പരിപാലനവുമാണ്. പക്ഷെ അതിവിടെ നടക്കുന്നുണ്ടോ? ഈയിടെ ഇന്ത്യൻ എക്സ്പ്രസ്സിൽ ഒരു അന്വേഷണ പരമ്പരയുണ്ടായിരുന്നു. അതിൽ ഒരു ദിവസത്തെ ഫീച്ചറിന് നൽകിയ തലക്കെട്ട് ഇതാണ് “ 'In a shambles: Sorry state of archives in Kerala has experts sounding alarm bells” എന്നായിരുന്നു. രണ്ടാമത്തെ ദിവസത്തെ തലക്കെട്ട് “ As focus shifts away from archives, Kerala state's rich history at risk of erasure” . മൂന്നാമത്തെ ദിവസത്തെ തലക്കെട്ട് 'States

rich history slowly getting erased' എന്നാണ്. ഇതാണ് നമ്മുടെ പുരാരേഖകളുടെ ഇന്നത്തെ ദയനീയാവസ്ഥയെന്ന് സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ ബില്ല് പാസ്സാക്കുന്ന ഈ സമയത്തുപോലും കേരളത്തിലെ പുരാരേഖകളുടെ വിശദമായ ഒരു കാറ്റലോഗ് നമ്മുടെ കൈവശമില്ല. ഉമ്മൻ ചാണ്ടി സർക്കാർ തുടങ്ങിവച്ച താളിയോല ചുരുണ സംരക്ഷണ പ്രവർത്തനങ്ങൾ ഇപ്പോൾ മുടങ്ങിക്കിടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അതൊന്ന് പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അന്ന് ലോകത്തിലെ ഏറ്റവും വലിയ താളിയോല ശേഖരത്തിലെ ഒരു കോടിയിലധികം വരുന്ന രേഖകൾക്ക് സ്ഥിരമായി പ്രത്യേക പരിശീലനം നൽകിയ നാല്പതോളം താൽക്കാലിക ജീവനക്കാർ കൃത്യമായി ചുരുണ പൊടി തുടച്ച് പ്രത്യേകം തയ്യാറാക്കിയ പുൽതൈലം കൊണ്ട് വൃത്തിയാക്കി സൂക്ഷിച്ചിരുന്നു. ആ പ്രക്രിയ ഇപ്പോൾ നടക്കുന്നില്ല എന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. അതുപോലെതന്നെ തിരുവിതാംകൂർ ഹൈക്കോടതിയിലെ രേഖകൾ, വിധിന്യായങ്ങൾ എന്നിവ താളിയോലയിലും പേപ്പറിലും ഉള്ളത് സൂക്ഷിച്ചിരിക്കുന്നത് സെൻട്രൽ ആർക്കൈവ്സിലാണെന്നാണ് വകുപ്പ് പ്രസിദ്ധീകരിച്ച 'Guide to Central Archives' എന്ന ഗ്രന്ഥത്തിൽ കാണുന്നത്. പ്രസ്തുത ഹൈക്കോടതി രേഖകൾ ഇപ്പോഴും പൊടിഞ്ഞ് നശിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ സെക്രട്ടേറിയറ്റിലെ സെല്ലാർ റിക്കാർഡ്സിലാണ് സെക്രട്ടേറിയറ്റിലെ നിഷ്ക്രിയ ഫയലുകൾ സൂക്ഷിക്കുന്നത്. ഇത്തരം ആയിരക്കണക്കിന് ഫയലുകൾ ആർക്കൈവ്സ് വകുപ്പിലേക്ക് മാറ്റാൻ ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ആ സെല്ലാർ റൂമിലുള്ള ഒരൊറ്റ ഫയൽ പോലും കഴിഞ്ഞ മൂന്ന് വർഷമായി പുരാരേഖ

വകുപ്പിലേക്ക് ലിസ്റ്റ് ചെയ്ത് മാറ്റിയിട്ടില്ല. ഈ ബിൽ വളരെ അഭിമാനത്തോടുകൂടി പാസ്സാക്കുമ്പോൾ അത്തരം കാര്യങ്ങൾകൂടി ശ്രദ്ധിക്കേണ്ടതല്ലേയെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുകയാണ്. കുറ്റകരമായ ഈ അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥർ ശമ്പള ഇനത്തിൽ ഈ കാലയളവിൽ 25 ലക്ഷത്തിലധികം രൂപ കൈപ്പറ്റിയിട്ടുണ്ട് എന്നാണ് നാം മനസ്സിലാക്കേണ്ടത്. എന്ത് ജോലി ചെയ്തതിന്റെ പേരിലാണ് അവർ ഇത്രയും തുക കൈപ്പറ്റിയത്. ഇക്കാര്യത്തിൽ നാളിതുവരെ ഒരു നടപടിയുമുണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി 25-ാം വയസ്സിൽ കാസർഗോഡ് എം.പി. ആയിരുന്നപ്പോളുണ്ടായിരുന്ന ഉശിരും ഉഷാറുമൊക്കെ ഇക്കാര്യത്തിലും കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, നമ്മുടെ ചരിത്രം ഉറങ്ങിക്കിടക്കുന്നത് ആർക്കൈവ്സിലുള്ള രേഖകളിലൂടെയാണ്. ആർക്കൈവ്സിൽ ഉള്ള പഴയ രേഖകൾ കൂടാതെ ഒരുപാട് രേഖകൾ സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുമുണ്ടായിരിക്കും. സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള രേഖകൾ പിടിച്ചെടുക്കാനോ കാശ് കൊടുത്ത് വാങ്ങാനോ സർക്കാരിന് എന്തെങ്കിലും അധികാരങ്ങളുണ്ടോ? ഇതുപോലുള്ള ബിൽ വരുമ്പോൾ കാണേണ്ട മറ്റൊരു കാര്യം, ബാബറി മസ്ജിദ് തകർക്കാൻ കാരണമാക്കി ഉയർത്തിക്കൊണ്ടുവന്ന രേഖകൾ സയന്റിഫിക്കലി ഒരിക്കലും തെളിയിക്കാൻ കഴിയാത്ത സാഹചര്യങ്ങളുണ്ട്. അതിനാൽ ഭരിക്കുന്ന ഗവൺമെന്റിന്റെ ഒത്താശയോടുകൂടി ചരിത്രത്തെപ്പോലും മാറ്റിമറിക്കാൻ കഴിയുന്ന വിധത്തിലേക്ക് ഈ ബില്ല് രൂപാന്തരപ്പെടുമോ എന്നുള്ള ആശങ്ക അങ്ങേയ്ക്കുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഈ ബില്ലിൽ പല അപാകതകളുണ്ട്. അതിനെക്കുറിച്ചാണ് ശ്രീ. അനൂപ് ജേക്കബ് ഇവിടെ ചൂണ്ടിക്കാണിച്ചത്. പല സ്വകാര്യ വ്യക്തികളുടെയും കൈവശം വളരെ അമൂല്യമായ രേഖകളുണ്ട്. എനിക്ക് ഓർമ്മ വരുന്നത് കാസർഗോഡ് ജില്ലയിലെ മാലീക് ദീനാർ പള്ളി എന്ന് അറിയപ്പെടുന്ന മാലിക് ദീനാർ ജുമാ മസ്ജിദിനെയാണ്. ഇന്ത്യയിലെത്തന്നെ ഏറ്റവും പുരാതനമായൊരു പള്ളിയാണത്. ഹിജ്റ 22-ാം വർഷം റജബ് 13-ാം തീയതി തിങ്കളാഴ്ചയാണ് ആ പള്ളിയുടെ ഉദ്ഘാടനം നടന്നത്. അതായത്, 1400 വർഷം കഴിഞ്ഞു. ആ പള്ളിയിൽ പ്രവേശിക്കുമ്പോൾ ഇന്നും കാണാൻ സാധിക്കുന്നത് പള്ളിക്കകത്തെ ഒരു വാതിലിൽ അറബിയിൽ ചിലത് കുറിച്ചുവച്ചിട്ടുള്ളതാണ്. അത് എന്താണെന്ന് അന്വേഷിക്കണ്ടേതല്ലേ? ഈ ബിൽ വളരെ അഭിമാനത്തോടുകൂടി പാസ്സാക്കുമ്പോൾ അത്തരം കാര്യങ്ങൾ പരിശോധിക്കണ്ടേ. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്, കാസർഗോഡ് തളങ്കര പടിഞ്ഞാറിലുള്ള സ്കൂൾ കോമ്പൗണ്ടിലൊരു കല്ലുണ്ട്. അതിൽ ചില കാര്യങ്ങൾ കുറിച്ചിട്ടുള്ളത് ഏത് ഭാഷയിലാണെന്ന് അറിയില്ല. പണ്ട് രാജാക്കന്മാർ കൊടുത്ത പ്രമാണമാണെന്നാണ് ആളുകൾ പറയുന്നത്. ഈ ബിൽ പാസ്സാക്കുമ്പോൾ അത്തരം കാര്യങ്ങൾ പരിശോധിക്കേണ്ടതല്ലേ; മറ്റൊന്ന്, കാസർഗോഡ് ജില്ലയിലെ വളരെ പുരാതനമായ ഒരു ക്ഷേത്രമാണ് മധൂർ ശ്രീമദനന്തേശ്വര-സിദ്ധിവിനായക ക്ഷേത്രം. സ്കന്ദപുരാണത്തിൽ ഈ ക്ഷേത്രത്തെക്കുറിച്ച് പറയുന്നുണ്ട്. 1200 വർഷങ്ങൾക്കുമുമ്പാണ് ഈ ക്ഷേത്രം പണിതത്. അവിടെ കൊത്തുപണികൾ ധാരാളമുണ്ട്. ഇന്ത്യയിലെ ഈ പുരാതന ക്ഷേത്രം പണിതത് മായിപ്പാടി രാജാവാണെന്നാണ് പറയുന്നത്. അതെല്ലാം

അന്വേഷിക്കേണ്ടതല്ലേ; മായിപ്പാടി രാജാവിന്റെ കൊട്ടാരം അവിടെയുണ്ട്. ഈ ബിൽ പാസ്സാക്കുമ്പോൾ അത്തരം കാര്യങ്ങൾകൂടി അന്വേഷിക്കേണ്ടത് അനിവാര്യമായിരുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, പുരാവസ്തുവുമായി ബന്ധപ്പെട്ട് കാസർഗോഡിന്റെ ചരിത്രത്തിലെ ഓരോ ഏടുകളെക്കുറിച്ചാണ് പറയുന്നത്. കാസർഗോഡ് ജില്ലയുടെ അങ്ങേയറ്റത്താണ് മഞ്ചേശ്വരം സ്ഥിതി ചെയ്യുന്നത്. അവിടെ മുൻ സഹകരണ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ജി. സുധാകരൻ 150 വർഷം പഴക്കമുള്ള പഴയ രജിസ്ട്രേഷൻ ഓഫീസ് ഉദ്ഘാടനത്തിനായി എത്തിയിരുന്നു. പഴയ ഓഫീസ് പൊളിച്ചുമാറ്റുന്നതിനുവേണ്ടി പറഞ്ഞപ്പോൾ അതിന്റെ ചരിത്രവും ഭംഗിയും കണ്ടപ്പോൾ അതിനെ വലിയൊരു പുരാവസ്തു കേന്ദ്രമായി നിർമിക്കാമെന്ന് അദ്ദേഹം പറഞ്ഞു. ജൈനമതക്കാരുടെ ഏഷ്യയിലെ ഏറ്റവും വലിയ നാടായിരുന്നു മഞ്ചേശ്വരം. ഇപ്പോഴും ഏഷ്യയിലെ ഏറ്റവും വലിയ ജൈനക്ഷേത്രം ബങ്കര മഞ്ചേശ്വരം സ്കൂളിന്റെ മുമ്പിലുണ്ട്. ഇതെല്ലാം പുരാവസ്തുവിന്റെ ഭാഗമായി ചരിത്ര രേഖകളിലുൾപ്പെടുത്തേണ്ടതല്ലേ; അക്കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡിന്റെ പഴയകാലത്തെ വിസ്മരിച്ചുകൊണ്ട്, വിസ്മൃതകോടിയിലേക്ക് തള്ളിക്കൊണ്ട് കേരളത്തിന്റെ ചരിത്രം എഴുതാൻ ആർക്കും സാധിക്കില്ല. അങ്ങയുടെ നിയോജകമണ്ഡലമായ മഞ്ചേശ്വരത്തിലെ ബ്യാരി ഭാഷ കേരളത്തിലെവിടെയുമില്ല. ബ്യാരി ഭാഷയുടെ ഉത്ഭവവും ചരിത്രവുമൊക്കെ നമ്മൾ പഠിക്കണം.

ഈ ബിൽ പാസ്സാക്കുമ്പോൾ അത്തരം കാര്യങ്ങൾകൂടി പരിഗണിക്കേണ്ടതായിരുന്നു എന്നാണ് എനിക്ക് പറയാനുള്ളത്.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ഈ ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രി കാസർഗോഡ് എം.പി.-യായിരുന്നുവെന്ന കാര്യം അങ്ങ് ഓർമ്മിക്കുന്നുണ്ടോ?

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, അത് പറഞ്ഞുകൊണ്ടാണ് എന്റെ പ്രസംഗം ആരംഭിച്ചതും. അദ്ദേഹത്തിന് ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ ഇന്ത്യൻ പാർലമെന്റിലേക്ക് പോകാനുള്ള ഭാഗ്യം കാസർഗോഡ് ജില്ലയിൽനിന്നാണ് ലഭിച്ചത്. അദ്ദേഹത്തിന്റെ എതിരാളി ആരായിരുന്നുവെന്ന് പഴയകാലം പറഞ്ഞ് ഞാൻ അദ്ദേഹത്തിന്റെ മനസ്സ് വേദനിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. ഇത് പറഞ്ഞപ്പോൾ എനിക്കൊരു കാര്യമാണ് ഓർമ്മ വരുന്നത്. അദ്ദേഹം വിജയിച്ചപ്പോൾ കാലിനടിയിലെ ചുവപ്പ് മാറാത്ത ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയെ പാർലമെന്റിലേക്ക് അയച്ചത് കാസർഗോഡാണെന്ന് പറഞ്ഞത് ഞങ്ങളുടെ പ്രിയപ്പെട്ട, മഹാനായ നേതാവ് സി. എച്ച്. മുഹമ്മദ് കോയ സാഹിബാണെന്ന കാര്യം ഞാൻ അനുസ്മരിക്കുകയാണ്.

ആർക്കൈവ്സ് ഹെറിറ്റേജ് സെന്ററുകളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത് നമ്മുടെ ആർക്കൈവ്സ് സെന്ററുകൾ ഇന്ന് വെറും നോക്കുകുത്തികളാണെന്നാണ്. ആർക്കൈവ്സിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വൈക്കം, കോഴിക്കോട്,

കണ്ണൂർ, ഇടുക്കി, കൊല്ലം എന്നീ ജില്ലകളിൽ ഹെറിറ്റേജ് സെന്ററുകൾ ആരംഭിച്ചുവെങ്കിലും അവിടെ രേഖാ സംരക്ഷണ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. കണ്ണൂരിലെ കാര്യങ്ങൾ എന്നെക്കാൾ കൂടുതൽ ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതാണ്. ഉദ്ഘാടനത്തിനുവേണ്ടി ചില രേഖകൾ അവിടെ കൊണ്ടുവച്ചതല്ലാതെ ഗവേഷകർക്ക് അവിടെ വന്ന് രേഖകൾ പരിശോധിക്കുന്നതിനുള്ള ഒരു സംവിധാനവും നിലവിലില്ല. ഇത്തരം സംവിധാനങ്ങൾ തുടങ്ങിയത് ഈ സെന്ററുകൾ തുടങ്ങിയവർക്കുപോലും അറിയാമെന്ന് എനിക്ക് തോന്നുന്നില്ല. അക്കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഈ ബില്ലിലുള്ള കുറെ അപാകതകളെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. പൊതുരേഖകൾ സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോകുന്നതിനുള്ള വിലക്കിനെ സംബന്ധിച്ച് ഈ ബില്ലിൽ സൂചിപ്പിക്കുന്നുണ്ട്. സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെയല്ലാതെ യാതൊരു വ്യക്തിയും സ്ഥാപനവും പൊതുരേഖകൾ സംസ്ഥാനത്തിന് പുറത്തേയ്ക്ക് കൊണ്ടുപോകുകയോ കൊണ്ടുപോകാൻ ഇടവരുത്തുകയോ ചെയ്യാൻ പാടില്ലാത്തതും എന്നാൽ ഔദ്യോഗിക ആവശ്യത്തിനായി ഏതെങ്കിലും പൊതുരേഖകൾ സംസ്ഥാനത്തിന് പുറത്തേയ്ക്ക് കൊണ്ടുപോകുന്നതിനോ അയച്ചുകൊടുക്കുന്നതിനോ അങ്ങനെയുള്ള മുൻകൂട്ടിയുള്ള അനുമതി ആവശ്യമില്ലാത്തതാണെന്നുമാണ് സൂചിപ്പിക്കുന്നത്. സർക്കാരിന് തോന്നിയതുപോലെ നമ്മുടെ പുരാരേഖകൾ ഏത് രാജ്യത്തേയ്ക്കും കൊണ്ടുപോകാമെന്നാണോ ഇതുകൊണ്ട് വിവക്ഷിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. വ്യക്തികളുടെ കൈയിലുള്ള രേഖകളെ സംബന്ധിച്ച് ശ്രീ. ടി. വി. ഇബ്രാഹിം സൂചിപ്പിച്ചു. അത് വ്യക്തികൾ കൊണ്ടുപോകും.

പക്ഷേ സർക്കാരിന്റെ അനുമതിയില്ലാതെ ഒരു രേഖയും നമ്മുടെ സംസ്ഥാനത്തുനിന്നും പുറത്തുകൊണ്ടുപോകാൻ പാടില്ലെന്ന് പറയുന്നുണ്ട്. സർക്കാർ വിചാരിച്ചാൽ എന്തും വിദേശ രാജ്യങ്ങളിലേക്ക് കടത്താം. അതിനെക്കുറിച്ച് ഒരു വ്യക്തത വേണമെന്ന ആശങ്ക എനിക്കുണ്ട്. അത് ഞാൻ ഇവിടെ പങ്കുവയ്ക്കുകയാണ്.

ആർക്കൈവ്സിനെക്കുറിച്ച് ഡോ. ടി. എം. തോമസ് ഐസക് ഒരു കാര്യം പറഞ്ഞിട്ടുണ്ട്. കേരള ചരിത്രത്തോടും നമ്മുടെ പാരമ്പര്യത്തോടും ചെയ്യുന്ന ഏറ്റവും സംസ്കാരശൂന്യമായ vandalism ആണ് ഇവിടെ നടക്കുന്നതെന്നാണ് അദ്ദേഹം ആർക്കൈവ്സിനെ കുറിച്ച് സൂചിപ്പിച്ചത്. Vandalism എന്നത് കുറ്റകരമായ നിഷ്ക്രിയത്വം, വിധ്വംസന ശീലം, വസ്തുതകൾ മനഃപൂർവം നശിപ്പിക്കുകയോ വികൃതപ്പെടുത്തുകയോ ചെയ്യുന്നതാണ് എന്ന അർഥംകൂടി അദ്ദേഹം നൽകുകയുണ്ടായി. അക്കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് എന്റെ വിയോജനം ഒരിക്കൽക്കൂടി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ചരിത്രാന്വേഷികൾ വളരെ കൗതുകത്തോടുകൂടി വീക്ഷിക്കുന്ന ഒരു പ്രധാനപ്പെട്ട നിയമനിർമ്മാണത്തിനാണ് നാം ഇവിടെ സാക്ഷിയാകുന്നത്. ഇത്തരമൊരു ബിൽ അവതരിപ്പിക്കാൻ അവസരം ലഭിച്ച ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. എന്റെ സഹപ്രവർത്തകനായ ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ പ്രസംഗം കേട്ടാൽ ഇതൊരു കാസർഗോഡ് ബില്ലാണെന്ന് തോന്നിപ്പോകും. കാസർഗോഡ് ജില്ലയിലെ പൊതുരേഖയോ പുരാരേഖയോ സംരക്ഷിക്കാനുള്ള ബിൽ അല്ല. സംസ്ഥാനത്താകെയുള്ള പുരാവസ്തുക്കൾ,

പുരാരേഖകൾ, പൊതുരേഖകൾ സംരക്ഷിക്കുകയെന്ന അർഥത്തിലാണ് ഈ ബില്ലിനെ കാണേണ്ടത്. ബഹുമാന്യനായ എൻ. എ. നെല്ലിക്കുന്ന് സൂചിപ്പിച്ചതുപോലെ നൂറ്റാണ്ടുകളുടെ പഴക്കമുള്ള നിരവധി ആരാധനാലയങ്ങളും മറ്റുസാംസ്കാരിക കേന്ദ്രങ്ങളും സംസ്ഥാനത്തുണ്ട്. ഇവയൊക്കെ സംരക്ഷിക്കപ്പെടണം. നേരത്തെ ശ്രീ. എ. കെ. എം. അഷ്റഫ് വളരെ കൃത്യമായ കാര്യമാണ് പറഞ്ഞത്. ഏറ്റവും പഴക്കമുള്ള രേഖകൾ കാണണമെങ്കിൽ രജിസ്ട്രാർ ഓഫീസുകളിലാണ് പോകേണ്ടത്. സബ് രജിസ്ട്രാർ ഓഫീസുകൾക്കായി കെട്ടിടം നിർമ്മിച്ചപ്പോഴാണ് പഴയ താളിയോലകൾ കാണാൻ കഴിഞ്ഞത്. അങ്ങനെയുള്ള പഴയ രേഖകളൊക്കെ സംരക്ഷിക്കാൻ കഴിയുന്ന വിധത്തിൽ പൂർണ്ണമായും കുറ്റമറ്റ രീതിയിലായിരിക്കണം ഈ ബിൽ കൊണ്ടുവരേണ്ടത് എന്നതുകൊണ്ടാണ് ഇത്തരം നിർദേശങ്ങളൊക്കെ മുന്നോട്ടുവയ്ക്കുന്നത്. ഈ ബില്ലിൽ പൊതുരേഖയെക്കുറിച്ച് പറയുമ്പോൾ സ്വകാര്യ രേഖകൾകൂടി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതും പൊതുരേഖയാണ്. പല കുടുംബങ്ങളുടെയും കൈവശമുള്ള സ്വകാര്യ താളിയോലകളെല്ലാം വളരെ പഴക്കമുള്ളതാണ്. ഇത് സ്വകാര്യ വ്യക്തികളുടെ കൈവശമുള്ളതാണെങ്കിൽപ്പോലും അത് പൊതുരേഖയായി കണക്കാക്കണം. സ്വകാര്യ വ്യക്തികളുടെ കൈവശം വലിയരീതിയിലുള്ള ശേഖരമുണ്ട്. ആ ശേഖരങ്ങൾകൂടി സംരക്ഷിക്കാനുള്ള വ്യവസ്ഥ ഈ ബില്ലിൽ ഉൾപ്പെടുത്തണം. ഖണ്ഡം 4-ൽ, പൊതുരേഖകൾ സംസ്ഥാനത്തിന് പുറത്തേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള വിലക്ക് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റൽ യുഗത്തിലാണ് ഇപ്പോൾ നമ്മൾ ജീവിക്കുന്നത്. ഡിജിറ്റൽ കാലഘട്ടത്തിൽ പൊതുരേഖയുടെ പല കണ്ടന്റും പുറത്തുപോകാനുള്ള

സാധ്യതയുണ്ട്. അത് തടയാൻ നമുക്ക് സാധിക്കില്ല. ഫിസിക്കൽ രേഖ തന്നെ പുറത്തുപോകണമെന്നില്ല. ഡിജിറ്റൽ രേഖയുടെ കണ്ടന്റ് പുറത്തുപോകാൻ സാധിക്കുന്നവയാണെങ്കിലും അത് എപ്രകാരം തടയാൻ സാധിക്കുമെന്നതിനെ സംബന്ധിച്ചുള്ള വ്യവസ്ഥയൊന്നും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ഖണ്ഡം 5 പ്രകാരം നിയമിക്കപ്പെടുന്ന റിക്കാർഡ്സ് ഓഫീസർമാർക്ക് റിക്കാർഡ്സ് മാനേജ്മെന്റിൽ പരിശീലനം നൽകേണ്ടത് പുരാരേഖകളുടെ കൃത്യമായ പരിപാലനത്തിന് അത്യാവശ്യമാണ്. ആയതിനുള്ള വ്യവസ്ഥകൾകൂടി ബില്ലിൽ ഉൾപ്പെടുത്തണം. ഖണ്ഡം 10-ൽ, സുരക്ഷാ വിഭാഗത്തിൽപ്പെടുന്ന പൊതുരേഖകൾ സംസ്ഥാന പുരാരേഖ വകുപ്പിന് കൈമാറേണ്ടതില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഏതൊക്കെ രേഖകളാണ് ഇപ്രകാരം സുരക്ഷാ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതെന്നത് സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥ ഇതിൽ ഇല്ല. കൂടാതെ സുരക്ഷാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതും എന്നാൽ കാലക്രമത്തിൽ പ്രസ്തുത രേഖ പ്രസിദ്ധീകരിക്കുന്നതിന് സുരക്ഷാപ്രശ്നങ്ങൾ ഇല്ല എന്ന് സർക്കാരിന് ബോധ്യപ്പെടുന്നതുമായ രേഖകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടില്ല. ഖണ്ഡം 11-ൽ, സ്വകാര്യ സ്രോതസ്സുകളിൽനിന്നും രേഖകൾ സ്വീകരിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അപ്രകാരം രേഖകൾ സ്വീകരിക്കാവുന്ന സ്വകാര്യ സ്രോതസ്സുകളെക്കുറിച്ച് വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ സ്വകാര്യസ്രോതസ്സുകളിൽനിന്നും രേഖകൾ സ്വീകരിക്കുമ്പോൾ വില നിർണ്ണയം നടത്തുവാനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടില്ല. പല സ്വകാര്യ വ്യക്തികളുടെ കൈയിലും വളരെ കാലത്തെ പഴക്കമുള്ള

രേഖകളുണ്ട്. അത് എങ്ങനെ നമ്മൾ സംരക്ഷിക്കുമെന്നത് സംബന്ധിച്ച വ്യവസ്ഥകൾ വ്യക്തമായി ഇതിൽ പറയുന്നില്ല. ഖണ്ഡം 12-ൽ, പൊതുരേഖകൾ ഗവേഷകർക്കോ പൊതുജനങ്ങൾക്കോ ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ രൂപീകരിക്കുന്നതിനുള്ള അവകാശം എക്സിക്യൂട്ടീവിന് ഏൽപ്പിച്ചു കൊടുത്തിരിക്കുകയാണ്. ഇപ്രകാരം വ്യവസ്ഥ ചെയ്യുമ്പോൾ പൊതുസമൂഹം അറിയേണ്ട പല രേഖകളും സർക്കാരിന് രഹസ്യ രേഖകൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 2005-ലെ വിവരാവകാശ നിയമത്തെ ദുർബലപ്പെടുത്തുന്ന രീതിയിൽ, വിവരങ്ങൾ നിഷേധിക്കുന്നതിനുള്ള സാഹചര്യം സംജാതമാകുന്നതാണ്. ഇന്ത്യയിലെ ഓരോ പൗരനും രാജ്യത്ത് നടക്കുന്ന എല്ലാ കാര്യങ്ങളും അറിയാനുള്ള അവകാശമാണ് റൈറ്റ് ടു ഇൻഫർമേഷൻ ആക്റ്റ്. ആ റൈറ്റ് ടു ഇൻഫർമേഷൻ ആക്റ്റിന്റെ ലംഘനം ഇതിൽ നടക്കുന്നുണ്ടോയെന്നുകൂടി പരിശോധിക്കേണ്ടതായിട്ടുണ്ട്. ഭരണഘടനയുടെ ആർട്ടിക്കിൾ 254-ന് വിരുദ്ധമായ കാര്യങ്ങളാണ് ഈ വ്യവസ്ഥയിലൂടെ സംജാതമാകുന്നത്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, പുരാരേഖകളെക്കുറിച്ചും പുരാവസ്തുക്കളെക്കുറിച്ചുമൊക്കെയാണ് ഇവിടെ ചർച്ച ചെയ്യുന്നത്. പുരാവസ്തുക്കളായി സംരക്ഷിക്കേണ്ട പല ബിൽഡിംഗുകളുണ്ട്. ആലുവ എസ്.എൻ.ഡി.പി. സ്കൂൾ സ്ഥാപിതമായതിനുശേഷം അവിടത്തെ കോമ്പൗണ്ടിൽതന്നെയുള്ള ശ്രീനാരായണഗുരുദേവൻ വർഷങ്ങളോളം താമസിച്ചിട്ടുണ്ടെന്ന് കരുതപ്പെടുന്ന വൈദികമഠം എന്നറിയപ്പെടുന്ന ഒരു കെട്ടിടം ഇപ്പോഴും സംരക്ഷിച്ചുവരുന്നുണ്ട്. അവിടെതന്നെയുള്ള മറ്റൊരു കെട്ടിടമാണ് പഠിപ്പുരമാളിക. മഹാകവി കുമാരനാശാൻ വർഷങ്ങളോളം അവിടെ താമസിച്ചിട്ടുണ്ട്. ഇന്നതിന്റെ അവസ്ഥ വളരെ

ശോചനീയമാണ്. കേരളത്തിൽ ഇതുപോലെ അറിയപ്പെടുന്ന ധാരാളം പുരാവസ്തുക്കളുണ്ട്. പ്രത്യേകിച്ചും മഹാകവി കുമാരനാശാനെപ്പോലെ ചരിത്രപ്രാധാന്യമുള്ളവർ താമസിച്ച പഠിപ്പുരമാളികപോലുള്ള കെട്ടിടങ്ങൾ സംരക്ഷിക്കാൻ പുരാരേഖ വകുപ്പിന് സാധിക്കുമോ; അങ്ങനെയുള്ള കെട്ടിടങ്ങളൊക്കെ സംരക്ഷിക്കേണ്ടത് നമ്മുടെ നാടിനുതന്നെ പ്രയോജനകരമാകും. കാരണം ഇവരെക്കുറിച്ച് ഓർമ്മിക്കാനും ഇവരുടെ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാനും വരുംതലമുറയ്ക്ക് അത് മനസ്സിലാക്കാനും സാധിക്കും. എല്ലാവരും അറിയപ്പെടുന്ന ഒരു സ്ഥാപനമാണ് പഠിപ്പുരമാളിക. അവയെല്ലാം സംരക്ഷിക്കാനുള്ള വ്യവസ്ഥ ഈ ബില്ലിലൂടെ കൊണ്ടുവരികയോ അല്ലെങ്കിൽ അതിനുള്ള പ്രത്യേക സാമ്പത്തികം കണ്ടെത്തി സംരക്ഷിക്കാൻ സാധിക്കുമോ എന്നുള്ള കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഈ ബില്ലുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത് ഇതിനൊരു റിക്കാർഡ്സ് മാനേജ്മെന്റ് സിസ്റ്റം ഇല്ലെന്നുള്ളതാണ്. വളരെ ഗൗരവമായ ഒരു കാലഘട്ടത്തിന്റെ ചരിത്രത്തെ അടയാളപ്പെടുത്തുന്ന ഇത്തരത്തിലുള്ള രേഖകൾ നഷ്ടപ്പെട്ടുപോകാതെ സൂക്ഷിക്കുകയെന്നുള്ള വലിയൊരു ദൗത്യമാണ് സർക്കാർ ഈ ബില്ലിലൂടെ ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കാനാഗ്രഹിക്കുന്നത്. പലപ്പോഴും ഇതിന്റെ പരിധിക്കപ്പുറത്തേയ്ക്ക് ഒട്ടേറെ കാര്യങ്ങളുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ, സ്വകാര്യ വ്യക്തികളുടെ കൈവശവും കുടുംബങ്ങളുടെ കൈവശവുമൊക്കെ ധാരാളം താളിയോലകളും പുരാരേഖകളുമുണ്ടാകാം. പക്ഷേ അതൊരിക്കലും ഇതിന്റെ പരിധിയിലെത്താനുള്ള സാധ്യത വളരെ വിരളമാണെന്നുള്ളതാണ് പലപ്പോഴും മനസ്സിലാക്കാൻ സാധിക്കുന്നത്. തീർച്ചയായും

അതിനൊരു സിസ്റ്റം ആവശ്യമാണ്. ഒരുപക്ഷേ ഈ നിയമമായിട്ടല്ലെങ്കിൽപ്പോലും ഭാവിയിലേയ്ക്ക് വളരെ പ്രധാനപ്പെട്ട ഒരു നിർദേശമാണ് അദ്ദേഹം വച്ചിട്ടുള്ളതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നമ്മുടെ ഈ സംവിധാനത്തിൽ, കേന്ദ്ര നിയമത്തിന്റെ ചുവടുപിടിച്ചുകൊണ്ടുള്ള നിയമമെന്ന നിലയിൽ അതിന് പ്രായോഗികമായ ഒരു വൈഷമ്യമുണ്ടെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഡി. കെ. മുരളി: സർ, പുരാവസ്തുക്കളുടെ/പുരാരേഖകളുടെ കാലപ്പഴക്കം നിർണ്ണയിക്കുന്നില്ല. അത് പുരാരേഖയായോ പുരാവസ്തുവായോ പരിഗണിക്കണമെങ്കിൽ നൂറ് വർഷം പിന്നിടണമെന്നുള്ളതാണ്. യഥാർഥത്തിൽ 1947-നുമുമ്പ് ബ്രിട്ടീഷുകാരുമായുള്ള പോരാട്ടത്തിലെല്ലാം വളരെ പ്രാധാന്യം വഹിച്ച ചില സ്ഥാപനങ്ങൾ ഇന്ന് നമ്മുടെ നാട്ടിലുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ കല്ലറ-പാങ്ങോട് വിപ്ലവത്തിന്റെ നേർസാക്ഷ്യമായ 80 വർഷം പഴക്കമുള്ള ഒരു പോലീസ് സ്റ്റേഷനുണ്ട്. നൂറ് വർഷമാകാത്തതുകൊണ്ട് രേഖാപരമായും നിയമപരമായും ഏറ്റെടുക്കാൻ പ്രയാസമുണ്ട്. ആ കാലപ്പഴക്കത്തിന് കുറവുവരുത്തേണ്ടതല്ലേ; അതിനോട് ബഹുമാനപ്പെട്ട അംഗം യോജിക്കുന്നുണ്ടോ?

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, വളരെ കാര്യമാത്ര പ്രസക്തമായ ഒരു ബില്ലാണ് സർക്കാരിവിടെ അവതരിപ്പിച്ചിരിക്കുന്നത്. നമ്മുടെ പഴമയും പാരമ്പര്യവും പൈതൃകവുമൊക്കെ സംരക്ഷിക്കുന്നതിന് ഏറ്റവും അനുയോജ്യമായ, പക്ഷേ പുതിയ തലമുറയ്ക്ക് ഈ പഴയകാല പുരാവസ്തുക്കളുമായും പൗരാണികതയുമായി ബന്ധപ്പെട്ടുള്ള പ്രാധാന്യവും പ്രസക്തിയും വേണ്ടപോലെ ബോധ്യപ്പെടാനും അതിന്റെ നന്മയുമൊന്നും ഉൾക്കൊള്ളാനുള്ള

സാഹചര്യമുണ്ടെന്ന് കാണുന്നില്ല. അതിനുവേണ്ടിയുള്ള ഒരു പഠന ഗവേഷണ കേന്ദ്രംകൂടി ഇതിന്റെഭാഗമായി സ്ഥാപിക്കുന്നത് ഉചിതമാണെന്നുള്ള അഭിപ്രായം ബഹുമാനപ്പെട്ട അംഗത്തിനുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: സർ, ഈ ബിൽ എത്രമാത്രം പ്രാധാന്യമേറിയതാണെന്നതാണ് ഇത് തെളിയിക്കുന്നത്; ഞാൻ തുടക്കത്തിൽ പറഞ്ഞതുപോലെ കാസർഗോഡ് അംഗം സംസാരിച്ചത് കാസർഗോഡ് ജില്ലയുടെ പൈതൃകത്തെക്കുറിച്ച് മാത്രമാണ്. ഇപ്പോൾ ഓരോ മണ്ഡലത്തിന്റെയും പൈതൃകത്തെക്കുറിച്ചാണ് ഓരോ അംഗങ്ങളും സംസാരിച്ചുകൊണ്ടിരിക്കുന്നത്. ആലുവ നിയോജകമണ്ഡലത്തിലെയും വാമനപുരം നിയോജകമണ്ഡലത്തിലെയും കാര്യങ്ങൾ ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അതുപോലെ ബഹുമാനപ്പെട്ട ഡോ. എൻ. ജയരാജ് ഇക്കാര്യത്തിൽ പരിണിതപ്രജ്ഞനായ നിയമസഭാ സാമാജികനാണ്. അദ്ദേഹം പറഞ്ഞ കാര്യം വളരെ കൃത്യമാണ്. കേന്ദ്ര നിയമത്തിന്റെ അതേരീതിയിലുള്ള നിയമമല്ല സംസ്ഥാനത്ത് നടപ്പാക്കേണ്ടത്. അതാണ് കൃത്യമായ സംഗതി. കേരളത്തിൽ അതിന്റേതായ പ്രത്യേക സാഹചര്യങ്ങളും കാര്യങ്ങളുമുണ്ട്. കേരളം രാജ്യത്തിനുമാതൃകയായി, വ്യത്യസ്തമായ മാതൃക സ്വീകരിച്ചിട്ടുള്ള ഒരു സംസ്ഥാനമാണ്. അതുകൊണ്ട് കേന്ദ്ര നിയമത്തിന്റെ പിൻബലത്തിൽമാത്രം നിയമം നിർമ്മിക്കേണ്ട കാര്യമില്ല. ഇതുപോലെയുള്ള നിയമം ഏതായാലും കൊണ്ടുവരികയാണ്. ഭാവിയിൽ ആവശ്യമായ ഭേദഗതി വരുത്തുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാം. ശ്രീ. ഡി. കെ. മുരളിയും ശ്രീ. അൻവർ സാദത്തും സൂചിപ്പിച്ചത് വളരെ പ്രസക്തമായ കാര്യമാണ്. ബഹുമാനപ്പെട്ട ഡി. കെ. മുരളി

പറഞ്ഞതുപോലെ എന്റെ മണ്ഡലത്തിലുമുണ്ട് ബ്രിട്ടീഷുകാരുടെ കാലത്തുള്ള പോലീസ് സ്റ്റേഷൻ. ഇതിന് നൂറുവർഷം എന്ന ഒരു നിശ്ചിത സമയം വയ്ക്കേണ്ട കാര്യമില്ല. ആ വർഷമൊക്കെ ഒന്നു ചുരുക്കിയാലും പഴയ ആ ഒരു പഴമ നിലനിൽക്കുന്ന സംഗതികളൊക്കെ ഇതിൽ ഉൾപ്പെടുത്താമെന്നാണ് എന്റെ അഭിപ്രായം. പ്രിയപ്പെട്ട സെബാസ്റ്റ്യൻ കുളത്തുങ്കലും നല്ല നിർദ്ദേശങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിച്ചത്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഇതിൽ ആർക്കൈവൽ പ്രാധാന്യമുള്ള പുരാരേഖകൾ മാത്രമല്ല, ലാൻഡ് സെറ്റിൽമെന്റ് പോലെ നിലവിലുള്ള സർക്കാർ രേഖകൾ, പൊതുവായിട്ടുള്ള മുഴുവൻ രേഖകളും വളരെ ഭദ്രമായി സൂക്ഷിക്കാനും അത് പിന്നീടുള്ള തലമുറയ്ക്ക് ഉപയോഗിക്കാനും തക്ക നിലയിൽ അത്തരം കാര്യങ്ങൾകൂടി ഉൾപ്പെടുത്തുന്നുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, അങ്ങയുടെ മണ്ഡലത്തിൽത്തന്നെ ഒന്നാം സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ടും മലബാർ കലാപവുമായി ബന്ധപ്പെട്ടുമുള്ള നിരവധി ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച പ്രദേശമാണ് മലബാർ. അങ്ങയുടെ നിയോജമണ്ഡലത്തിൽത്തന്നെ പാറനമ്പിപ്പടയുടെ പടയോട്ടംകൊണ്ട് പ്രസിദ്ധമായ കോട്ടപ്പടി മൈതാനം, പൂക്കോട്ടിൽ കലാപവുമായി ബന്ധപ്പെട്ട യുദ്ധ സ്മാരകം എന്നിവയുണ്ട്. മലപ്പുറം സിവിൽ സ്റ്റേഷനിൽത്തന്നെ ഒരു യുദ്ധസ്മാരകമുണ്ട്. ഭക്തകവി പൂന്താനത്തിന്റെ ജന്മംകൊണ്ട് അനുഗ്രഹീതമായ സ്ഥലത്തുനിന്നാണ് ഞാൻ വരുന്നത്. ഇതൊക്കെ സംരക്ഷിക്കപ്പെടുന്നതിന്

ധാരാളം കാര്യങ്ങൾ പരിശോധിക്കേണ്ടതും ധാരാളം ഗവേഷണങ്ങളൊക്കെ നടത്തേണ്ടതുമുണ്ട്. അക്കാര്യങ്ങൾകൂടി അങ്ങ് ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ചെയർപേഴ്സൺ: എല്ലായിടത്തും ഇതുപോലുള്ള ചരിത്ര സ്മാരകങ്ങളുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, ഓരോ പ്രദേശത്തെയും ചരിത്രം പറയുമ്പോൾ സമയം നിഷ്കർഷിക്കുന്നത് ശരിയല്ല. ഇത് നേരത്തെ പാസ്സാക്കിയ പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലുപോലെയുള്ള ചെറിയ ഭേദഗതി ബില്ലല്ല. ഇതൊരു പുതിയ സംവിധാനമാണ്. ഇത് നാടാകെ പടർന്ന് പന്തലിച്ചുകിടക്കുന്ന ഒരു വലിയ ബില്ലാണിത്. അതുകൊണ്ടാണ് ഇത്രയും അംഗങ്ങൾ ഈ ചർച്ചയിൽ പങ്കെടുത്തത്. ഇനിയും അംഗങ്ങൾക്ക് ഇതിനെക്കുറിച്ച് ധാരാളം പറയാനുണ്ട്. 30 വർഷത്തിലധികം പഴക്കമുള്ള തരംതിരിക്കപ്പെടാത്ത പൊതുരേഖകൾ മാത്രം പ്രാമാണിക ഗവേഷകർക്ക് ലഭ്യമാക്കിയാൽ മതിയെന്നുള്ള ഖണ്ഡം 12-ലെ കാലപരിധിയിൽ വ്യവസ്ഥ കുറവുവരുത്തേണ്ടതുമാണെന്നാണ് ബില്ലിൽ പറയുന്നത്. അതാണിപ്പോൾ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ഇതിൽ സൂചിപ്പിച്ച 30 വർഷത്തിലധികം പഴക്കമുള്ള തരംതിരിക്കപ്പെടാത്ത പൊതുരേഖകൾ മാത്രം പ്രാമാണിക ഗവേഷകർക്ക് ലഭ്യമാക്കിയാൽ മതിയെന്നുള്ള വ്യവസ്ഥയിൽ ഒരു നിശ്ചിത വർഷം പറഞ്ഞുകൊണ്ട് ചുരുക്കിവയ്ക്കുകയാണ്. അതിനപ്പുറത്തേയ്ക്കുള്ളത് ഗവേഷകർക്ക് കിട്ടാത്തൊരു സാഹചര്യം ഇതിലുണ്ടാകും. അതുകൊണ്ട് ആ വ്യവസ്ഥയിൽ കുറവുവരുത്തണമെന്നാണ് എന്റെ അഭിപ്രായം. ഖണ്ഡം 13-ൽ പരാമർശിച്ചിരിക്കുന്ന ആർക്കൈവൽ അഡ്വൈസറി ബോർഡിൽ നാട്ടറിവുകളിൽ പരിണിതപ്രജ്ഞനായ വ്യക്തിയെക്കൂടി ഉൾപ്പെടുത്തണം. അത് പ്രധാനപ്പെട്ടൊരു

സംഗതിയാണ്. നമ്മൾ നിയമിക്കപ്പെടുന്ന എല്ലാ ബോർഡുകളിലുമൊക്കെ കുറെ ഉദ്യോഗസ്ഥരെയും മറ്റുമൊക്കെ നോമിനേറ്റ് ചെയ്യുകയാണ്. ഇത്തരം കാര്യങ്ങളെക്കുറിച്ച് വലിയരീതിയിൽ അനുഭവസമ്പത്തുള്ള, നാട്ടറിവുകളുള്ളതും പൊതുരംഗത്ത് അറിയപ്പെടാത്തതുമായ ആളുകളുണ്ട്. അങ്ങനെ നാട്ടറിവുള്ള വ്യക്തികളെക്കൂടി കണ്ടെത്തി അവരെ ആർക്കൈവൽ അഡ്വൈസറി ബോർഡിൽ ഉൾപ്പെടുത്തുന്നത് ഇതിന്റെ പ്രവർത്തനത്തിന് ഏറെ സഹായകമാകും. ഖണ്ഡം 16-ൽ പരാമർശിച്ചിരിക്കുന്ന ആർക്കൈവൽ അഡ്വൈസറി ബോർഡിന്റെ ചുമതലകളിൽ, പുരാരേഖകളെ പറ്റിയുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾകൂടി ഉൾപ്പെടുത്തണം.

[അധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: 13 മിനിറ്റായി. പ്രസംഗിക്കുന്നയാൾ പ്രസംഗം തീരുന്നതുവരെ ഇരിക്കണം. പ്രസംഗം കഴിഞ്ഞ് സഭയിൽനിന്ന് ഇറങ്ങിപ്പോകരുത്.

ശ്രീ. പി. ഉബൈദുള്ള: സർ, അവസാനിപ്പിക്കാം. ഇത്രയും കാര്യങ്ങളാണ് ഈ ബില്ലുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ബാക്കി കാര്യങ്ങളൊക്കെ നിയമത്തിന്റെ ഭേദഗതി വരുന്ന ഘട്ടത്തിൽ സൂചിപ്പിക്കാമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീമതി ശാന്തകുമാരി കെ.: സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പൊതുരേഖ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്നുള്ള 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

Uncorrected/Not for publication
29-09-2025

കേരളത്തിന്റെ പഴമയും സംസ്കൃതിയും അറിവുകളും പുറം ലോകത്തിനും വരും തലമുറയ്ക്കും കൈമാറിക്കൊടുക്കുകയെന്നുള്ളതാണ് പുരാരേഖ സംരക്ഷണമെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ചരിത്രനിർമ്മിതിയുടെ അവശേഷിപ്പുകളെ സംരക്ഷിക്കാനും വർത്തമാനകാലത്ത് നമുക്ക് വലിയ ഉത്തരവാദിത്വമുണ്ട്. പുരാരേഖകളുടെ സംരക്ഷണം, പരിപാലനം തുടങ്ങിയ കാര്യങ്ങളിൽ കേരളം ഒരു നൂറ്റാണ്ടിന് മുൻപുതന്നെ പ്രത്യേകമായ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് അതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. 1887-ൽ ഹുസൂർ വെർണാക്കുലർ സെൻട്രൽ റിക്കാർഡ്സ് ആരംഭിച്ചത് തിരുവിതാംകൂറിലെ രേഖകൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ്. അതുപോലെ തന്നെ 1910-ൽ കൊച്ചിയിലും ഹുസൂർ സെൻട്രൽ റിക്കാർഡ്സിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ വിശിഷ്യാ കേരളത്തിന്റെ വിവിധങ്ങളായ പുരാരേഖകൾ, പുരാവസ്തുക്കൾ എന്നിവയെല്ലാം സംരക്ഷിക്കപ്പെടുകയെന്നുള്ളത് കാലഘട്ടത്തിന്റെ ആവശ്യമാണ്. കേന്ദ്രം ഒരു നിയമമുണ്ടാക്കിയെങ്കിലും സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുള്ള ഇത്തരം രേഖകളുടെ സംരക്ഷണവും അതിന്റെ വ്യവസ്ഥകളെ സംബന്ധിച്ചും പരിപാലനത്തെ സംബന്ധിച്ചും വ്യക്തത പ്രസ്തുത നിയമത്തിൽ ഉണ്ടായിരുന്നില്ല. അതിന്റെ അഭാവം പരിഹരിക്കുന്നതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ല് സഭയിൽ വച്ചിരിക്കുന്നത്. ഈ ബില്ലിനെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. വിവിധ സംസ്ഥാനങ്ങൾ ഇത്തരമൊരു നിയമം പാസ്സാക്കിയതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിതന്നെയിവിടെ പറഞ്ഞു. 2005-ൽ മഹാരാഷ്ട്ര, 2010-ൽ കർണ്ണാടക, 2014-ൽ ബീഹാർ, 2023-ൽ ഗോവ തുടങ്ങിയ സംസ്ഥാനങ്ങളെല്ലാം തന്നെ ഇത്തരമൊരു നിയമം പാസ്സാക്കിയിരുന്നു. കേരളത്തിന്റെ പൈതൃകത്തിൽ നമുക്കെല്ലാവർക്കും

വളരെ അഭിമാനമുണ്ട്. ശ്രീപത്മനാഭസ്വാമി ക്ഷേത്രം, ഈ സഭയുടെ മുന്നിൽത്തന്നെ ഉയർന്നുനിൽക്കുന്ന ബസിലിക്ക, മുസ്ലീംപള്ളി ഇത്തരത്തിൽ തലസ്ഥാന നഗരിയെ വർണ്ണാഭവുമാക്കുന്ന അനേകം പുരാവസ്തുക്കളുണ്ട്. അതോടൊപ്പം തന്നെ പുരാരേഖകളെ സംബന്ധിച്ച്, താളിയോല ഗ്രന്ഥങ്ങളാണ് പഴയകാലത്തുണ്ടായിരുന്നത്. അതുപോലെ പേപ്പർ രേഖകളൊക്കെയുണ്ട്. അവയെ രേഖകളായി പരിഗണിച്ചുകൊണ്ടാണ് ഇതെല്ലാം ആധുനിക കാലഘട്ടത്തിൽ നമുക്ക് ഡിജിറ്റലൈസ് ചെയ്യേണ്ടതായുണ്ട്. അത് മറഞ്ഞുപോകാതിരിക്കാൻ സംരക്ഷിക്കപ്പെടുകയെന്ന ലക്ഷ്യം കൂടിയാണ്. അതിന്റെ ഭാഗമായി സമഗ്രമായൊരു കേരള പബ്ലിക് റിക്കാർഡ്സ് ബിൽ നമുക്ക് അനിവാര്യമായിരിക്കുകയാണ്. ലഭ്യമായ വിവരങ്ങളനുസരിച്ചുകൊണ്ട് സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ രൂപീകരിച്ചിട്ടുള്ള കമ്മിഷനുകൾ, ബോർഡുകൾ, കമ്മിറ്റികൾ അവയുടെ പൊതുരേഖയുടെ മൂല്യനിർണ്ണയം, രേഖകൾ തരംതിരിക്കൽ, സംരക്ഷണം, ഭരണനിർവഹണം, സ്വകാര്യ സ്രോതസ്സുകളിൽനിന്നുള്ള രേഖകൾ സ്വീകരിക്കൽ തുടങ്ങി അനേകം വിഷയങ്ങൾ ഇതുമായി ബന്ധപ്പെട്ട് ലഭ്യമായിക്കൊണ്ടിരിക്കുകയാണ്. ഇന്ന് കേരളത്തിൽ വകുപ്പ് വളരെ നല്ല രീതിയിലാണ് അതിന്റെ പ്രവർത്തനം നടത്തിവരുന്നത്. ഓഫീസ് സംവിധാനങ്ങൾ വിപുലപ്പെടുത്തി. സംസ്ഥാന സർക്കാർ ഇതിനാവശ്യമായ പദ്ധതി വിഹിതം കൃത്യമായി 2025-26-ൽ തന്നെ 12.75 കോടി രൂപയാണ് പുരാവസ്തു സംരക്ഷണവുമായി ബന്ധപ്പെട്ട വകുപ്പിനുവേണ്ടി മാറ്റിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഇന്ന് കോടിക്കണക്കിന് താളിയോല റിക്കാർഡുകൾ ഇന്ന് തരം തിരിച്ച് താളിയോല രേഖ

Uncorrected/Not for publication
29-09-2025

മ്യൂസിയമാക്കിയതിനെ മാറ്റി. അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠന ഗവേഷണത്തിനായി കാര്യവട്ടത്ത് ഇപ്പോൾ ഇന്റർനാഷണൽ ആർക്കൈവ്സ് ആൻഡ് ഹെറിറ്റേജ് സെന്റർ നിർമ്മാണം പൂർത്തീകരിച്ചു. വൈക്കത്ത് പുതിയ സത്യാഗ്രഹ ഗാന്ധി സ്മാരക മ്യൂസിയം, ഇടുക്കി ഹെറിറ്റേജ് സെന്റർ ആൻഡ് ആർക്കൈവ്സ് ഗ്യാലറി തുടങ്ങി എല്ലാം തന്നെ ഈ സർക്കാരിന്റെ നേട്ടമാണ്. നാളിതുവരെ 14947730 പേപ്പർ രേഖകളും 2914234 താളിയോലകളുമടക്കം ഇന്ന് 17861964 രേഖകൾ റിക്കാർഡുകളായി ഡിജിറ്റൽ ചെയ്തുവെന്ന അഭിമാനകരമായ നേട്ടം നമ്മുടെ വകുപ്പ് കരസ്ഥമാക്കിയിരിക്കുകയാണ്. സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള രേഖകൾ ശാസ്ത്രീയമായി സംരക്ഷിക്കപ്പെടാനുള്ള കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതിയും കേരളത്തിൽ അതിവിപുലമായി നടപ്പാക്കിവരുകയാണ്. മലപ്പുറം കരിയക്കാട് ക്ഷേത്രം, ചെമ്പ്രാശ്ശേരി മന, വയനാട് പുഴമൂടി തറവാട്, കണ്ണൂർ ഇംഗ്ലീഷ് പള്ളി, നിരണം സെന്റ് മേരീസ് ഓർത്തഡോക്സ് സിറിയൻ ചർച്ച് തുടങ്ങിയ ഇടങ്ങളിലെല്ലാം രേഖകൾ വളരെ ശാസ്ത്രീയമായി നമ്മൾ സംരക്ഷിച്ച് മുന്നോട്ട് പോകുകയാണ്. ഇത്തരത്തിൽ ഒരുപാട് കാര്യങ്ങളുണ്ട്. ഫ്യൂഡൽ കാലഘട്ടത്തിലടക്കമുള്ള അനേകം ആചാരങ്ങൾ, അനാചാരങ്ങളുടെയൊക്കെ ഭാഗമായി ഓർമ്മിക്കപ്പെടുന്ന സ്മാർത്തവിചാരത്തിന്റെ ഒറിജിനൽ കയ്യെഴുത്ത് പ്രതിയുൾപ്പെടെ ഇന്ന് ലഭ്യമായി നമ്മുടെ പുരാരേഖകളിൽ സംരക്ഷിച്ച് വരുകയാണ്. ഗവേഷകർക്ക് വേണ്ടി റഫറൻസ് മീഡിയ സംരക്ഷണം ഇപ്പോൾ ആരംഭിച്ചിരിക്കുകയാണ്. 1949 മുതൽ 2016 വരെയുള്ള കാബിനറ്റ് രേഖകളടക്കം ഏറ്റെടുത്ത് ഡിജിറ്റൈസ് ചെയ്തുകഴിഞ്ഞിരിക്കുന്നു. വലിയൊരു നേട്ടമാണ് പുരാരേഖ മേഖലയിൽ കേരളം ഇന്ന് ആർജ്ജിച്ചിട്ടുള്ളതെന്ന് നമുക്ക് കാണാൻ

സാധിക്കും. കേരള ഡിജിറ്റൽ ഭൂപടം ഇന്ന് തയ്യാറാക്കിവരുകയാണ്. ഇവിടെ പ്രളയത്തിൽ മുങ്ങിപ്പോയ നിരവധി രേഖകളുടെ സംരക്ഷണം നമ്മുടെ വകുപ്പ് ഏറ്റെടുത്തിരിക്കുകയാണ്. ശാശ്വതമൂല്യമുള്ള പൊതുരേഖയുടെ അസ്സൽ സംസ്ഥാനത്തിന് പുറത്ത് അനുവാദം കൂടാതെ കൊണ്ടുപോകുന്നതിന് ശിക്ഷ ഉൾപ്പെടെ വ്യവസ്ഥ ചെയ്തിട്ടുള്ള ഒരു ബില്ലാണ് സമഗ്രമായി ഇവിടെ അവതരിപ്പിക്കപ്പെടുന്നത്. എത്ര വർഷമെന്നൊരു വ്യവസ്ഥ വച്ചുകൊണ്ട് ഏതൊരു വ്യക്തിക്കും കൈവശമുള്ള രേഖകൾ പൊതുരേഖയായി പ്രഖ്യാപിക്കാനുള്ള അനുവാദം നൽകുകയാണ്. സ്വകാര്യ സ്രോതസ്സിൽ നിന്നുള്ളവയായാൽ പോലും അവ സംരക്ഷിക്കപ്പെടണമെന്നും ഉദാത്തമായ നമ്മുടെ കേരളത്തിന്റെ പഴമകളെ നിലനിർത്തിക്കൊണ്ട് പോകുകയെന്ന ലക്ഷ്യത്തോടുംകൂടിയാണ് വകുപ്പ് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇതാണ് നമ്മുടെ കേരളം കാണിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇപ്പോൾ ഇന്ത്യ ഭരിക്കുന്ന ഗവൺമെന്റ് ഉൾപ്പെടെ നമ്മുടെ രാജ്യത്ത് നടത്തിക്കൊണ്ടിരിക്കുന്ന പുരാരേഖകളും ചരിത്ര നിർമ്മിതികളും ചരിത്ര അവശേഷിപ്പുകളും വാസ്തുശിലാ നിർമ്മിതികളുമെല്ലാം ഇന്ന് വലിയ രൂപത്തിൽ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഉത്തർപ്രദേശിലെ അയോദ്ധ്യയിൽ സ്ഥിതി ചെയ്യുന്ന ഏകദേശം 400 വർഷം പഴക്കമുള്ള ബാബറി മസ്ജിദ് തകർത്ത സംഭവം. മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്ന ഇന്ത്യാരാജ്യത്തിന്റെ മനസ്സുകളെ ഉലച്ച ഏറ്റവും വലിയ സംഭവമാണത്. 1992 ഡിസംബർ മാസം 6-ാം തീയതി ഇന്ത്യയിലെ വലതുപക്ഷ വർഗ്ഗീയ എക്സ്ട്രിമിസ്റ്റുകൾ ഇന്ത്യയുടെ മതനിരപേക്ഷതയുടെ നിറകുടമായിരുന്ന ബാബറി മസ്ജിദ് തകർത്തത് ഇന്ത്യയിൽ

വലിയ കലാപങ്ങളുണ്ടാകാൻ കാരണമായി. 2000-ൽ അധികം വരുന്ന മനുഷ്യർ പിടഞ്ഞുവീണ് മരിച്ച സംഭവം ചരിത്ര രേഖകളിൽ ഇന്നും ജനങ്ങൾ ഓർക്കുന്നു. അതുമാത്രമല്ല, വരാൻ പോകുന്നത് ഉത്തർപ്രദേശിലെ വാരാണസിയിലെ ഗ്യാൻ വാപിയുടെ രൂപത്തിലാണ്. വലിയ തർക്ക ഭൂമിയായി മാറുകയാണ്. ലോകാത്ഭുതങ്ങളിൽ ഒന്നാണ് ഉത്തർപ്രദേശിലെ ആഗ്രയിൽ യമുനാ നദിയുടെ തീരത്ത് സ്ഥിതിചെയ്യുന്ന ഷാജഹാൻ തന്റെ പ്രിയപത്നി മുംതാസിന്റെ മരണവുമായി ബന്ധപ്പെട്ട് നിർമ്മിച്ച ശവകുടീരം നമുക്കെല്ലാവർക്കും അറിയുന്ന താജ്മഹൽ, കുത്തബ്മിനാർ തുടങ്ങി ഇന്ത്യയിൽ ഏറ്റവും സുപ്രധാനമായ സ്മാരകങ്ങളുണ്ട്. പുരാവസ്തുക്കളാണെങ്കിൽപ്പോലും അത്തരം സ്മാരകങ്ങളെയെല്ലാം ലക്ഷ്യംവച്ച് തകർക്കുന്ന ഒരു പുതിയ കാലഘട്ടത്തിന്റെ ഐഡിയോളജിയാണ് ഇന്ന് രാജ്യത്ത് ഉയർന്നുവരുന്നത്. അതുമാത്രമല്ല, നമ്മുടെ സമൂഹത്തിൽ ഇന്ന് പഴയ ചരിത്ര നിർമ്മിതികൾ ഇല്ലാതാക്കി ചരിത്രം തിരുത്തിക്കുറിക്കുന്നതുൾപ്പെടെയുള്ള നടപടികളുമായാണ് മുന്നോട്ടുപോകുന്നത്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ വെടിവച്ചുകൊന്ന നാഥുറാം വിനായക് ഗോഡ്സെയെ ആർ.എസ്.എസ്.-കാർ വരെ ഗ്ലോറിഫൈ ചെയ്യപ്പെടുകയാണ്. അമ്പലം പണിയുന്നവരായി മാറുന്ന ഇന്ത്യാ രാജ്യത്ത്, എങ്ങനെയാണ് ചരിത്രത്തെ ഓർമ്മപ്പെടുത്തുന്നതെന്ന് നമ്മൾ മനസ്സിലാക്കണം. നമ്മുടെ യൂണിവേഴ്സിറ്റികളിൽ പഠനാർഹമായിട്ടുള്ള നിരവധി ഗവേഷണാത്മകമായ അറിവുകളെ തമസ്കരിച്ചുകൊണ്ട് ഏതാണ്ട് പത്തോ പതിനഞ്ചോ വർഷക്കാലത്തെ ചരിത്രത്തെ മാത്രം നിങ്ങൾ ഓർത്താൽ മതി എന്ന രീതിയിലേക്ക് യൂണിവേഴ്സിറ്റികളുടെ സിലബസ്സുകളെ മാറ്റുകയും ചരിത്രത്തെ ഇല്ലാതാക്കുകയുമാണ് ചെയ്യുന്നത്.

ഇതെല്ലാം പുതിയ കാലഘട്ടത്തിൽ നമ്മുടെ കുട്ടികൾ പഠിക്കുന്നത് എങ്ങനെയാണ്? ഇന്ത്യയുടെ ഏറ്റവും ഉയർന്ന......

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്.... സഹകരിക്കൂ.... പ്ലീസ്....

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ഇന്ത്യയുടെ ഏറ്റവും ഉയർന്ന സാംസ്കാരിക പാരമ്പര്യത്തെയും നമ്മുടെ കലാ സാംസ്കാരികതയെയും വിലപ്പെട്ട സ്മാരകങ്ങളെയും രേഖകളെയുമെല്ലാം ഇല്ലാതാക്കാൻ ശ്രമിക്കുന്നൊരു കാലഘട്ടത്തിലാണ് വളരെ വിലപ്പെട്ട അറിവുകൾ പുതിയ തലമുറയ്ക്ക് സംഭാവന ചെയ്യുന്നതിനുവേണ്ടി വിവര സാങ്കേതിക സംവിധാനം അനുദിനം വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന വർത്തമാന ആധുനിക (എ.ഐ. ടെക്നോളജിയുടെ) കാലഘട്ടത്തിൽ ഇവയെല്ലാം ഡിജിറ്റൽ ചെയ്യാൻവേണ്ടിയുള്ള വലിയൊരു പരിശ്രമം കേരള സർക്കാർ നടത്തുന്നത്. അത് തീർച്ചയായും നമ്മൾ അംഗീകരിക്കപ്പെടേണ്ട വസ്തുതയാണ്. അതിന്റെ അടിസ്ഥാനത്തിൽ, കേരളത്തിന്റെ പുരാരേഖ-പുരാവസ്തു വകുപ്പ് ഇന്നിവിടെ ഒരു പബ്ലിക് റെക്കോർഡ് ആക്റ്റ് പാസ്സാക്കുന്നത് ചരിത്രത്തിന്റെ ഭാഗമായി മാറുകയാണ്. 1947-ൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം നമ്മുടെ ഓരോ സ്ഥാപനങ്ങളും ആരാധനാ കേന്ദ്രങ്ങളും രേഖകളും പുരാവസ്തുക്കളും സംരക്ഷിക്കപ്പെടണമെന്നുദ്ദേശിച്ച് 1991-ൽ ഇന്ത്യയിൽ പാസ്സാക്കിയിട്ടുള്ള The Places of Worship Act ആണ് ഈ രാജ്യത്ത് മാതൃക കാണിച്ചിരുന്നതെങ്കിൽ, ഇന്ന് ഇന്ത്യ ഭരിക്കുന്ന ഭരണകർത്താക്കൾ ആ നിയമത്തെ കാറ്റിൽപ്പറത്തിക്കൊണ്ട് നമ്മുടെ രാജ്യത്തിന്റെ മതനിരപേക്ഷതയും ജനാധിപത്യത്തെയും

നമ്മുടെ പാരമ്പര്യത്തെയും തകർക്കുന്നു. അതുകൊണ്ടുതന്നെ പുരാരേഖ-പുരാവസ്തു വകുപ്പ് ഇന്ന് ഈ നിയമസഭയിൽ അവതരിപ്പിക്കപ്പെടുന്ന ബിൽ രാജ്യത്തിന് മാതൃകയാണെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ബില്ലിന് എല്ലാവിധ പിന്തുണയും നൽകുന്നു.

ശ്രീ. പി. ബാലചന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ): സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പൊതുരേഖ ബിൽ വീണ്ടും അതേ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വളരെ ചരിത്ര പ്രാധാന്യമുള്ള ഒരു ബില്ലാണ് ഇന്ന് നമ്മുടെ നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഈ ബില്ലിന്റെ കാലിക പ്രസക്തി വളരെ വലുതാണെന്ന് നമുക്കെല്ലാവർക്കും ബോധ്യമുണ്ട്. ചരിത്രവും മിത്തും ഇടകലർന്ന പൊതുബോധ നിർമ്മിതിക്കാണ് ഇപ്പോൾ പല ഭരണകൂടങ്ങളും പ്രത്യേകിച്ച് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. അയഥാർഥ്യങ്ങളും പ്രതീകാത്മക സത്യങ്ങളും ഒരു ജനതയുടെ യഥാർഥ ചരിത്ര ബോധത്തെത്തന്നെ ബാധിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങളാണ്. മേൽക്കാര്യങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നതിനായി ഒരു ബിൽ ആവശ്യമുണ്ട് എന്നുള്ളതുകൊണ്ടുതന്നെയാണ് കേരള നിയമസഭ ഇതുപോലെയുള്ള പൊതുരേഖ ബിൽ അവതരിപ്പിക്കുന്നത്. ഒരു ജനതയുടെ കാലികമായ അറിവുകളെ ശാസ്ത്രീയമായ രീതിയിൽ അടയാളപ്പെടുത്താനും അതുപോലതന്നെ വരുംതലമുറയ്ക്ക് അത് കൃത്യമായി പകർന്നുകൊടുക്കാനും ഈ പൊതുരേഖ ബില്ലിന് കഴിയുമെന്നും അതാണ് ഇതിന്റെ അനിവാര്യതയെന്നും

ചൂണ്ടിക്കാണിക്കുകയാണ്. ചരിത്രത്തെ വളച്ചൊടിക്കുന്നതിൽ വലിയ ഗൂഢാലോചനകൾ ഒരു വശത്ത് നടക്കുമ്പോൾ അതിനെ ചെറുത്ത് നിൽക്കുന്നത് നമ്മുടെ പൗരാണികമായ തെളിവുകളാണ്. ഈ രേഖകളെ എന്ത് വിലകൊടുത്തും സംരക്ഷിക്കേണ്ടത് നമ്മൾ ഓരോരുത്തരുടേയും ഉത്തരവാദിത്വമാണ്. അവിടെയാണ് പൊതുരേഖാ ബില്ലിന്റെ പ്രാധാന്യം. ചുവർ ചിത്രങ്ങൾ, ദാരുശില്പങ്ങൾ, നിർമിതികൾ, നാണയങ്ങൾ, അതുപോലെ അസംഖ്യം ലിഖിതങ്ങൾ, കോടിക്കണക്കിനുള്ള താളിയോലകൾ എന്നിവയാൽ സമ്പന്നമായ ഒരു പുരാവസ്തു പാരമ്പര്യം കേരളത്തിനുണ്ട്. ഓരോ സ്ഥലത്തുമുള്ള ചരിത്ര നിർമ്മിതികളെയും അതിന്റെ പഴക്കവും മഹാത്മ്യവും അത് പുതുതലമുറയ്ക്ക് പകർന്നുകൊടുക്കേണ്ട കാര്യങ്ങളെയുമെല്ലാം സംബന്ധിച്ച് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞു. ഇക്കാലത്ത് ചരിത്രം പച്ചയായി തെറ്റിദ്ധരിക്കപ്പെടുകയാണ്. അത് ഭയങ്കരമായ പാതകമാണെന്നും തെറ്റാണെന്നുമെല്ലാം തിരിച്ചറിയുന്നൊരു സമൂഹം ഇതിനോടൊപ്പംതന്നെ ചെറുതായെങ്കിലും വളർന്നുവരുന്നുണ്ടെന്നുള്ളത് സന്തോഷം നൽകുന്ന കാര്യമാണ്. എന്നാൽ കുട്ടികൾ പഠിക്കുന്ന പുസ്തകങ്ങളിലെ ചരിത്രത്താളുകളിൽ കേന്ദ്ര സർക്കാർ, അവരുടെ ഇച്ഛയ്ക്കൊത്ത് തിരുത്താനുള്ള ശ്രമം നടത്തുന്നുവെന്നത് നാം കാണേണ്ടിയിരിക്കുന്നു. ചരിത്രകാരന്മാർ കള്ളം പറയില്ലെന്ന പൊതുധാരണ നിലവിലുള്ളതുകൊണ്ടാണ് ചരിത്രകാരന്മാരെ ജനങ്ങൾ വിശ്വസിക്കുന്നത്. പക്ഷേ, ഇപ്പോൾ കാണാത്ത രേഖ കണ്ടുവെന്ന് ഒരു ചരിത്രകാരൻ പറഞ്ഞാൽ സാമാന്യജനത അല്ലെങ്കിൽ ജനങ്ങൾ എന്തുചെയ്യും എന്നുള്ളതും പ്രശ്നമാണ്. ചരിത്രത്തിന് ഒരു മെത്തഡോളജിയുണ്ട്; ഇന്റേണൽ ക്രിട്ടിസിസവും എക്സ്റ്റേണൽ ക്രിട്ടിസിസവും. അങ്ങനെയാണ്

രേഖകൾ വ്യാഖ്യാനിക്കപ്പെടേണ്ടത്. ഈ രേഖ എഴുതിയ വ്യക്തിക്ക് എന്തെങ്കിലും ഉദ്ദേശ്യമുണ്ടോ; എന്തിന് ഈ രേഖ എഴുതി; ആരെക്കൊണ്ട് എഴുതിച്ചു? തുടങ്ങിയവയെല്ലാം ഇന്റേണൽ ക്രിട്ടിസിസത്തിന്റെ ഭാഗമാണ്. അപ്പോൾ രേഖകൾ വിലയിരുത്തിക്കൊണ്ട് ചരിത്രത്തെ വ്യക്തി അധിഷ്ഠിതമാക്കാതെ ഒബ്ജക്ടീവ് ആക്കാനും വസ്തുനിഷ്ഠമായി അതിനെ കാണാനുമുള്ളൊരു രീതി വളർന്നുവരികയാണ്. ഇന്ത്യയിൽ ആർ.എസ്.എസ്. തീർത്തും രാഷ്ട്രീയമായ ഉദ്ദേശ്യത്തോടുകൂടിയാണ് ചരിത്രത്തെ കഴിയുന്നത്ര മാറ്റി മറിക്കുകയും വളച്ചൊടിക്കുകയും ചെയ്യുന്നത്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ അയോധ്യയിലെ ബാബറി മസ്ജിദ് പള്ളി സംബന്ധിച്ചും താജ്മഹൽ സംബന്ധിച്ചും അങ്ങനെയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഇനിയും ഇത്തരം കാര്യങ്ങൾ ആവർത്തിക്കുമെന്നാണ് തോന്നുന്നത്. അതുകൊണ്ട് ഈ കാലഘട്ടത്തിൽ ചരിത്ര രേഖകൾ അതർഹിക്കുന്ന അർഥത്തിൽ സംരക്ഷിക്കേണ്ടത് ഏറ്റവും അനിവാര്യമാണ്. സഹിഷ്ണുതയോടെയും സമ്പന്നമായ പൈതൃകത്തോടെയും സമാധാനപരമായി ഒന്നിച്ചുജീവിക്കുന്ന ഒരു ജനതയെ, ഗൂഢലക്ഷ്യം നിലനിർത്തി ഫാസിസ്റ്റ് ചിന്താഗതിക്കാർ പലവിധത്തിലും ചരിത്രത്തെ തെറ്റായി ചിത്രീകരിക്കുന്നുവെന്നത് നമുക്ക് കാണാൻ കഴിയും.

സ്വാതന്ത്ര്യലബ്ധിക്കുശേഷം നമ്മുടെ രാജ്യത്തെ അവരുടെ രാജവാഴ്ചയാക്കുകയെന്ന ദുഷ്ട അജണ്ടയുണ്ടായിരുന്നു. അന്ന് മതേതര രാഷ്ട്രമായി പ്രഖ്യാപിച്ചിട്ടും ഭിന്നിപ്പിക്കുന്ന പ്രീണനങ്ങൾ കളിച്ച് അവർ നമ്മുടെ സമൂഹത്തെ നശിപ്പിക്കാനും വിഭവങ്ങളെ ബാധിക്കുന്ന ധീരമായ പരിഷ്കാരങ്ങളിൽനിന്നും വിട്ടുനിൽക്കാനുമുള്ള ശ്രമങ്ങളാണ് നടത്തിയത്. വികസന

Uncorrected/Not for publication
29-09-2025

പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവർക്കുപോലും വരുംകാലങ്ങളിൽ ചരിത്രപഠനം അനിവാര്യമാകുമെന്നത് ഉറപ്പാണ്. ഇന്നലെകളുടെ തുടർച്ചയാണ് ഇന്നെന്നും ഇന്നിന്റെ തുടർച്ചയാണ് നാളെയെന്നും മറക്കാതിരിക്കാൻ ചരിത്രപഠനം സഹായിക്കും. രാജഭരണത്തിന്റെ നാളുകളിൽ ഇന്ത്യയിൽ നിലനിന്നിരുന്ന ജനാധിപത്യത്തെപ്പറ്റിയും ജനങ്ങളുടെ ആവലാതികൾക്ക് പരിഹാരം കണ്ടെത്താൻ കഴിയാതെപോയ ഭരണാധികാരികളുടെ പരാജയത്തെപ്പറ്റിയുമെല്ലാം ഇന്ത്യയുടെ ചരിത്രപാഠത്തിൽനിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. സർക്കാർ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നിയമംമൂലം സ്ഥാപിച്ച കമ്മീഷനുകളുടെയും കമ്മിറ്റികളുടെയും പൊതുരേഖകൾ സംരക്ഷിക്കുന്നതിനും സ്വകാര്യ സ്രോതസ്സിൽനിന്നും പുരാരേഖകൾ ഏറ്റെടുക്കുന്നതിനുമായി പൊതുരേഖ മാനേജ്മെന്റ് സംവിധാനം രൂപീകരിക്കുക എന്നുപറയുന്നത് വളരെ പ്രധാനപ്പെട്ടതാണ്. അത് ഈ പൊതുരേഖ ബിൽ ഉറപ്പുതരുകയാണ്. പൊതുരേഖകൾ സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോകുന്നതിനും നശിപ്പിക്കുന്നതിനും ശിക്ഷ വ്യവസ്ഥ ചെയ്യുന്നതിനും പൊതുരേഖകളുടെ സംരക്ഷണവും പരിപാലനവും സംബന്ധിച്ച് വ്യക്തമായ നടപടി ക്രമങ്ങൾ രൂപീകരിക്കുന്നതിനുമാണ് യഥാർത്ഥത്തിൽ 2023-ലെ കേരള പൊതുരേഖ ബിൽ നിയമനിർമ്മാണംകൊണ്ട് ഉദ്ദേശിക്കുന്നതെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചപ്പോൾ വളരെ കൃത്യമായി മനസ്സിലായി. പുരാരേഖകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി രൂപീകരിച്ച ഈ നിയമം കേരള ജനത അങ്ങേയറ്റം സന്തോഷത്തോടെ സ്വീകരിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ബില്ലിന്റെ ഭാഗമായി ഇലക്ട്രോണിക് രേഖകളും

Uncorrected/Not for publication
29-09-2025

പൊതുരേഖയായി മാറുകയാണ്. പുതിയ കാലഘട്ടത്തിനനുസരിച്ച വലിയ മാറ്റമാണിത്. സർക്കാരുമായി ബന്ധപ്പെട്ട ഇലക്ട്രോണിക് രേഖകൾ പുരാരേഖകളായി കണക്കാക്കുകയും ഇവ നശിപ്പിക്കുകയോ അനുമതിയില്ലാതെ സംസ്ഥാനത്തിന് പുറത്തേക്ക് കടത്തുകയോ ചെയ്താൽ 5 വർഷം വരെ തടവ് അല്ലെങ്കിൽ 25,000/- രൂപ പിഴയോ രണ്ടും കൂടിയോ ലഭിക്കാൻ കഴിയുന്ന രീതിയിലുള്ള ശക്തമായ നിയമം ഇതിൽ വരുന്നുണ്ട്. പൊതുരേഖകൾ സംരക്ഷിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വലിയ പ്രസക്തിയുണ്ടെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. ഇലക്ട്രോണിക് രേഖകൾ ഇതിന്റെ പരിധിയിൽ വരുന്നില്ല. സർക്കാർ വകുപ്പുകൾ, തദ്ദേശസ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കമ്മീഷനുകൾ, സർക്കാർ കമ്മിറ്റികൾ തുടങ്ങിയവയിലെ രേഖകൾ നിയമപരിധിയിൽ വരും. പുരാരേഖകൾ സംബന്ധിച്ച അധികാരം സർക്കാരിനായിരിക്കും. ഇവയിൽ ശാശ്വത മൂല്യമുള്ള രേഖകൾ നശിപ്പിക്കപ്പെടാൻ പാടില്ലാത്തതാണെന്ന സ്വഭാവത്തിൽ ഉൾപ്പെടുത്തും. പ്രാദേശികം, ചരിത്രപരം എന്നിങ്ങനെ പ്രാധാന്യമുള്ള രേഖകൾ കൊടുത്ത് വില നൽകിയോ ഉടമ്പടിയിൽ ഏർപ്പെട്ടോ 30 വർഷത്തിൽ കൂടുതൽ പഴക്കമുള്ള രേഖകൾ, പ്രമാണങ്ങൾ എന്നിവ ഗവേഷകർക്ക് ആർക്കൈവ്സിൽനിന്നും ലഭ്യമാക്കുമെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എല്ലാ സ്ഥാപനങ്ങളിലും റെക്കോർഡ്സ് സൂക്ഷിക്കാൻ ഒരു റൂമുണ്ടാകുമെന്നാണ് വിവക്ഷിക്കുന്നത്. പുരാരേഖ വകുപ്പുമായി ആലോചിച്ചാണ് രേഖകൾ എത്രകാലം സൂക്ഷിക്കണമെന്ന് തീരുമാനിക്കുന്നത്. സംരക്ഷിക്കാൻ കഴിയാത്ത 100 വർഷത്തിലധികം പഴക്കമുള്ള രേഖകൾ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നശിപ്പിക്കാൻ സാധിക്കും. എപ്പോൾ

വേണമെങ്കിലും ഒരു രേഖ നശിപ്പിക്കാനോ മാറ്റാനോ കൊണ്ടുപോകാനോ സാധിക്കാത്ത ഒരു പുതുസ്ഥിതി സംജാതമാക്കാൻ നമുക്ക് സാധിക്കും. പുരാരേഖകളുടെ പരിപാലനം, സംരക്ഷണം, വിനിയോഗം തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന് ഉപദേശം നൽകാൻ ബോർഡ് രൂപീകരിക്കും. പുരാരേഖ വകുപ്പ് സെക്രട്ടറി ചെയർമാനായ ബോർഡിന് വളരെ പ്രാധാന്യമുണ്ട്. സാംസ്കാരികരംഗം, ഉദ്യോഗസ്ഥ ഭരണപരിഷ്കാരം, ധനകാര്യം, തദ്ദേശസ്വയംഭരണം, നിയമം എന്നീ വകുപ്പുകളിലെ പ്രതിനിധികൾ, സർക്കാർ നാമനിർദേശം ചെയ്യുന്ന ആർക്കൈവിസ്റ്റ്, ഐ.ടി. പ്രൊഫഷണൽ, എം.എൽ.എ.-മാർ, വകുപ്പ് ഡയറക്ടർമാർ തുടങ്ങിയവർ ഉൾപ്പെട്ടിട്ടുള്ളത് സൂചിപ്പിക്കുന്നത് ഈ പൊതുരേഖാ ബിൽ അതിന്റെ സൂക്ഷ്മതലത്തിലുള്ള ആലോചനയുണ്ടായിയെന്ന് വ്യക്തത വരുത്തുന്നത് തന്നെയാണ്. ജില്ലാ തലത്തിൽ പുരാരേഖ സംരക്ഷണം ഊർജ്ജിതമാക്കാനുള്ള നടപടിയും ഈ ബില്ലിലുണ്ട്. പുരാരേഖ വകുപ്പ്, നിലവിൽ സ്കൂൾ തലത്തിൽ നടപ്പാക്കുന്നതിന്റെ തുടർച്ചയാണ് ചരിത്രകാരന്മാരടക്കമുള്ളവരെ ഉൾക്കൊള്ളിച്ചുകൊണ്ട് പുതിയ കൂട്ടായ്മയൊരുക്കുന്നത്. ജില്ലാ തലത്തിൽ ഹെറിറ്റേജ് ഫോറത്തിന്റെ ഏകോപനത്തിന് കോ-ഓർഡിനേറ്ററെ നിയമിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളും ഈ ബില്ലിൽ പറയുന്നുണ്ട്. അതുകൊണ്ടുതന്നെ ഒരു ബില്ലിന്റെ ചരിത്രപരമായ എല്ലാ അർഥത്തിലേക്കും നമുക്ക് പോകാൻ കഴിയും. ബിരുദ-ബിരുദാനന്തര വിദ്യാർഥികളുടെ പ്രധാന വിഷയങ്ങളിലൊന്നാണ് ചരിത്രം. മലയാളം പഠിക്കാനെത്തുന്ന വിദ്യാർഥികൾക്കും ഉത്തരം എഴുതാനുള്ള ഒരു പേപ്പർ എന്ന നിലയിൽ കേരള ചരിത്രം പഠിക്കേണ്ടതുണ്ട്. ആർക്കിയോളജിയും മ്യൂസിയോളജിയും ആർട്ട് ഹിസ്റ്ററിയും ചരിത്രവുമായി ബന്ധപ്പെടുത്തി

Uncorrected/Not for publication
29-09-2025

പഠിക്കാൻ തുടങ്ങിയിട്ട് വളരെയധികം കാലമായി. കോമ്പിനേഷൻ കോഴ്സുകൾക്ക് കൂടുതൽ പ്രാധാന്യം നൽകാൻ നമ്മുടെ സർവകലാശാലകൾ തയ്യാറായാൽ ചരിത്രപഠനത്തിന് പുതിയ ഒരു ദിശാബോധം നൽകാൻ കഴിയുമെന്നുള്ളത് ഉറപ്പാണ്. വസ്തുനിഷ്ഠവും വിശ്വാസയോഗ്യവുമായ യഥാർഥ ചരിത്രത്തിന്റെ പ്രമാണങ്ങളായ പുരാരേഖകളെ സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുന്നതിനുവേണ്ടി നിലകൊള്ളുന്ന 2023-ലെ കേരള പൊതുരേഖ ബിൽ എന്നത് ഒരു രാജ്യത്തിന്റെ ചരിത്രപരമായ അറിവും വിജ്ഞാന-വിവര-സംരക്ഷണ ഉപാധിയുമാണ്. ഒരു ജനതയുടെ ആകെ ആഗ്രഹവും ആശ്രയവുമാണെന്നതിനാൽ ഈ പൊതുരേഖാ ബില്ലിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. അതോടൊപ്പം പൊതുരേഖാ ബിൽ നല്ലരീതിയിലുള്ള പഠനമാണ് നടത്തിയിട്ടുള്ളത്. ഇക്കാര്യത്തിൽ, നേരത്തെ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. അഹമ്മദ് ദേവർകോവിൽ തുടങ്ങി ഇപ്പോഴത്തെ വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി വരെയുള്ള വ്യക്തികൾ വളരെ നല്ല ശ്രമമാണ് നടത്തിയിരിക്കുന്നത്. തികച്ചും അഭിനന്ദനാർഹമായ കോ-ഓർഡിനേഷനാണ് ഇക്കാര്യത്തിലുണ്ടായിട്ടുള്ളത്. തീർച്ചയായും ഈ ബില്ലിനെ സംബന്ധിച്ച് ഭാവിയിൽ നിരവധി നൂലാമാലകളും പ്രശ്നങ്ങളും സങ്കീർണ്ണതകളും ഉണ്ടാകാമെങ്കിലും കേരള നിയമസഭയുടെ ചരിത്രത്തിലെ ഏറ്റവും നല്ല നിയമനിർമ്മാണങ്ങളിലുൾപ്പെട്ട ഒന്നായി ഗണിക്കപ്പെടുമെന്ന ഉറച്ച വിശ്വാസമാണ് എനിക്കുള്ളത്. ഈ ബില്ലിനെ ഒരിക്കൽക്കൂടി പൂർണ്ണമായും പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, 2023-ലെ കേരള പൊതുരേഖാ ബിൽ സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്ത ബഹുമാന്യരായ

എല്ലാ അംഗങ്ങളെയും ഞാൻ അഭിവാദ്യം ചെയ്യുന്നതൊടൊപ്പം നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ ബില്ലിലെ വളരെ പ്രസക്തമായ കാര്യങ്ങൾ നമ്മുടെ സാമാജികർ ഉന്നയിക്കുകയുണ്ടായി. ഈ നിലയിലുള്ള താല്പര്യങ്ങൾ പുരാവസ്തു-പുരാരേഖ-മ്യൂസിയവുമായി ബന്ധപ്പെട്ടുള്ള തുടർപ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്താൻ സന്നദ്ധമായാൽ ഏറെ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. എന്നാൽ ചില വകുപ്പുകളുടെ ഭാഗത്തുനിന്ന് ദുർവ്യാഖ്യാനത്തിന് ഇടയാക്കുന്ന നിലയിലുള്ള ചില പരാമർശങ്ങളും വന്നിട്ടുണ്ട്; അത് സാരമില്ലാത്തതാണ്. പുരാരേഖകൾ പുറത്ത് കൊണ്ടുപോകുന്നത് സംബന്ധിച്ചാണ് ചിലർക്ക് ആശങ്കയുണ്ടായത്. ശാശ്വതമൂല്യങ്ങളുടെ അസൽ രേഖകൾ പുറത്തുകൊണ്ടുപോകുന്നതിന് മാത്രമാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഔദ്യോഗിക ആവശ്യങ്ങൾക്ക് രേഖകൾ കൊണ്ടുപോകുന്നതിൽ തടസ്സമില്ല. ഇത്തരം കാര്യങ്ങൾ ശ്രീ. അനൂപ് ജേക്കബ് ഇവിടെ പറയുകയുണ്ടായി. മാത്രമല്ല, അദ്ദേഹം ഹിൽ പാലസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ സംബന്ധിച്ചും ഇവിടെ പരാമർശിച്ചു. അത് ഓരോന്നായി ഞാൻ പറയുന്നില്ല. ഞങ്ങൾ രണ്ടുപേരും അവിടെ സന്ദർശിക്കുകയും ഒരുമിച്ച് പലകാര്യങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിനെല്ലാം അദ്ദേഹം സാക്ഷ്യം വഹിച്ചിട്ടുമുണ്ട്. പുരാരേഖകളുടെ പാരമ്പര്യവും പ്രസക്തിയും കണക്കിലെടുത്തുകൊണ്ട് അതിന്റെ പരിപാലനം നിർവഹിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സന്ദർശകരുടെ ബാഹുല്യം വർധിച്ചകാര്യം ഞാൻ അറിയിക്കുകയാണ്. ശാശ്വതമൂല്യമുള്ള അസൽ രേഖകളെല്ലാം സൂക്ഷിക്കാൻ കഴിയുന്ന ഇടങ്ങളിൽ അതുപോലെ സൂക്ഷിച്ചിട്ടുണ്ടെന്നത് വസ്തുതയാണ്. ആർക്കൈവ്സുമായി ബന്ധപ്പെട്ടതാണ് പുരാരേഖയിലെ

പ്രധാനപ്പെട്ട കാര്യങ്ങൾ. എങ്കിലും പ്രധാനപ്പെട്ട മറ്റ് വിഷയങ്ങൾകൂടി ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചത് സ്വാഭാവികമാണ്. വകുപ്പിന്റെ നേട്ടങ്ങളെക്കുറിച്ചും ബില്ലിന്റെ പ്രാധാന്യത്തെക്കുറിച്ചുമാണ് ബഹുമാന്യരായ അംഗങ്ങൾ സംസാരിച്ചത്. തീർച്ചയായും ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാംതന്നെ നമ്മുടെ ഈ വകുപ്പിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതാണ്. കേരളത്തിന്റെ വിദ്യാഭ്യാസ പ്രബുദ്ധത, രാഷ്ട്രീയ പ്രബുദ്ധത, സാംസ്കാരിക പ്രബുദ്ധത എന്നിവയ്ക്ക് ആനുപാതികമായി ഈ മൂന്ന് വകുപ്പുകളിലും ജനങ്ങളോ അല്ലെങ്കിൽ നമ്മളെല്ലാവരും ഉൾക്കൊള്ളുന്ന പൊതുസമൂഹമോ ഇടപെടാത്തതിൽ വേദനിക്കുന്ന ഒരു പൊതുപ്രവർത്തകനാണ് ഞാൻ. ഈ പ്രബുദ്ധതയെല്ലാം ചേർന്ന് ഇടപെട്ടാൽ ഈ മൂന്ന് വകുപ്പുകളും കേരളത്തിന്റെ സാംസ്കാരിക-സാമൂഹിക-വൈജ്ഞാനിക മേഖലയിൽ പ്രശോഭിതമാകുന്ന ഒന്നായി മാറ്റിയെടുക്കാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പുരാവസ്തുവും പുരാരേഖയും മ്യൂസിയവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. ഈ ബിൽ ആർക്കൈവ്സുമായി ബന്ധപ്പെട്ടതായതിനാൽ അതിന് പ്രാധാന്യം നൽകികൊണ്ട് കാര്യങ്ങൾ വിശദമാക്കാം.

പുരാരേഖകൾ പുറത്തുകൊണ്ടുപോകുന്നത് സംബന്ധിച്ച കാര്യങ്ങൾ നേരത്തെ പറഞ്ഞതിനാൽ വീണ്ടും ഞാൻ ആവർത്തിക്കുന്നില്ല. ശ്രീ. പി. ഉബൈദുള്ള പറഞ്ഞതുപോലെ പുരാരേഖകൾ വ്യക്തികളിൽനിന്ന് സ്വീകരിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. കൂടുതൽ കാര്യങ്ങൾക്കായി ചട്ടങ്ങൾ രൂപീകരിക്കേണ്ടതുണ്ട്. സ്വകാര്യ വ്യക്തികളുടെ കൈയിലുള്ള രേഖകൾ സംരക്ഷിക്കുന്നത് സംബന്ധിച്ചാണ് അദ്ദേഹത്തിന് ആശങ്കയുള്ളത്. ഇതുപോലുള്ള രേഖകൾ സൂക്ഷിക്കുന്ന സ്ഥലങ്ങളിൽചെന്ന്

സംസാരിച്ചപ്പോഴെല്ലാം അത് നൽകുന്നതിൽ വൈമുഖ്യം കാണിച്ച അനുഭവങ്ങൾ ഏറെയുണ്ട്. ചില സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതുസംബന്ധിച്ച് സ്വകാര്യ വ്യക്തികളുമായി സംസാരിച്ചപ്പോൾ അത് നൽകുന്നതിൽ ബുദ്ധിമുട്ട് കാണിച്ചിട്ടുള്ളവരുമുണ്ട്. പഴയ നാണയശേഖരങ്ങൾ നൽകാൻ തയ്യാറാണെന്ന് പറഞ്ഞെങ്കിലും അവിടെ പോയി സംസാരിക്കുമ്പോൾ നൽകാതിരിക്കുന്ന സാഹചര്യവുമുണ്ട്. ഇത്തരം സാഹചര്യങ്ങളുള്ളതിനാൽ സംസ്ഥാന സർക്കാരിന് ബലം പ്രയോഗിച്ച് അതൊന്നും ഏറ്റെടുക്കാൻ കഴിയില്ലെന്നുള്ളത് ഒരു വസ്തുതയാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, (മൈക്ക് ഓഫ്) സ്വകാര്യ വ്യക്തികളിൽനിന്ന് സ്വീകരിക്കുന്ന പുരാരേഖകൾക്ക് ആധികാരികത ഉറപ്പ് വരുത്താൻ കഴിയുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, തീർച്ചയായും. സ്വകാര്യ വ്യക്തികളിൽനിന്നുതന്നെ സ്വീകരിക്കണമെന്നല്ല, അവർ നൽകാൻ തീരുമാനിച്ചാൽ അത് സ്വീകരിക്കാമെന്നുള്ളതാണ്. അത് ബലം പ്രയോഗിച്ചല്ല വാങ്ങേണ്ടത്. നമ്മുടെ ഭാരതീയ നാഗരിക് സുരക്ഷ സംഹിത സംബന്ധിച്ച ആശങ്ക ഒൻപതാം ഖണ്ഡത്തിലെ ഔദ്യോഗിക ഭേദഗതിയിൽ പരിഹരിച്ചിട്ടുണ്ട്. അങ്ങനെ ചെറുതും വലുതുമായ നിരവധി വിഷയങ്ങളുണ്ട്. അത്തരം കാര്യങ്ങളിൽ അതത് കാലഘട്ടങ്ങളിലുണ്ടാകുന്ന നിർദ്ദേശങ്ങളും ചർച്ചകളും കേൾക്കുകയും അതത് സ്ഥലങ്ങളിൽ നേരിട്ടുചെന്ന് പരിഹരിക്കാനുള്ള നിലപാടുകൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. അതിനാവശ്യമായ നിലയിലുള്ള പിന്തുണയും സഹായവും ലഭ്യമാക്കിക്കഴിഞ്ഞാൽ അത് ഏറ്റെടുക്കുന്നതിന് യാതൊരു പ്രയാസവുമില്ല. സ്ഥലലഭ്യതയുണ്ട്, എന്നാൽ മറ്റ് ചില പ്രശ്നങ്ങളും

പ്രായോഗികമായി ഉണ്ടെന്നുള്ളതാണ്. അതുകൊണ്ടാണ് നാണയത്തിന്റെ കാര്യം ഞാൻ പറഞ്ഞത്. നാണയശേഖരം നൽകാൻ തയ്യാറാണെന്ന് അറിയിച്ചശേഷം അത് സ്വീകരിക്കാൻ പോകുമ്പോഴാണ് ചില തടസ്സവാദങ്ങളുണ്ടായിട്ടുള്ളത്. ചില ഇടപെടൽകൊണ്ടായിരിക്കാം അങ്ങനെ സംഭവിച്ചത്. പഴയ സൂക്ഷിപ്പുകൾ ഈ രാജ്യത്തിന്റെ അമൂല്യമായ നിധികളായതുകൊണ്ട് അത് ഏറ്റെടുക്കുക, സ്വീകരിക്കുക എന്നത് പ്രധാനപ്പെട്ട കാര്യമാണെന്ന കാര്യത്തിൽ ഞങ്ങൾക്ക് പക്ഷാന്തരമില്ല.

കുമാരനാശാൻ താമസിച്ച എസ്.എൻ.ഡി.പി. സ്കൂളിലെ പടിപ്പുര മാളിക സംരക്ഷിക്കുന്നത് സംബന്ധിച്ച് ശ്രീ. അൻവർ സാദത്ത് ഉന്നയിച്ച വിഷയം പ്രത്യേകം പരിഗണിക്കുന്നതാണ്. ഇതുപോലുള്ള നിരവധി വിഷയങ്ങൾ നാട്ടിൻപുറങ്ങളിലുണ്ട്. എന്നാൽ ഇത്തരം കാര്യങ്ങൾ പ്രാധാന്യത്തോടും പ്രസക്തിയോടുംകൂടി സമീപിക്കുന്ന പ്രവണത കുറഞ്ഞുവരികയാണ്. ഈ വിഷയം സഭയിൽ ഉന്നയിച്ചതുകാരണം അത് ശ്രദ്ധയോടെ പരിഹാരം കാണാൻ ശ്രമിക്കുകയാണ്. പുരാവസ്തുവുമായി ബന്ധപ്പെട്ട് നിലവിലെ നിയമം പ്രത്യേകം പരിശോധിക്കാവുന്നതാണെന്നാണ് ശ്രീ. ഡി. കെ. മുരളി എം.എൽ.എ. സൂചിപ്പിച്ചത്. അങ്ങനെ ഓരോ നിയമങ്ങളും സാധ്യതകളുമുണ്ട്. കാര്യവട്ടത്ത് പഠന കേന്ദ്രം സ്ഥാപിക്കണമെന്നാണ് ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ പറഞ്ഞത്. അന്താരാഷ്ട്ര പഠന ഗവേഷണ കേന്ദ്രം കാര്യവട്ടത്ത് വിപുലമായ രീതിയിൽ പൂർത്തിയായി വരികയാണ്. അത് നേരിട്ടുകണ്ടാൽ മാത്രമെ അതിന്റെ പ്രാധാന്യവും വലിപ്പവും മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. അതുപോലെ സ്ഥാപനങ്ങൾ ആരംഭിക്കാനും പരിരക്ഷിക്കാനും കഴിയുന്ന ഇടങ്ങളിൽ നിങ്ങളുടെ നിർദേശങ്ങളും

സഹായങ്ങളുമുണ്ടെങ്കിൽ അതെല്ലാം കാണാനും കേൾക്കാനും വിലയിരുത്താനും സാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ലെന്നാണ് ഇവിടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. പൈതൃകശേഷിപ്പുകളും സ്മാരകങ്ങളും സംബന്ധിച്ച വിഷയങ്ങൾ അതത് കാലഘട്ടങ്ങളിൽ പ്രാദേശിക ഭരണകൂടങ്ങളുടെ നിർദേശത്തോടും പിന്തുണയോടും നൽകിക്കഴിഞ്ഞാൽ അത് ഏറ്റെടുക്കാനും സ്വീകരിക്കാനും പൂർത്തീകരിക്കാനും കഴിയും. ഇവിടെ ബഹുമാന്യരായ അംഗങ്ങൾ പറഞ്ഞ വിവിധ കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിൽ ജനകീയ സഹകരണത്തിന്റെ അനിവാര്യത പ്രധാനപ്പെട്ടതാണ്. ഇത് എല്ലാവർക്കും ബോധ്യമാകണമെന്നില്ല. എന്നാൽ ജനകീയ സഹനത്തോടെ മുന്നോട്ടുപോകാൻ കഴിഞ്ഞ ഇടങ്ങളിൽ അതിനുള്ള പ്രാധാന്യവും പ്രസക്തിയും ഉന്നതമാക്കിയിട്ടുണ്ട്.

ഹിൽ പാലസ് മ്യൂസിയം ഒരു പ്രധാനപ്പെട്ട കേന്ദ്രമാണ്. അതുപോലെ മറ്റ് ധാരാളം പ്രധാനപ്പെട്ട കേന്ദ്രങ്ങളുമുണ്ട്. കേരളത്തിലെ വ്യാവസായിക-വൈജ്ഞാനിക സംരംഭങ്ങളുടെ ഒരു പരമ്പര എറണാകുളത്തുണ്ട്. എറണാകുളത്തെ സംബന്ധിച്ച് പ്രാദേശികമായി പറയുന്ന കാര്യങ്ങൾ ഉന്നയിച്ചാൽ തീർച്ചയായും അത് ശ്രദ്ധിക്കാനും അതിൽ ഇടപെടാനും കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. അതുമായി ബന്ധപ്പെട്ട് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് ചില വിഷയങ്ങൾ പറഞ്ഞിട്ടുള്ളതിനാൽ ഞാൻ അവയൊന്നും ആവർത്തിക്കുന്നില്ല. അക്കാര്യങ്ങൾ പ്രാവർത്തികമാക്കാൻ ശ്രമിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

മി. സ്പീക്കർ: മിനിസ്റ്റർ ഇനിയും കൂടുതൽ സമയം ആവശ്യമുണ്ടോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഇല്ല. ആമുഖമായി സംസാരിച്ചതുകൊണ്ട് ഞാൻ അധികം സംസാരിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ച ചില കാര്യങ്ങൾ മാത്രമേ പറയുന്നുള്ളൂ. തലശ്ശേരിയിലെ ഏത് പൈതൃകമായിരുന്നാലും കോട്ടയായിരുന്നാലും..., കോട്ടകളുടെ സംരക്ഷണം കേന്ദ്ര നിയമത്തിന്റെ കീഴിലാണ്. കോട്ടകൾ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലായതിനാൽ ആ വിഷയത്തിൽ സംസ്ഥാനത്തിന് സ്വതന്ത്രമായി മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. രേഖകൾ സൂക്ഷിക്കുന്നതിന് പ്രാധാന്യമുണ്ടെന്നും ദേശീയ സാഹചര്യത്തിൽ ചരിത്രങ്ങളും ചരിത്രശേഷിപ്പുകളും പരിപാലിക്കുന്ന കാര്യത്തിലുണ്ടാകുന്ന ഭീഷണി നിലവിലുണ്ടെന്നുമുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ലോകാരാധ്യനായ ഗാന്ധിജിയുടെ ഘാതകനെ ചരിത്രപുരുഷനായി വാഴ്ത്തണമെന്നും അദ്ദേഹത്തിന്റെ ക്ഷേത്രങ്ങളും പ്രതിമകളും രാജ്യവ്യാപകമായി സ്ഥാപിക്കണമെന്നുമെല്ലാം പ്രസംഗിക്കാൻ ഒരാൾ ഉണ്ടായെന്നുപറയുമ്പോൾ ലോകം തന്നെ ആ പ്രസംഗം കേട്ട് അമ്പരന്നുപോകുകയാണുണ്ടായത്. ഇത്തരത്തിലുള്ള നീക്കങ്ങളും പ്രവർത്തനങ്ങളും നടക്കുന്ന വർത്തമാനകാലത്ത് നമ്മുടെ രാജ്യത്തിന്റെ വസ്തുതാപരവും ചരിത്രപരവുമായ സത്യങ്ങളും വസ്തുതകളും എന്താണോ അതൊക്കെ നിഷേധിക്കപ്പെടുകയും നിരോധിക്കപ്പെടുകയും ചെയ്തുകൊണ്ട് രൗദ്രഭാവങ്ങൾ അഴിഞ്ഞാടുന്ന സാഹചര്യത്തിൽ ചരിത്രവും ചരിത്രത്തിന്റെ സാക്ഷ്യങ്ങളും സംരക്ഷിക്കുകയെന്നത് ഒരു ചരിത്രദൗത്യമായി ഏറ്റെടുക്കാൻ എല്ലാവരും തയ്യാറാകണം. അതിന് സാധ്യമാകുന്ന ഒരു സംസ്ഥാനം നമ്മുടെ കേരളമാണെന്നതിൽ യാതൊരു

സംശയവുമില്ല. വിദ്യാഭ്യാസ പ്രബുദ്ധതയും രാഷ്ട്രീയ പ്രബുദ്ധതയും സാംസ്കാരിക പ്രബുദ്ധതയുമെല്ലാം കൂടിച്ചേർന്ന് ജനങ്ങൾക്ക് വിലപ്പെട്ട സംഭാവന നൽകാൻ കഴിയുന്ന സംസ്ഥാനവും കേരളമാണ്. ദേശീയരംഗത്ത് കാണുന്ന വിപത്തുകളെയും ആക്രോശങ്ങളെയും രൗദ്രഭാവങ്ങളെയും പ്രതിരോധിക്കാൻ കഴിയുന്ന നിയമങ്ങളും നിയമനിർമ്മാണങ്ങളും ജനകീയ മുന്നേറ്റങ്ങളും അതിന് പശ്ചാത്തലമൊരുക്കാൻ കഴിയുന്ന നിലയിൽ ഒരു സാംസ്കാരിക അവബോധം സൃഷ്ടിക്കാൻ നമ്മുടെ സംസ്ഥാനത്തിന് സാധിക്കും. അതിനാൽ ഈ ബിൽ നടപ്പിലാകുന്നതോടുകൂടി ചരിത്രത്തിന്റെ ഭാഗമായി അതിനെ മാറ്റിയെടുക്കാൻ സാധിക്കുന്നതോടൊപ്പം ചരിത്രപരമായ വസ്തുതകളെ പരിരക്ഷിക്കാനും സൂക്ഷിക്കാനുമുള്ള എല്ലാ നടപടികളും നിർബാധം മുന്നോട്ടുകൊണ്ടുപോകാനും കഴിയും. അതിന് ആധാരമായ നിലയിൽ ഈ ബില്ലിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് ബഹുമാന്യരായ നിയമസഭാ സാമാജികരുടെ പിന്തുണ കക്ഷിരാഷ്ട്രീയത്തിനതീതമായി ഉണ്ടായിരിക്കണമെന്ന് അഭ്യർഥിക്കുകയാണ്. ഈ സഭയിൽ സംസാരിച്ച ബഹുമാന്യരായ എല്ലാ എം.എൽ.എ.-മാരോടും പ്രത്യേകമായി നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ ബിൽ പാസാക്കിത്തരണമെന്ന് വിനീതമായി അഭ്യർഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

Uncorrected/Not for publication
29-09-2025

മി. സ്പീക്കർ: ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സെലക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പൊതുരേഖ ബിൽ, പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

രണ്ടാം വകുപ്പ്

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

244. ഖണ്ഡം 2(എ)-ൽ " പരിശോധിക്കൽ" എന്നതിന് പകരം " നിശ്ചയിക്കൽ" എന്ന് ചേർക്കുക.

270. ഖണ്ഡം 2(ഡി)-യിൽ " എന്നാൽ" എന്നതിന് ശേഷം " സംസ്ഥാന" എന്ന് ചേർക്കുക.

295. ഖണ്ഡം 2(ജി)-ൽ " ഉണ്ടാക്കുന്ന" എന്നതിന് പകരം " സൃഷ്ടിക്കുന്ന" എന്ന് ചേർക്കുക.

352. ഖണ്ഡം 2(കെ)-ൽ, " പ്രാധാന്യമുള്ള" എന്നതിന് പകരം "അമൂല്യമായ" എന്ന് ചേർക്കുക.

370. ഖണ്ഡം 2(എൻ) (ii)-ൽ "രൂപീകരിച്ചിട്ടുള്ള" എന്നതിന് ശേഷം "വിവിധ" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

257. ഖണ്ഡം 2(സി)-ൽ "സാങ്കേതികമോ" എന്നതിന് ശേഷം "ഭരണപരമോ" എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

281. ഖണ്ഡം 2(ഇ)-ൽ " കുറിപ്പുകൾ" എന്നതിന് ശേഷം " ,പ്രാമാണിക രേഖകൾ" എന്ന് ചേർക്കുക.

344. ഖണ്ഡം 2(കെ)-ൽ "ശിപാർശ ചെയ്തിട്ടുള്ള" എന്നതിന് പകരം "നിർദ്ദേശിച്ചിട്ടുള്ള" എന്ന് ചേർക്കുക.

378. ഖണ്ഡം 2(എൻ)(ii)-ൽ "ബോർഡുകളും" എന്നതിന് ശേഷം "കോർപ്പറേഷനുകളും" എന്ന് ചേർക്കുക.

381. ഖണ്ഡം 2(എൻ)(ii)-ൽ "ഓഫീസുകളും" എന്നതിന് പകരം "കാര്യാലയങ്ങളും" എന്ന് ചേർക്കുക.

382. ഖണ്ഡം 2(എൻ)(ii)-ൽ "കമ്മിറ്റികളും" എന്നതിന് പകരം "സമിതികളും" എന്ന് ചേർക്കുക.

389. ഖണ്ഡം 2(ഒ)-ൽ "സ്ഥാപനങ്ങളുടെയോ" എന്നതിന് ശേഷം "സംഘങ്ങളുടെയോ സംഘടനകളുടെയോ" എന്ന് ചേർക്കുക.

418. ഖണ്ഡം 2(റ്റി)-ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

“ (യു)- തദ്ദേശ സ്വയംഭരണ സ്ഥാപനം എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മുനിസിപ്പാലിറ്റിയോ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 4-ാം വകുപ്പ് പ്രകാരം ഏതെങ്കിലും തലത്തിൽ രൂപീകരിച്ച പഞ്ചായത്തോ എന്നർത്ഥമാകുന്നു.”

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

286. ഖണ്ഡം 2 (ഇ)-ൽ “ നമ്പറോട്” എന്നതിന് പകരം “ നമ്പരോടും പേജ് നമ്പരോടും” എന്ന് ചേർക്കുക.

307. ഖണ്ഡം 2(എച്ച്)-ൽ "അവ" എന്നതിന് ശേഷം "നശിപ്പിക്കാവുന്നതാണോ എന്ന്" എന്ന് ചേർക്കുക.

341. ഖണ്ഡം 2(ജെ)(iv)-ന് ശേഷം താഴെ പറയുന്ന ഇനം ചേർക്കുക.

“ (v) കാലാകാലങ്ങളിൽ പൊതു രേഖകളായി ബോർഡ് പ്രഖ്യാപിക്കുന്ന രേഖകളും,”

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

289. ഖണ്ഡം 2 (ജി)-ൽ “ ഉണ്ടാക്കുന്ന” എന്നതിന് പകരം “ കൈവശമുള്ള” എന്ന് ചേർക്കുക.

ശ്രീമതി ഉമ തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

290. ഖണ്ഡം 2 (ജി)-ൽ “ ഉണ്ടാക്കുന്ന” എന്നതിന് പകരം “ നിർമ്മിക്കുന്ന” എന്ന് ചേർക്കുക.

390. ഖണ്ഡം 2(പി)-ൽ "ഉണ്ടാക്കുന്ന" എന്നതിന് പകരം "നിർമ്മിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

296. ഖണ്ഡം 2(ജി)-ൽ " ഉണ്ടാക്കുന്ന" എന്നതിന് പകരം " സംരക്ഷിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

297. ഖണ്ഡം 2(ജി)-ൽ " ഉണ്ടാക്കുന്ന ഏജൻസിയുടെ" എന്നതിന് പകരം " കൈവശമുള്ള നികായത്തിന്റെ" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

318. ഖണ്ഡം 2(ജെ)-ൽ "ഉണ്ടാക്കുന്ന" എന്നതിന് ശേഷം "സർക്കാർ നിശ്ചയിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. ഇ ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

319. ഖണ്ഡം 2(ജെ)(i)-ൽ "ശബ്ദലേഖനങ്ങൾ" എന്നതിന് ശേഷം ", ഇലക്ട്രോണിക് ഉപകരണങ്ങളിൽ സൂക്ഷിച്ചിട്ടുള്ള ഡിജിറ്റൽ രേഖകൾ" എന്ന ചിഹ്നവും വാക്കുകളും ചേർക്കുക.

345. ഖണ്ഡം 2(കെ)-ൽ, " ഭരണപരമായോ" എന്നതിന് ശേഷം "പ്രാദേശികമായോ" എന്ന് ചേർക്കുക.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

326. ഖണ്ഡം 2 (ജെ)(ii)-ൽ " ഫാക്സിമിലി" എന്നതിന് പകരം " തനി" എന്ന് ചേർക്കുക.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

332. ഖണ്ഡം 2 (ജെ)(iv)-ൽ " കമ്പ്യൂട്ടറിനാലോ" എന്നതിന് ശേഷം " ക്യാമറയാലോ" എന്ന് ചേർക്കുക.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

362. ഖണ്ഡം 2(എൽ)-ൽ "കണ്ടെത്തിയിട്ടുള്ള" എന്നതിന് പകരം "തീരുമാനിച്ചിട്ടുള്ള" എന്ന് ചേർക്കുക.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

365. ഖണ്ഡം 2(എൻ)-ൽ "ഉണ്ടാക്കുന്ന" എന്നതിന് പകരം "കൈവശമുള്ള" എന്ന് ചേർക്കുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

369. ഖണ്ഡം 2(എൻ)-ൽ "ഉണ്ടാക്കുന്ന ഏജൻസി" എന്നതിന് പകരം "കൈവശമുള്ള നികായം" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

376. ഖണ്ഡം 2(എൻ)(ii)-ൽ "ബോർഡുകളും" എന്നതിന് ശേഷം "ട്രൈബ്യൂണലുകളും" എന്ന് ചേർക്കുക.

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

379. ഖണ്ഡം 2(എൻ)(ii)-ൽ "ബോർഡുകളും" എന്നതിന് ശേഷം "അതോറിറ്റികളും ട്രൈബ്യൂണലുകളും" എന്ന് ചേർക്കുക.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

383. ഖണ്ഡം 2(എൻ)(iii)-ന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക: "(iv) സർവ്വകലാശാലകളും,"

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

393. ഖണ്ഡം 2(പി)-ൽ "ഉണ്ടാക്കുന്ന ഏജൻസി" എന്നതിന് പകരം "കൈവശമുള്ള നികായം" എന്ന് ചേർക്കുക.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

Uncorrected/Not for publication
29-09-2025

411. ഖണ്ഡം 2(ക്യൂ)-ൽ " ഉണ്ടാക്കുന്ന ഏജൻസികളോ" എന്നതിന് പകരം " കൈവശമുള്ള നികായമോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 237-ാം നമ്പർ ഭേദഗതി 236-ാം നമ്പർ ഭേദഗതിക്കും 239-ാം നമ്പർ ഭേദഗതി 238-ാം നമ്പർ ഭേദഗതിക്കും 242, 243 എന്നീ നമ്പർ ഭേദഗതികൾ 241-ാം നമ്പർ ഭേദഗതിക്കും 245 മുതൽ 247 വരെ 244-ാം നമ്പർ ഭേദഗതിക്കും 250 മുതൽ 252 വരെ 249-ാം നമ്പർ ഭേദഗതിക്കും 256, 257 എന്നീ നമ്പർ ഭേദഗതികൾ 255-ാം നമ്പർ ഭേദഗതിക്കും 261 മുതൽ 267 വരെ 260-ാം നമ്പർ ഭേദഗതിക്കും 270 മുതൽ 272 വരെ 269-ാം നമ്പർ ഭേദഗതിക്കും 274 മുതൽ 276 വരെ 273-ാം നമ്പർ ഭേദഗതിക്കും 278 മുതൽ 280 വരെ 277-ാം നമ്പർ ഭേദഗതിക്കും 283 മുതൽ 285 വരെ 282-ാം നമ്പർ ഭേദഗതിക്കും 288-ാം നമ്പർ ഭേദഗതി 287-ാം നമ്പർ ഭേദഗതിക്കും 291-ാം നമ്പർ ഭേദഗതി 290-ാം നമ്പർ ഭേദഗതിക്കും 293 മുതൽ 295 വരെ 292-ാം നമ്പർ ഭേദഗതിക്കും 298, 299 എന്നീ നമ്പർ ഭേദഗതികൾ 297-ാം നമ്പർ ഭേദഗതിക്കും 302-ാം നമ്പർ ഭേദഗതി 301-ാം നമ്പർ ഭേദഗതിക്കും 304, 305 എന്നീ നമ്പർ ഭേദഗതികൾ 303-ാം നമ്പർ ഭേദഗതിക്കും 309, 310 എന്നീ നമ്പർ ഭേദഗതികൾ 308-ാം നമ്പർ ഭേദഗതിക്കും 312 മുതൽ 314 വരെ 311-ാം നമ്പർ ഭേദഗതിക്കും 316-ാം നമ്പർ ഭേദഗതി 315-ാം നമ്പർ ഭേദഗതിക്കും 320 മുതൽ 322 വരെ 319-ാം നമ്പർ ഭേദഗതിക്കും 324-ാം നമ്പർ ഭേദഗതി 323-ാം നമ്പർ ഭേദഗതിക്കും 329 മുതൽ 331 വരെ 328-ാം നമ്പർ ഭേദഗതിക്കും 333 മുതൽ 336 വരെ 332-ാം നമ്പർ ഭേദഗതിക്കും 338 മുതൽ 340 വരെ 337-ാം നമ്പർ ഭേദഗതിക്കും 346 മുതൽ 348 വരെ 345-ാം നമ്പർ ഭേദഗതിക്കും 350 മുതൽ 352 വരെ 349-ാം നമ്പർ ഭേദഗതിക്കും

354 മുതൽ 356 വരെ 353-ാം നമ്പർ ഭേദഗതിക്കും 359 മുതൽ 361 വരെ 358-ാം നമ്പർ ഭേദഗതിക്കും 366-ാം നമ്പർ ഭേദഗതി 365-ാം നമ്പർ ഭേദഗതിക്കും 368-ാം നമ്പർ ഭേദഗതി 367-ാം നമ്പർ ഭേദഗതിക്കും 371 മുതൽ 373 വരെ 370-ാം നമ്പർ ഭേദഗതിക്കും 375-ാം നമ്പർ ഭേദഗതി 374-ാം നമ്പർ ഭേദഗതിക്കും 377-ാം നമ്പർ ഭേദഗതി 376-ാം നമ്പർ ഭേദഗതിക്കും 380-ാം നമ്പർ ഭേദഗതി 379-ാം നമ്പർ ഭേദഗതിക്കും 385-ാം നമ്പർ ഭേദഗതി 384-ാം നമ്പർ ഭേദഗതിക്കും 387-ാം നമ്പർ ഭേദഗതി 386-ാം നമ്പർ ഭേദഗതിക്കും 391-ാം നമ്പർ ഭേദഗതി 390-ാം നമ്പർ ഭേദഗതിക്കും 396 മുതൽ 400 വരെ 395-ാം നമ്പർ ഭേദഗതിക്കും 402 മുതൽ 404 വരെ 401-ാം നമ്പർ ഭേദഗതിക്കും 406, 407 എന്നീ നമ്പർ ഭേദഗതികൾ 405-ാം നമ്പർ ഭേദഗതിക്കും 409-ാം നമ്പർ ഭേദഗതി 408-ാം നമ്പർ ഭേദഗതിക്കും 414, 415 എന്നീ നമ്പർ ഭേദഗതികൾ 413-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 248, 364 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 270-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

248. ഖണ്ഡം 2(ബി)-ൽ “ എന്നാൽ” എന്നതിന് ശേഷം “ ഈ ആക്റ്റിലെ” എന്ന് ചേർക്കുക.

364. ഖണ്ഡം 2(എം)-ൽ "എന്നാൽ" എന്നതിന് ശേഷം "ഈ ആക്റ്റിലെ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 248, 364 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 270-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 244, 295, 352, 370 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 257-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 281, 344, 378, 381, 382, 389, 418 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 286, 307, 341 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 289-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 290, 390 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

Uncorrected/Not for publication
29-09-2025

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 296-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 297-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 318-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 319, 345 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 326-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 332-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 362-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 365-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 369-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

Uncorrected/Not for publication
29-09-2025

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 376-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 379-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 383-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 393-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 411-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ........................

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മൂന്നാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

421. ഖണ്ഡം 3(1)-ൽ " ഭരണനിർവ്വഹണം" എന്നതിന് ശേഷം " ശേഖരണം, തരംതിരിക്കൽ," എന്ന് ചേർക്കുക.

530. ഖണ്ഡം 3(2)(എസ്)-ൽ " സംഭവിക്കുന്ന" എന്നതിന് പകരം " സംഭവിക്കാൻ ഇടയുള്ള" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

422. ഖണ്ഡം 3(1)-ൽ " പരിപാലനം" എന്നതിന് മുന്നിൽ " പ്രദർശനം," എന്ന് ചേർക്കുക.

455. ഖണ്ഡം 3(2)(ഇ)-ൽ "പൊതുരേഖകളുടെ" എന്നതിന് ശേഷം "ഇലക്ട്രോണിക്കോ അല്ലാത്തതോ ആയ രീതിയിൽ" എന്ന് ചേർക്കുക.

461. ഖണ്ഡം 3(2)(എഫ്)-ൽ "എന്നിവ" എന്നതിന് ശേഷം "രൂപീകരിക്കൽ" എന്ന് ചേർക്കുക.

465. ഖണ്ഡം 3(2)(ജി)-ൽ " ഓഫീസുകളിലേയും" എന്നതിന് പകരം " കാര്യാലയങ്ങളിലേയും" എന്ന് ചേർക്കുക.

477. ഖണ്ഡം 3(2)(എച്ച്)-ൽ " സ്ഥലം" എന്നതിന് പകരം " കണ്ടെത്തി" എന്ന് ചേർക്കുക.

482. ഖണ്ഡം 3(2)(ജെ)-ൽ " പൊതുരേഖകളുടെ" എന്നതിന് മുമ്പിൽ "കാലാകാലങ്ങളിലെ" എന്ന് ചേർക്കുക.

493. ഖണ്ഡം 3(2)(എൽ)-ൽ " സ്വീകരിക്കൽ" എന്നതിന് പകരം "ഏറ്റെടുക്കൽ" എന്ന് ചേർക്കുക.

496. 3(2)(എൻ)-ൽ " സ്വീകരിക്കലും" എന്നതിന് പകരം " ഏറ്റെടുക്കലും" എന്ന് ചേർക്കുക.

509. ഖണ്ഡം 3(2) (ഒ)-ൽ "രേഖകൾ" എന്നതിന് ശേഷം "ശേഖരിക്കുന്നതിനും ഏറ്റെടുക്കുന്നതിനും" എന്ന് ചേർക്കുക.

510. ഖണ്ഡം 3(2) (പി)-ൽ "ഭാഗങ്ങളുടെ പകർപ്പുകളോ" എന്നതിന് ശേഷം "നിർണ്ണയിക്കാവുന്ന രീതിയിൽ" എന്ന് ചേർക്കുക.

529. ഖണ്ഡം 3(2)(എസ്)-ൽ " ഉൾപ്പെടുന്ന" എന്നതിന് ശേഷം " ഏതെങ്കിലും" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

423. ഖണ്ഡം 3(1)-ൽ " മൂല്യനിർണ്ണയം" എന്നതിന് ശേഷം " പ്രസിദ്ധീകരണം," എന്ന് ചേർക്കുക.

457. ഖണ്ഡം 3(2)(എഫ്)-ൽ "സംവിധാനം" എന്നതിന് ശേഷം "ശാസ്ത്രീയമായി" എന്ന് ചേർക്കുക.

511. ഖണ്ഡം 3(2) (പി)-ൽ "നൽകൽ" എന്നതിന് പകരം "ലഭ്യമാക്കൽ" എന്ന് ചേർക്കുക.

531. ഖണ്ഡം 3(2)(എസ്)-ൽ " പൊതുരേഖകളുടെ" എന്നതിന് ശേഷം " ശാസ്ത്രീയമായ" എന്ന് ചേർക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

427. ഖണ്ഡം 3 (2)-ൽ " രേഖകൾ ഉണ്ടാക്കുന്ന ഏജൻസികളുടെ" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

429. ഖണ്ഡം 3 (2)-ൽ " ഉണ്ടാക്കുന്ന ഏജൻസികളുടെ" എന്നതിന് പകരം " കൈവശമുള്ള നികായങ്ങളുടെ" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

430. ഖണ്ഡം 3 (2)-ൽ " ബന്ധപ്പെട്ട്," എന്നതിന് ശേഷം " പ്രത്യേക സർക്കാർ" എന്ന് ചേർക്കുക.

463. ഖണ്ഡം 3(2)(ജി)-ൽ "ഉണ്ടാക്കുന്ന" എന്നതിന് ശേഷം "സർക്കാർ അംഗീകൃത" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എ. കെ. എം. അഷ്റഫ്):

സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

432 ഖണ്ഡം 3 (2)-ൽ " നിബന്ധനകളിന്മേൽ" എന്നതിന് പകരം " വ്യവസ്ഥകളിന്മേൽ" എന്ന് ചേർക്കുക.

501. 3(2)(എൻ)-ൽ " അടിയന്തിരാവസ്ഥകളിൽ" എന്നതിന് പകരം " അടിയന്തരാവസ്ഥകളിൽ" എന്ന് ചേർക്കുക.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

436. ഖണ്ഡം 3(2)-ൽ " ഡയറക്ടറെയോ മറ്റേതെങ്കിലും ഉദ്യോഗസ്ഥനെയോ" എന്നതിന് പകരം " അങ്ങനെയുള്ള ഉദ്യോഗസ്ഥനെ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

438. ഖണ്ഡം 3(2)-ൽ " മറ്റേതെങ്കിലും" എന്നതിന് മുമ്പിൽ " നിർണ്ണയിക്കപ്പെടാവുന്ന യോഗ്യതകളുള്ള" എന്ന് ചേർക്കുക.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

462. ഖണ്ഡം 3(2)(ജി)-ൽ "ഉണ്ടാക്കുന്ന" എന്നതിന് പകരം "കൈവശമുള്ള" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

464. ഖണ്ഡം 3(2)(ജി)-ൽ "ഉണ്ടാക്കുന്ന ഏജൻസിയുടെ" എന്നതിന് പകരം "കൈവശമുള്ള" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

508. ഖണ്ഡം 3(2) (എൻ)-ൽ "അടിയന്തിരാവസ്ഥകളിൽ" എന്നതിന് ശേഷം "മറ്റ് പ്രതിസന്ധി ഘട്ടങ്ങളിലും" എന്ന് ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

526. ഖണ്ഡം 3(2)(ആർ)-ൽ " വിലയ്ക്കോ ഉപഹാരമായോ നിർണ്ണയിക്കപ്പെടാവുന്ന" എന്നതിന് പകരം " ഉപഹാരമായോ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം വിലയ്ക്കോ" എന്ന് ചേർക്കുക.

മി.സ്പീക്കർ: 419, 420 ഭേദഗതികൾ മാർജിനൽ ശീർഷകത്തിലുള്ളതാകയാൽ ക്രമപ്രകാരമല്ല. 424 മുതൽ 426 വരെയുള്ള ഭേദഗതികൾ 423-ാം നമ്പർ ഭേദഗതിക്കും 433 മുതൽ 435 വരെയുള്ള ഭേദഗതികൾ 432-ാം നമ്പർ ഭേദഗതിക്കും 497 മുതൽ 500 വരെയും 502, 503 എന്നീ ഭേദഗതികൾ 501-ാം നമ്പർ ഭേദഗതിക്കും 512 മുതൽ 514 വരെയുള്ള ഭേദഗതികൾ 511-ാം നമ്പർ ഭേദഗതിക്കും 527-ാം നമ്പർ ഭേദഗതി 526-ാം നമ്പർ ഭേദഗതിക്കും 532 മുതൽ 534 വരെയുള്ള ഭേദഗതികൾ 531-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, 466, 476, 501, എന്നീ നമ്പർ ഭേദഗതികളും 510-ാം നമ്പർ ഭേദഗതി ഭേദഗതിയോടെയും ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

466. ഖണ്ഡം 3(2)(ജി)-ൽ " ഓഫീസുകളിലേയും" എന്നതിന് പകരം " ഓഫീസുകളിലെയും" എന്ന് ചേർക്കുക.

476. ഖണ്ഡം 3(2)(എച്ച്)-ൽ " പുരാരേഖകൾ" എന്നതിന് പകരം " പൊതുരേഖകൾ" എന്ന് ചേർക്കുക.

501. 3(2)(എൻ)-ൽ " അടിയന്തിരാവസ്ഥകളിൽ" എന്നതിന് പകരം " അടിയന്തരാവസ്ഥകളിൽ" എന്ന് ചേർക്കുക.

510. ഖണ്ഡം 3(2) (പി)-ൽ "ഭാഗങ്ങളുടെ പകർപ്പുകളോ" എന്നതിന് ശേഷം "നിർണ്ണയിക്കാവുന്ന രീതിയിൽ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 421, 530 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 422, 455, 461, 465, 477, 482, 493, 496, 509, 529 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 423, 457, 511, 531 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 427-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

Uncorrected/Not for publication
29-09-2025

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 429-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 430, 463 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എ. കെ. എം. അഷ്റഫ്) അവതരിപ്പിച്ച 432 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 436-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 438-ാം നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 462 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 464 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 508-ാം നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 526-ാം നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

Uncorrected/Not for publication
29-09-2025

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

536. ഖണ്ഡം 4-ൽ "ശാശ്വതമൂല്യമുള്ള" എന്ന് വരുന്നിടത്തെല്ലാം പകരം "സ്വകാര്യമല്ലാത്തതും ശാശ്വതമൂല്യമുള്ളതുമായ" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

537. ഖണ്ഡം 4-ൽ "മുൻകൂട്ടിയുള്ള" എന്നത് ഒഴിവാക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

542 ഖണ്ഡം 4-ൽ "യാതൊരു" എന്നതിന് പകരം "ഏതൊരു" എന്ന് ചേർക്കുക.

543. ഖണ്ഡം 4-ൽ "അസ്സൽ:" എന്നതിന് ശേഷം " ," എന്ന ചിഹ്നം ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

544. ഖണ്ഡം 4-ൽ "കൊണ്ടുപോകുകയോ" എന്നതിന് ശേഷം "അയച്ചുകൊടുക്കുകയോ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

547. ഖണ്ഡം 4-ന്റെ ക്ലിപ്തനിബന്ധനയിൽ "ആവശ്യത്തിനായി" എന്നതിന് പകരം "ആവശ്യങ്ങൾക്കായി" എന്ന് ചേർക്കുക.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

549. ഖണ്ഡം 4-ന്റെ ക്ലിപ്തനിബന്ധനയിൽ "അയച്ചുകൊടുക്കുന്നതിനോ" എന്നതിന് മുമ്പിൽ "തനിപകർപ്പ്" എന്ന് ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

550. ഖണ്ഡം 4-ന്റെ ക്ലിപ്തനിബന്ധനയിൽ "അയച്ചുകൊടുക്കുന്നതിനോ" എന്നതിന് പകരം "കൊണ്ടുപോകാനിടവരുത്തുന്നതിനോ" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

557. ഖണ്ഡം 4-ന്റെ രണ്ടാം ക്ലിപ്ത നിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:

"എന്നിരുന്നാലും, ഡിജിറ്റൽ രേഖകളുടെയും/ഇലക്ട്രോണിക് രേഖകളുടെയും കൈമാറ്റം, സൈബർ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചും രേഖകളുടെ മൂല്യവും സംരക്ഷണവും ഉറപ്പാക്കിയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നടത്തേണ്ടതാണ്."

മി. സ്പീക്കർ: 538 മുതൽ 540 വരെയുള്ള ഭേദഗതികൾ 537-ാം നമ്പർ ഭേദഗതിക്കും 558-ാം നമ്പർ ഭേദഗതി 557-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കലിന്റെ 543-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

Uncorrected/Not for publication
29-09-2025

543. ഖണ്ഡം 4-ൽ "അസ്സൽ:" എന്നതിന് ശേഷം " ," എന്ന ചിഹ്നം ചേർക്കുക.

ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 536-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 537-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 542-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 544-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 547-ാം നമ്പർ ഭേദഗതി സഭ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 549-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 550-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 557-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

563. ഖണ്ഡം 5(1)-ൽ "ഒരാളെ" എന്നതിന് മുമ്പിൽ "യോഗ്യതയുള്ള" എന്ന് ചേർക്കുക.

569. ഖണ്ഡം 5(1)-ൽ "അധികാരപ്പെടുത്തേണ്ടതാണ്" എന്നതിന് പകരം "നിയമിക്കേണ്ടതാണ്" എന്ന് ചേർക്കുക.

578. ഖണ്ഡം 5(2)-ന് ശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കുക:

" (3) റിക്കാർഡ്സ് ഓഫീസർമാർക്ക് അവരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിറവേറ്റുന്നതിനായി, സംസ്ഥാന സർക്കാർ അംഗീകരിച്ച സ്ഥാപനങ്ങളിലൂടെയോ പരിശീലന കേന്ദ്രങ്ങളിലൂടെയോ കാലാകാലങ്ങളിൽ അനുയോജ്യമായ പരിശീലനം നിർബന്ധമായും നൽകേണ്ടതാണ്."

